# ഉത്തര സ്ത്രീവാദ സിദ്ധാന്തങ്ങൾ

എഡിറ്റർ:
ഡോ. മിനി ആലീസ്
ഡോ. ഷിമി പോൾ ബേബി

**ഡോ. മിനി ആലീസ്**

എഴുത്തുകാരി, അദ്ധ്യാപിക. കോട്ടയം ജില്ലയിലെ പാമ്പാടിയിൽ കെ.എസ്. കുറിയാക്കോസിന്റെയും കെ.ജെ. ഏലിയാമ്മയുടെയും മകൾ. ഔദ്യോഗികവിദ്യാഭ്യാസത്തിനുശേഷം 1996 മുതൽ ആലുവ യു.സി. കോളേജ് മലയാളവിഭാഗത്തിൽ അദ്ധ്യാപിക. വിവിധ ആനുകാലികങ്ങളിലും പുസ്തകങ്ങളിലും ലേഖനങ്ങൾ പ്രസിദ്ധീകരിച്ചുവരുന്നു. *സ്ത്രൈണാത്മീയത വിചാരങ്ങൾ വിശകലനങ്ങൾ*, *സമകാലിക മലയാള കവിത പുതുമയും പഴമയും*, *ഒറ്റ വാക്കിന്റെ മുഴക്കങ്ങൾ* തുടങ്ങി വിവിധ പുസ്തകങ്ങൾ എഡിറ്റ് ചെയ്തിട്ടുണ്ട്.

**ഡോ. ഷിമി പോൾ ബേബി**

എറണാകുളം ജില്ലയിൽ മുളന്തുരുത്തി സ്വദേശി. ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ മലയാളവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ. മഹാത്മാഗാന്ധി സർവ്വകലാശാലയിൽനിന്നും 2017-ൽ പിഎച്ച്.ഡി. നേടി. *സെംഘോർ: കവിയും ചിന്തകനും*, *കോളനിയനന്തരവാദം വീക്ഷണങ്ങളും പ്രയോഗസാധ്യതകളും* (എഡി.) എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച ലേഖനങ്ങൾ പരിചയപ്പെടുവാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

Anil

# ഉത്തരസ്ത്രീവാദ സിദ്ധാന്തങ്ങൾ


എഡിറ്റർ
ഡോ. മിനി ആലീസ്
ഡോ. ഷിമി പോൾ ബേബി


ഡി സി ബുക്സ്

MALAYALAM LANGUAGE
Utharasthreevādasiddhānthangal

ESSAYS
*Editor* Mini Alice, Shimi Paul Baby

Rights Reserved
First Published January 2022

PUBLISHERS
D C Books
Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Utharasthreevadasiddhanthangal.
368 p., 21 cm.
ISBN 978-93-5482-151-6.
Editor: Mini Alice; Shimi Paul Baby.
1. Malayalam essay. I. Mini Alice II. Shimi Paul Baby.
894.812 4—dc 22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5482-151-6

Printed in India
at Manipal Technologies Limited, Manipal.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

1051/21-22-Sl.No. 22523-dcb 7958-300(LE)-17347-01-22 -p st

സ്ത്രീവാദം എന്ന ബഹുവചനം
*പ്രൊഫ. പി. പി. രവീന്ദ്രൻ* ............................................ 27

ജൂഡിത്ത് ബട്‌ലറിന്റെ രാഷ്ട്രീയം
*പ്രൊഫ. എ. കെ. രാമകൃഷ്ണൻ* .................................. 47

പാരിസ്ഥിതികസ്ത്രീവാദം: വർത്തമാനകാല വായന
*ഡോ. എ. മഹമൂദ ബീഗം* ............................................ 54

ഇച്ഛാധികാരവും ആനന്ദവും: സ്ത്രീകർതൃത്വത്തിന്റെ സാധ്യതകൾ
*ഡോ. ജി. ഉഷാകുമാരി* ............................................ 70

ട്രാൻസ്ജെൻഡർ ശരീരം, സ്വത്വം, രാഷ്ട്രീയം
*ഡോ. മുരളീധരൻ ടി.* ............................................ 110

ഫെമിനിസവും ഭാഷാശാസ്ത്രവും
*ഡോ. കെ. എം. അനിൽ, സംഗീത എം. കെ.* .................. 120

സ്ത്രീവാദദൈവശാസ്ത്രം: ചരിത്രവും രീതിശാസ്ത്രവും
*ഡോ. കൊച്ചുറാണി അബ്രാഹം,*
*സി. ഡോ. നോയൽ റോസ്* ............................................ 174

അനുഭവവും അധ്വാനവും: സ്ത്രീവാദങ്ങളുടെ പശ്ചാത്തലത്തിൽ
*ഡോ. സോണിയ ഇ. പ.* ............................................ 196

ദലിത് സ്ത്രീവാദം
*മൃദുല ദേവി എസ്.* ............................................ 211

ഇസ്‌ലാമിക സ്ത്രീവാദം
*ഡോ. ഷംഷാദ് ഹുസൈൻ കെ. ടി.* .................................. 228

ഇസ്‌ലാമിക ഫെമിനിസം : ചരിത്രവും വികാസവും
*ഉമ്മുൽ ഫായിസ* ............................................ 239

# ഫെമിനിസവും ഭാഷാശാസ്ത്രവും

ഡോ. കെ. എം. അനിൽ, സംഗീത എം. കെ.

**സംഗ്രഹം**

ഭാഷാവ്യവഹാരങ്ങൾക്ക് സാമൂഹ്യഘടനയുമായി ബന്ധമുണ്ടെന്ന പരികൽപ്പനയിലാണ് സ്ത്രീവാദഭാഷാശാസ്ത്രം രൂപപ്പെട്ടിട്ടുള്ളത്. സാമൂഹ്യഘടനയിൽ നിലനിൽക്കുന്ന ശ്രേണീകരണവും അധികാരരൂപങ്ങളും ഭാഷയിൽ നിഴലിക്കുന്നുവെന്നു മാത്രമല്ല, അത്തരമൊരു ശ്രേണീകൃത സാമൂഹ്യഘടനയെ രൂപപ്പെടുത്തുന്നതിൽ ഭാഷ പ്രധാന പങ്കുവഹിക്കുന്നുവെന്നും സ്ത്രീവാദഭാഷാശാസ്ത്രം വിശ്വസിക്കുന്നു. സാമൂഹ്യമായ ഈ ശ്രേണീകരണത്തിൽ ഏറെ പ്രധാനപ്പെട്ടതാണ് ലിംഗപദവിയുമായി ബന്ധപ്പെട്ട മേൽക്കീഴ് നിർമ്മിതികൾ. ഭാഷയും സാമൂഹ്യഘടനയും തമ്മിലുള്ള വൈരുദ്ധ്യാത്മകബന്ധത്തിൽ ഊന്നിക്കൊണ്ട് വിവിധ കാലങ്ങളിലുണ്ടായ സിദ്ധാന്തരൂപങ്ങളെ പരിചയപ്പെടുത്തുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്. ലിബറൽ-റാഡിക്കൽ-ഉത്തരാധുനിക ഫെമിനിസ്റ്റ് ഘട്ടങ്ങളിലെല്ലാം ഭാഷയെസ്സംബന്ധിച്ച ചർച്ചകൾ സജീവമായിട്ടുണ്ട്. കാഴ്ചപ്പാടുകളിലും വിശകലനോപാധികളിലും വരുന്ന പരിണാമത്തിനനുസരിച്ച് ഭാഷയെക്കുറിച്ചുള്ള സങ്കൽപ്പങ്ങളും മാറിമാറി വന്നിട്ടുണ്ട്. ഈ പരിണാമത്തെ സാമാന്യമായി വരച്ചുകാട്ടാനാണ് ഈ പ്രബന്ധത്തിൽ ശ്രമിച്ചിരിക്കുന്നത്. ദെബോറ കാമറോണിന്റെ 'ഫെമിനിസം ആന്റ് ലിംഗ്വിസ്റ്റിക് തിയറി' എന്ന പുസ്തകത്തെ ആധാരമാക്കിയാണ് ഈ കുറിപ്പ് തയ്യാറാക്കിയിട്ടുള്ളത്. ഈ വിഷയത്തിൽ മലയാളികളായ വായനക്കാർക്ക് പ്രാഥമികമായ വിവരം ലഭിക്കുന്നതിനെ ലക്ഷ്യമാക്കിയാണിത് തയ്യാറാക്കിയത്.

**ആമുഖം**

പാശ്ചാത്യ നാഗരികതയുടെ ബൗദ്ധികചരിത്രത്തിലുടനീളം ഭാഷയുടെ രാഷ്ട്രീയത്തെക്കുറിച്ചുള്ള ചർച്ച കാണാം. സാമൂഹ്യബന്ധങ്ങളെ അധികാരമുപയോഗിച്ച് നിയന്ത്രിക്കാൻ മനുഷ്യർ ഭാഷയാണുപയോഗിച്ചിട്ടുള്ളതെന്ന് ചരിത്രം വെളിവാക്കുന്നു. ഭാഷ നേരിട്ട് അധികാരത്തിന്റെ രൂപമായി വരാറുണ്ട്. അതേസമയം



ആലങ്കാരികമായ ഭാഷാപ്രയോഗത്തിലൂടെ അത് ചൂഷണത്തെ മൂടിവെക്കാൻ ശ്രമിക്കുകയും ചെയ്യും. ഇത്തരം കാര്യങ്ങളെല്ലാം വളരെ മുമ്പുതന്നെ പാശ്ചാത്യ ദാർശനികരുടെ ശ്രദ്ധയിൽ വന്നിട്ടുള്ളതാണ്. ഭാഷ ഒരായുധമാണെന്ന ആശയത്തിന് ഇന്ന് കുറേക്കൂടി സ്വീകാര്യത കൈവന്നിട്ടുണ്ട്. അധികാരത്തിനു കീഴ്പ്പെട്ടുപോകുന്നവരുടെ ഭാഷയെ അതിജീവനത്തിന്റെയോ പ്രതിരോധത്തിന്റെയോ ഉപകരണമാക്കി മാറ്റാൻ കഴിയുന്നില്ല എന്ന വസ്തുത പ്രധാനമാണ്.

ഭാഷാപരമായ കാര്യങ്ങളിൽ പലതരത്തിൽ ഫെമിനിസ്റ്റുകൾ ഇടപെട്ടിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിൽത്തന്നെ അമേരിക്കയിൽ പൊതുവേദിയിൽ സംസാരിക്കാൻ സ്ത്രീകൾക്ക് അവകാശം വേണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്.[1] വ്യാകരണതലത്തിൽ പ്രവർത്തിക്കുന്ന ലിംഗപദവി സംബന്ധിയായ സൂചകങ്ങളെ വിമർശിച്ച ഫെമിനിസ്റ്റുകളെ ഒരു നൂറ്റാണ്ടുമുമ്പുതന്നെ കാണാൻ സാധിക്കും.[2] വിർജീനിയ വുൾഫ്, ഡൊറോത്തി റിച്ചാർഡ്സ് തുടങ്ങിയ എഴുത്തുകാരികൾ തങ്ങളുടെ അനുഭവം പങ്കുവെക്കാൻ അനുയോജ്യമായ ഭാഷ ഏത് എന്ന അന്വേഷണം നടത്തിയിരുന്നു. ഫെമിനിസ്റ്റുകൾ ഭാഷയെ ആർഭാടവസ്തുവായല്ല മറിച്ച് തങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന വിമോചനസമരങ്ങളുടെ അവിഭാജ്യഘടകമായിട്ടാണ് വളരെക്കാലം മുമ്പുതന്നെ കണ്ടിരുന്നത്. ഭാഷാശാസ്ത്രവും ഫെമിനിസവും തമ്മിൽ ബന്ധമൊന്നുമില്ലെന്ന് പറയുന്ന പണ്ഡിതരും ധാരാളമുണ്ട്.

ഫെമിനിസവും ഭാഷാശാസ്ത്രവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ചർച്ചയിൽ രണ്ട് സമീപനമാണ് ഉയർന്നുവരാറുള്ളത്. അതിലൊന്ന് ഫെമിനിസ്റ്റ് വിരുദ്ധരുടേതാണ്. ഫെമിനിസത്തെ ഒരു രാഷ്ട്രീയനിലപാടായി കാണുന്നതിനുപകരം വ്യക്തിതലത്തിലുള്ള ഉന്മാദാവസ്ഥയായാണ് ചിലർ കാണുന്നത്. മറ്റ് ചിന്താപദ്ധതികളിൽ ഇത്തരമൊരു സമീപനമില്ല. ഉദാഹരണമായി 'മാർക്സിസം ആന്റ് ലിംഗ്വിസ്റ്റിക്സ് തിയറി' എന്ന പുസ്തകത്തോട് മാർക്സി

---

1 1848ലെ 'സെനിക്കാ ഫാൾസ് കൺവെൻഷൻ' അമേരിക്കൻ സ്ത്രീവാദചിന്തയിൽ ഒരു നാഴികക്കല്ലാണ്. ആ സമ്മേളനത്തിലാണ് ഇവിടെ സൂചിപ്പിച്ച ആശയവും പ്രമേയമായി ഉന്നയിക്കപ്പെട്ടത്.

2 സ്ത്രീകളുടെ അവകാശങ്ങളെ പിന്തുണച്ച ജോൺ സ്റ്റുവർട്ട് മിൽ (1806-
1873) എന്ന ബ്രിട്ടീഷ് ദാർശനികനാണ് സർവ്വനാമങ്ങളെക്കുറിച്ചുള്ള ഈ
നിരീക്ഷണം നടത്തിയത്. സ്റ്റുവർട്ട് മില്ലും അദ്ദേഹത്തിന്റെ പത്നി ഹാരി
യറ്റ് ടെയ്‌ലർ മില്ലും ചേർന്ന് 'The Subjection of Women' എന്ന പേരിൽ
ഒരു പുസ്തകമെഴുതിയിട്ടുണ്ട്. ഈ പുസ്തകത്തിന്റെ പ്രസാധനത്തിന് മുമ്പ്
ഹാരിയറ്റ് ടെയ്‌ലർ അന്തരിച്ചു. തങ്ങൾ ജീവിച്ചിരുന്ന കാലത്ത് യൂറോപ്യൻ
സമൂഹത്തിൽ നിലനിന്നിരുന്ന ലിംഗബന്ധങ്ങളെ നിശിതമായി വിമർശി
ക്കുന്ന കൃതിയാണിത്.

സ്റ്റുകൾ അല്ലാത്തവർ നിഷേധാത്മകസമീപനം പുലർത്തണമെന്നില്ല. വിമർശനമുണ്ടാവാമെങ്കിലും അത്തരമൊരു പുസ്തകത്തിന്റെ സാധ്യതയെ അവർ തള്ളിക്കളയില്ല. എന്നാൽ ഫെമിനിസത്തെ വ്യക്തിജീവിതത്തിൽ പുലർത്തുന്ന നിഷ്ഠയായാണ് ആളുകൾ മനസ്സിലാക്കുന്നത്. വിവാഹം, വസ്ത്രധാരണം തുടങ്ങി വ്യക്തിജീവിതത്തിൽ പുലർത്തുന്ന നിലപാടോ ഇഷ്ടാനിഷ്ടങ്ങളോ ആണ് ഫെമിനിസം എന്ന് കരുതുന്നവർ നിരവധിയാണ്. അവർ അതിന്റെ രാഷ്ട്രീയം കാണുന്നില്ലെന്നർഥം. ഫെമിനിസ്റ്റ് വിരുദ്ധരല്ലാഞ്ഞിട്ടുപോലും ഫെമിനിസവും ഭാഷാശാസ്ത്രവും തമ്മിലുള്ള ബന്ധം മനസ്സിലാക്കാൻ പ്രയാസമുള്ളവരാണ് രണ്ടാമത്തെ കൂട്ടർ. പരസ്പരവിരുദ്ധമായ രണ്ട് വിഷയങ്ങളെ ചേർത്തുവെക്കുന്നതിന്റെ അസ്വസ്ഥത ഇതിനകത്തുണ്ട്. ഫെമിനിസവും ഭാഷാശാസ്ത്രവും തമ്മിലുള്ള ബന്ധമെന്താണെന്നും അതിന്റെ സാംഗത്യമെന്താണെന്നും സംശയിക്കുന്ന ഫെമിനിസ്റ്റുകൾ പോലും ഉണ്ടാകാം. ഈ പ്രശ്നത്തെയാണ് ഇവിടെ അഭിസംബോധന ചെയ്യാൻ ശ്രമിക്കുന്നത്.

## ഫെമിനിസം

ഫെമിനിസം എന്താണെന്നതിനെ സംബന്ധിച്ച് പല കാഴ്ചപ്പാടുകൾ നിലനിൽക്കുന്നുണ്ടെങ്കിലും അവ സാമാന്യമായി പങ്കുവെയ്ക്കുന്ന ചില ധാരണകളുണ്ട്. പൂർണമനുഷ്യനിലേക്കുള്ള വളർച്ച പലപ്പോഴും സ്ത്രീയുടെ കാര്യത്തിൽ നിഷേധിക്കപ്പെടുന്നു. ആ അർഥത്തിൽ, പൂർണമനുഷ്യത്വത്തിലേക്ക് സ്ത്രീകൾ നടത്തുന്ന രാഷ്ട്രീയമാനങ്ങളുള്ള മുന്നേറ്റത്തെയാണ് ഫെമിനിസം എന്നു വിളിക്കുന്നത്. സമത്വം, അവകാശം എന്നീ വാക്കുകൾ ഉപയോഗിക്കുന്നതിൽ അർഥമില്ല. സമമാകുന്ന അവസ്ഥയെക്കുറിച്ചുള്ള മാനദണ്ഡം പലപ്പോഴും പുരുഷന്മാരാൽ നിർവചിക്കപ്പെടുന്നതാണ്. മനുഷ്യരുടെ മൂല്യത്തെ നിർണയിക്കുന്നത് എല്ലായ്പോഴും അവരിലെ ഒരു വിഭാഗമാണെന്ന സ്ഥിതിയുണ്ടാവരുതെന്നാവശ്യപ്പെടുന്ന, മൗലികമായ മാറ്റങ്ങളാവശ്യപ്പെടുന്ന ഒരു രാഷ്ട്രീയ മുന്നേറ്റമാണ് ഫെമിനിസം. തുല്യതയ്ക്കുവേണ്ടി സമരത്തിലേർപ്പെടുന്ന ലിബറൽ ഫെമിനിസ്റ്റുകൾക്കുപോലും പുരുഷന്മാർ മുന്നോട്ടുവെച്ച മാനദണ്ഡം സ്വീകരിക്കണോ എന്ന ആശയക്കുഴപ്പം ഉണ്ടാവാറുണ്ട്. ഭാവിയെക്കുറിച്ച് വിഭാവനം ചെയ്യുന്നതിനുമുമ്പ് വർത്തമാനകാല അവസ്ഥയിൽ സ്ത്രീകളനുഭവിക്കുന്ന കീഴാളമായ പദവികളിൽ നിലനിൽക്കുന്ന അടിച്ചമർത്തലുകളിൽനിന്ന് അവർക്ക് വിമോചനം ആവശ്യമാണ്. ഉദാ: ആപേക്ഷികദാരിദ്ര്യം, മോശപ്പെട്ട





ആരോഗ്യനില, കഠിനാധ്വാനം, നിയമപരമായ അവകാശങ്ങളില്ലായ്മ ഇവയെല്ലാം സ്ത്രീകളെ സംബന്ധിച്ച് പലതരം അടിച്ചമർത്തൽ രൂപങ്ങളാണ്. ഇവയിൽ നിന്നുള്ള വിമോചനം സ്ത്രീകളുടെ മാത്രം വിമോചനമല്ല, മനുഷ്യവിമോചനത്തെത്തന്നെ സ്വാധീനിക്കുന്ന ഒന്നായിമാറും. സ്ത്രീകളുടെ ജീവിതാവസ്ഥയെ വിവരിക്കുന്ന രീതിയാണ് ആദ്യകാലത്ത് ഫെമിനിസ്റ്റുകൾ സ്വീകരിച്ചിരുന്നത്. സ്ത്രീജീവിതത്തെ മുന്നോട്ടുകൊണ്ടുവരികയെന്ന ദൗത്യവും അവ നിറവേറ്റുന്നു. ജീവിതാവസ്ഥകളെ സിദ്ധാന്തവത്കരിക്കുകയാണ് മറ്റൊരു രീതി. സ്ത്രീപുരുഷവ്യത്യാസം നിർമ്മിതമാണെന്ന് അവർ കരുതുന്നു. ആ വ്യത്യാസം നിർമ്മിക്കപ്പെട്ടത് എങ്ങിനെയാണെന്നതിനെക്കുറിച്ചാണ് പ്രധാനമായി അവർ ചിന്തിക്കുന്നത്. ആദ്യകാല ഫെമിനിസ്റ്റുകൾ സ്ത്രീകൾ പുരുഷന്മാരുടെ അടിമയായിരിക്കുന്നതെങ്ങനെയെന്ന ചോദ്യം ഉന്നയിച്ചു. ഫെമിനിസ്റ്റ് സിദ്ധാന്തം പിന്നീട് പല നിലയ്ക്കും മുന്നേറാൻ തുടങ്ങി. ലിംഗപദവിപരമായി തൊഴിലുകൾ വിഭജിക്കപ്പെട്ടതിനെക്കുറിച്ച് പഠനങ്ങൾ വന്നു. പുരുഷന്മാരുടെ തൊഴിലുകൾ സാമൂഹ്യമായ മൂല്യമുള്ളവയായി പരിഗണിക്കപ്പെടുകയും സ്ത്രീകളെ സാമൂഹ്യമായ മൂല്യങ്ങളുള്ളവരായി പരിഗണിക്കാതിരുന്ന സ്ഥിതിയുമുണ്ടായിരുന്നു. ഗൃഹഭരണം, ഗാർഹികജോലികൾ, മാതൃത്വം എന്നിവയെ മുൻനിർത്തിയുള്ള പഠനങ്ങളും ഫെമിനിസത്തിൽ ഉണ്ടായി. മറ്റൊരു വിഭാഗം ഫെമിനിസ്റ്റുകൾ പ്രധാനമായും പഠിച്ചത് സ്ത്രീയുടെ ലൈംഗികത അടിച്ചമർത്തപ്പെടുന്നതെങ്ങനെയാണ് എന്നാണ്. സ്ത്രീത്വവും ആണത്തവും സംസ്കാരത്തിനകത്ത് പ്രതിനിധാനം ചെയ്യപ്പെടുന്നതെങ്ങനെയെന്നും പഠിക്കപ്പെട്ടു. ഇത്തരത്തിൽ ക്രമമായി വികസിച്ചുവന്ന പദ്ധതിയാണ് ഫെമിനിസം. ഭാഷയും ഫെമിനിസവും തമ്മിലുള്ള ബന്ധം ഇതിൽ തീർച്ചയായും പരിഗണിക്കേണ്ട വിഷയമാണ്. എന്തുകൊണ്ടാണ് സ്ത്രീവാദികളെ സംബന്ധിച്ച് ഭാഷ പ്രധാനമാകുന്നത് എന്നതിനെക്കുറിച്ചാണ് ഇനി പറയാനുള്ളത്.

## ഫെമിനിസം, ഭാഷ, ഭാഷാശാസ്ത്രസിദ്ധാന്തം: പ്രതിനിധാനത്തിന്റെ വിമർശം എന്ന നിലയിൽ

സ്ത്രീപ്രതിനിധാനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്ന പല പദ്ധതികളും രണ്ടാംതരംഗ ഫെമിനിസ്റ്റ് സിദ്ധാന്തങ്ങളുടെ കാലത്തോടുകൂടി രൂപപ്പെട്ടുവന്നു. സൗന്ദര്യമത്സരങ്ങൾക്കെതിരെ നടന്ന സമരങ്ങൾ, കെയ്റ്റ് മില്ലറ്റിന്റെ 'സെക്ഷ്വൽ പൊളിറ്റിക്സ്' എന്ന പുസ്തകം എന്നിങ്ങനെ പല സംഭവങ്ങളും ഈ കാലഘട്ടത്തിൽ ഉണ്ടാവുന്നുണ്ട്. സാംസ്കാരിക ഉത്പന്നങ്ങളിൽ സ്ത്രീ

പ്രതിനിധാനം ചെയ്യപ്പെടുന്ന രീതിയെക്കുറിച്ചുള്ള വിമർശനമാണ് ഇവയിലെല്ലാം പ്രതിപാദിക്കുന്നത്. അന്നുമുതൽ ഇന്നുവരെ ഫെമിനിസം ഇക്കാര്യത്തിൽ വളരെ ശക്തമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. സാഹിത്യ-സാംസ്കാരിക മണ്ഡലങ്ങളിലെല്ലാം സ്ത്രീകൾ അവതരിപ്പിക്കപ്പെടുന്ന വിധത്തെ വിമർശനാത്മകമായി സമീപിക്കുകയാണ് ഈ ഘട്ടത്തിൽ ചെയ്തത്. ഭാഷ പ്രതിനിധാനത്തിന്റെ മാധ്യമമായതിനാൽ 'സെക്സിസ'ത്തിന്റെ പലതരം യാഥാസ്ഥിതികമായ പ്രയോഗങ്ങൾ ഭാഷയിലുണ്ട്. സ്ത്രീകളെ അപമാനിക്കുന്ന നിരവധി പ്രയോഗങ്ങൾ എല്ലാ ഭാഷകളിലുമുണ്ട്. മനുഷ്യനുമായി ബന്ധപ്പെട്ട എല്ലാറ്റിനേയും സൂചിപ്പിക്കാൻ 'അവൻ' എന്ന സർവ്വനാമമുപയോഗിക്കുന്നതും സാധാരണമാണ്. മാനവികതയുടെ മാനദണ്ഡമായി പുരുഷനെക്കാണുന്ന സമീപനത്തെ ഫെമിനിസ്റ്റുകൾ തിരിച്ചറിയുകയും വെല്ലുവിളിക്കുകയും ചെയ്യുന്നു. അക്കാലത്ത് ഇതല്ലാത്ത ഒരു ഭാഷ ഉപയോഗിക്കണമെന്ന അവബോധം ശക്തിപ്പെടുകയും ചില പ്രസിദ്ധീകരണങ്ങളിൽ ഈ വിഷയം അച്ചടിച്ചുവരികയും ചെയ്തിരുന്നു. ഭാഷ എങ്ങിനെയാണ് ഒരു അനുശീലനത്തിന്റെ ഭാഗമായി മാറുന്നതെന്നാണ് ആദ്യകാല ഫെമിനിസ്റ്റുകൾ പ്രധാനമായും പഠിക്കാൻ ശ്രമിച്ചിട്ടുള്ളത്. വാർപ്പുമാതൃകകളും വക്രീകരണങ്ങളുമായി ഉപേക്ഷിക്കാനാവാത്തവിധം അത് ഭാഷയോടൊപ്പം പരിശീലിപ്പിക്കപ്പെടും. ഭാഷ അധികാരത്തിലിരിക്കുന്നവരുടെ കയ്യിലുള്ള ഒരുപകരണമാണെന്നും സത്യത്തെ വളച്ചൊടിക്കാനും മൂടിവെക്കാനുമാണ് അത് ശ്രമിക്കുന്നത് എന്നുമുള്ള ആശയം പാശ്ചാത്യതത്വചിന്തയിൽ ഫെമിനിസത്തിനുമുമ്പുതന്നെ ഉണ്ടായിരുന്നു. ആ പാരമ്പര്യത്തിൽനിന്നാണ് ഫെമിനിസ്റ്റുകൾ ഇതിനുള്ള ആകരങ്ങൾ കണ്ടെത്തിയത്. യുദ്ധപൂർവ്വഘട്ടത്തിലെ നരവംശശാസ്ത്രത്തിൽനിന്നും ഒരു വ്യക്തിയുടെ ലോകവീക്ഷണത്തെ നിർണയിക്കുന്നതിൽ ഭാഷയ്ക്ക് പങ്കുണ്ടെന്നുപറയുന്ന തരത്തിലുള്ള പല ആശയങ്ങളും ഫെമിനിസ്റ്റുകൾ സ്വീകരിക്കുന്നുണ്ട്. വക്രീകരണങ്ങളായി നിലനിൽക്കുന്ന ആശയങ്ങൾ അനുശീലനത്തിന്റെ ഭാഗമാവുകയും സ്വാഭാവികമെന്നവണ്ണം സ്വീകരിക്കപ്പെടുകയും ചെയ്യുന്നതെങ്ങിനെയെന്നും പഠിക്കപ്പെട്ടു.

### വ്യക്തിപരമായത് രാഷ്ട്രീയമാണ് : ഭാഷയുടെ ഫെമിനിസ്റ്റ് പ്രയോഗം

1960കളിലും 70കളിലും ഭാഷ എങ്ങിനെയാണ് 'സെക്സിസ്റ്റ്' പ്രതിനിധാനം നിർവ്വഹിക്കുന്നത് എന്നതിനെപ്പറ്റിയുള്ള ആലോചനകൾ





നടക്കുകയുണ്ടായി. ഭാഷയായിരുന്നു അന്നത്തെ സ്ത്രീവാദപരമായ പ്രയോഗങ്ങളുടെ കേന്ദ്രം. അന്ന് ഫെമിനിസ്റ്റുകൾ ഏറ്റെടുത്ത പ്രധാന രാഷ്ട്രീയപ്രവർത്തനം **'ബോധത്തെ ഉയർത്തുക'** (Conciousness Raising) എന്ന പ്രവർത്തനമാണ്. അവർ സ്ത്രീകളെ സ്വന്തം അനുഭവങ്ങൾ ആഖ്യാനം ചെയ്യാൻ പ്രേരിപ്പിച്ചു. അവർ അവരുടെ അനുഭവങ്ങൾ ആഖ്യാനം ചെയ്തപ്പോൾ പലതിനും സമാനതകളുണ്ടെന്നും വ്യക്തിപരമാണെന്ന് കരുതുന്നതിന് പൊതുസവിശേഷതകളുണ്ടെന്നും മനസ്സിലാക്കാനായി. ഇത്തരമൊരു രാഷ്ട്രീയപ്രവർത്തനത്തിന്റെ ഭാഗമായാണ് 'വ്യക്തിപരമായത് രാഷ്ട്രീയമാണ്' എന്ന ആശയം ഉണ്ടായിവന്നത്. അനുഭവങ്ങളെ ഇത്തരത്തിൽ ആശയങ്ങളിലേക്ക് സന്നിവേശിപ്പിക്കുന്നതോടെ അതിൽ വിമോചനത്തിന്റെ ഘടകം കടന്നുവരുന്നു. അതുവരെയും അപ്രധാനമെന്നും അവ്യക്തമെന്നും അപമാനകരമെന്നും കരുതിയിരുന്ന അനുഭവങ്ങളിലേക്ക് സ്ത്രീകൾക്ക് കടന്നുചെല്ലാനും കഴിഞ്ഞു. ഇതിനെ നാമകരണം (Naming) എന്നാണ് ഫെമിനിസ്റ്റുകൾ വിളിക്കുന്നത്. നാമകരണം എന്നത് പേരിടുക എന്നതുമാത്രമല്ല, വിവരിക്കലുമാവാം. ബെറ്റി ഫ്രൈഡൻ പറയുന്ന 'പേരില്ലാത്ത ഒരു പ്രശ്നം' ('The problem that has no name') എന്നത് ഇതാണ്.[1] ഒറ്റവാക്കുകൊണ്ട് അതിനെ നാമകരണം ചെയ്യാനായെന്നുവരില്ല. നഗരപ്രാന്തങ്ങളിലെ വീട്ടമ്മമാരുടെ അനുഭവം വിവരിച്ചുകൊണ്ടാണ് ബെറ്റി ഫ്രൈഡൻ ഇതവതരിപ്പിക്കുന്നത്. അനുഭവങ്ങൾ പങ്കുവെക്കുന്നതോടെയാണ് പേര് കൈവരുന്നത്. ഈ പങ്കുവെക്കലിലൂടെയാണ് സ്ത്രീകൾക്കിടയിലുള്ള അകലം പരിഹരിക്കപ്പെടുന്നത്. നിശ്ശബ്ദത ദമനത്തിന്റെ പ്രതീകമാണ്. സംസാരിക്കാൻ തുടങ്ങുന്നതോടെ വിമോചനം ആരംഭിക്കുന്നു. തൊണ്ണൂറുക

1 ബെറ്റി ഫ്രൈഡന്റെ 'ഫെമിനൈൻ മിസ്റ്റിക്' അമേരിക്കയിൽ രണ്ടാംതരംഗ ഫെമിനിസത്തിന്റെ തുടക്കം കുറിച്ച കൃതികളിലൊന്നാണ്. 1963-ലാണ് ഇത് പ്രസിദ്ധീകരിക്കപ്പെട്ടത്. സ്മിത്ത് കോളേജിൽ തന്റെ സഹപാഠികളുമൊത്ത് 1957-ൽ പതിനഞ്ചാം പൂർവവിദ്യാർഥിസംഗമം നടക്കുന്ന വേളയിൽ ഫ്രീഡാൻ ഒരു സർവ്വേ നടത്തുകയും അവരിൽ പലരും അസന്തുഷ്ടകളായ വീട്ടമ്മമാരാണെന്ന് കാണുകയും ചെയ്തു. ഇതിൽനിന്നും പ്രേരണയുൾക്കൊണ്ടാണ് അഭിമുഖങ്ങൾ, മനശ്ശാസ്ത്രവിശകലനങ്ങൾ എന്നിവയെയെല്ലാം ആസ്പദമാക്കി ഫ്രീഡാൻ ഗവേഷണം നടത്തിയതും ഫെമിനൈൻ മിസ്റ്റിക് എഴുതിയതും. അമേരിക്കൻ സ്ത്രീയുടെ ജീവിതം സമ്പൂർണമാകുന്നത് വീട്ടമ്മയെന്ന നിലയിലാണ് എന്ന, 1949-നുശേഷം പ്രബലമായ പ്രചാരം നേടിയ ധാരണയെ വെല്ലുവിളിക്കുന്നതാണ് ഈ പുസ്തകം. സ്ത്രീകളുടെ ഈ അസന്തുഷ്ടിയെ 'പേരില്ലാത്ത പ്രശ്നം' (ദി പ്രോബ്ലം ദാറ്റ് ഹാസ് നോ നെയിം) എന്നാണ് ഫ്രീഡാൻ ഇതിൽ വിളിക്കുന്നത്. കുടുംബിനികളുടെ പ്രശ്നത്തെ ചർച്ചയ്ക്കെടുക്കുക മാത്രമല്ല അതിന് വഴിവെച്ച [illegible] ഫ്രീഡാൻ [illegible] കകളെയും വിദ്യാഭ്യാസസമ്പ്രദായത്തെയും മാധ്യമങ്ങളെയുമെല്ലാം ചോദ്യം ചെയ്യുന്നുണ്ട്.

ളോടെ ഫെമിനിസം പരിചിതമായ വിഷയമായിത്തുടങ്ങി. മനുഷ്യരുടെ പല വ്യവഹാരങ്ങളേയും സ്ത്രീവാദപരമായ കാഴ്ചപ്പാടുകളോടെ വിലയിരുത്തുന്ന സമീപനം പൊതുവിൽ അംഗീകാരം നേടി. സ്ത്രീവാദപരമായ കാഴ്ചപ്പാട് അവതരിപ്പിക്കാൻ ആവശ്യമായ ഒരു ഭാഷ അന്നുണ്ടായിരുന്നില്ല. അത്തരമൊരു ഭാഷ സൃഷ്ടിക്കാൻ ശ്രമിക്കുമ്പോൾ നിരവധി അതൃപ്തികളും കടന്നുവന്നു. പറയാനാരംഭിച്ചതോടെ അവ അപൂർണമാണെന്നും അതവതരിപ്പിക്കാനാവശ്യമായ ഭാഷ കൈവശമില്ലെന്നും അവർ തിരിച്ചറിഞ്ഞു. ഇത് വാസ്തവത്തിൽ സ്ത്രീകളും ഭാഷയും തമ്മിൽ നിലനിൽക്കുന്ന അന്യവൽക്കരണത്തിന്റെ സൂചനയാണ്. വാക്കുകൾ തങ്ങളുടേതല്ലെന്ന് തോന്നുകയും തങ്ങളിൽനിന്ന് കവർന്നെടുക്കപ്പെട്ടതും തങ്ങൾക്കെതിരെ പ്രയോഗിക്കപ്പെട്ടതുമാണെന്ന് തിരിച്ചറിയുകയും ചെയ്യുന്നു എന്നതാണ് ഈ അന്യവൽക്കരണത്തിന്റെ സവിശേഷത. സ്ത്രീവാദപരമായ ഭാഷാ ദർശനത്തിനും ലൈംഗികതയോടുള്ള സ്ത്രീവാദപരമായ കാഴ്ചപ്പാടിനും പല സമാനതകളുമുണ്ട്.

## സമീപനങ്ങൾ

**പ്രധാനമായും ഭാഷാശാസ്ത്രത്തിൽ മൂന്ന് സമീപനങ്ങളാണുള്ളത്.**

1) ഘടനാവാദസമീപനം (Structuralist Tradition)
സൊസ്യൂറിൽ നിന്നാരംഭിക്കുന്നതാണിത്. ചിഹ്നവിജ്ഞാനീയവും ലകാന്റെ ആശയങ്ങളും ഇതിലാണ് വരുന്നത്.
2) നാഢീവിജ്ഞാനപരമായ ഭാഷാശാസ്ത്രം (Cognitive Tradition)
ചോംസ്കിയൻ സിദ്ധാന്തം ഇതിന്റെ ഭാഗമായി വരുന്നതാണ്.
3) സാമൂഹ്യ-സാംസ്കാരിക സമീപനം (Socio-Cultural Tradition)
സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം എന്നിവയൊക്കെയാണ് ഈ സമീപനത്തിൽ വരുന്നത്.

മേൽപ്പറഞ്ഞ മൂന്ന് സമീപനങ്ങൾ പരസ്പരം പൊരുത്തപ്പെടുന്നതല്ല. അതായത് ഘടനാവാദികളായ ഭാഷാശാസ്ത്രജ്ഞർ ഭാഷയുടെ നാഢീവിജ്ഞാനപരമായ വശത്തെ പരിഗണിക്കാറില്ല. പക്ഷേ തങ്ങളുടെ സമീപനം പൂർണമാണെന്നവർ വിശ്വസിക്കുന്നില്ല. ഒരു സമീപനം മറ്റൊന്നിനെ പൂർണമായി പുറംതള്ളുന്നില്ല. ഇവയോരോന്നും ഊന്നലുകളിലാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്. ലകാൻ ഭാഷയെ മനസ്സുമായി ബന്ധിപ്പിക്കുന്നുണ്ട്. പക്ഷേ ഭാഷ അന്തർജ്ഞാനപരമാണെന്ന് ലകാൻ കരുതുന്നില്ല. ചോംസ്കി





യുടെ പല ധാരണകളെയും[1] അദ്ദേഹം നിരാകരിക്കുകയും സാമൂഹ്യഭാഷാശാസ്ത്രത്തിലെ പലതും സ്വീകരിക്കുകയും ചെയ്യുന്നു. ഇവയിൽനിന്നെല്ലാം വ്യത്യസ്തമായ പദ്ധതിയാണ് ചിഹ്നവിജ്ഞാനീയം. മുഖ്യധാരാ ഭാഷാശാസ്ത്രത്തിന്റെ ശാസ്ത്രീയ പദ്ധതികളെയൊന്നുംതന്നെ ചിഹ്നവിജ്ഞാനീയം പരിഗണിക്കുന്നില്ല. അനുഭവൈകവാദം (എമ്പിരിസിസം), പ്രത്യക്ഷവാദം (പോസിറ്റിവിസം) എന്നിങ്ങനെയുള്ള സമീപനങ്ങളെല്ലാം ചിഹ്നവിജ്ഞാനീയം കയ്യൊഴിഞ്ഞിരിക്കുന്നു. പകരം കുറേക്കൂടി വ്യാഖ്യാനാത്മകമായി കാര്യങ്ങളെ മനസ്സിലാക്കാനുള്ള ശ്രമമാണ് ചിഹ്നവിജ്ഞാനീയം. മുഖ്യധാരാഭാഷാശാസ്ത്രത്തിന്റെ സമീപനങ്ങളോട് വിമർശനാത്മകമായ സമീപനം പുലർത്തുന്ന ചിഹ്നവിജ്ഞാനീയത്തിന് ഉത്തരാധുനികമായ ജ്ഞാനപദ്ധതിയുമായാണ് ബന്ധം. ഭാഷാശാസ്ത്രത്തിനകത്തെ വൈരുദ്ധ്യങ്ങൾ ഫെമിനിസ്റ്റ് ഭാഷാശാസ്ത്രത്തിൽ ഇടപെടുന്നുണ്ട്. ചില ഫെമിനിസ്റ്റുകൾ ശാസ്ത്രീയപദ്ധതിയിൽ വിശ്വസിക്കുന്നവരാണ്. മറ്റു ജ്ഞാനപദ്ധതികളുടെ പരിപ്രേക്ഷ്യത്തിൽനിന്ന് ഭാഷാശാസ്ത്രത്തെ നോക്കിക്കാണുന്നവരുമുണ്ട്. ശാസ്ത്രീയമായ പദ്ധതി പലപ്പോഴും യാഥാർത്ഥ്യത്തെ നിഗൂഢവൽക്കരിക്കുന്നുവെന്ന വിമർശനമാണ് അവർ ഉന്നയിക്കുന്നത്. ഇത്തരത്തിൽ ശാസ്ത്രീയപദ്ധതിയെ അനുകൂലിക്കുന്നവരും നിരാകരിക്കുന്നവരും ഫെമിനിസ്റ്റുകൾക്കിടയിലുണ്ട്.

---

1 ഭാഷയെക്കുറിച്ച് അതിശക്തമായ ചില നിലപാടുകൾ സ്വീകരിച്ച വൈഷണികനാണ് നോം ചോസ്കി. അതിലേറ്റവും പ്രധാനം ഭാഷ നിയമബദ്ധമാണ് എന്ന കാഴ്ചപ്പാടാണ്. ഭാഷയെക്കുറിച്ച് പഠിക്കാൻ ശ്രമിക്കുന്നവർ, വാക്കുകളെയും വാക്യങ്ങളെയും ഉത്പാദിപ്പിക്കാൻ സഹായിക്കുന്ന നിയമങ്ങൾ അപഗ്രഥിക്കാനാണ് ശ്രമിക്കേണ്ടതെന്ന് ചോംസ്കി പറയുന്നു. എല്ലാ ഭാഷകളിലും അനന്തം വാക്യങ്ങളുണ്ടെങ്കിലും അവ സൃഷ്ടിക്കപ്പെടുന്നത് നിയതമായ ചില നിയമപദ്ധതികൾക്കകത്തുവെച്ചാണ്. ആയതിനാൽ കുട്ടി വാക്കുകൾ/ വാക്യങ്ങൾ കേട്ട് പഠിച്ച് ആവർത്തിക്കുകയല്ല ചെയ്യുന്നത്. പകരം ഭാഷാർജ്ജനത്തിനുള്ള - ഭാഷയുടെ പ്രജനനതത്വങ്ങൾ അപഗ്രഥിക്കുന്നതിനുള്ള–ആന്തരികമായ ശേഷി കുട്ടിക്കുണ്ടെന്ന് ചോംസ്കി വിശ്വസിക്കുന്നു. ഈ അർത്ഥത്തിൽ ലോകത്തിലെ എല്ലാ ഭാഷകൾക്കും അടിപ്പടവായി പ്രവർത്തിക്കുന്ന ഒരു 'സാർവ്വലൗകിക വ്യാകരണം' ഉണ്ടായിരിക്കണമെന്നും അദ്ദേഹം അനുമാനിക്കുന്നു. ഭാഷാർജ്ജനത്തിനുള്ള ആന്തരശേഷി ഉപയോഗിച്ച് ഓരോ കുട്ടിയും തനിക്കു ചുറ്റുമുള്ള ഭാഷ പഠിച്ചെടുക്കുകയാണ് ചെയ്യുന്നത്. ഭാഷയെപ്പറ്റിയുള്ള ആ വൈഷണിക പദ്ധതിയാണ് ഇന്ന് ഭാഷാശാസ്ത്രത്തിൽ ഏറ്റവും പ്രബലമായ ധാര. എന്നാൽ ഇത് മനുഷ്യരുടെ സാർവ്വലൗകിക പ്രകൃതത്തിന് ഊന്നൽ നൽകുകയും പ്രയോഗത്തിനുമേൽ ഭാഷാതത്വങ്ങളെ പ്രതിഷ്ഠിക്കുകയും ചെയ്യുന്ന പദ്ധതിയാണെന്ന വിമർശനമാണ് ഫെമിനിസ്റ്റുകൾ ഉയർത്തിയിട്ടുള്ളത്. ഭാഷയ്ക്കുമേൽ സാമൂഹ്യജീവിതം ചെലുത്തുന്ന സ്വാധീനത്തെ ചോംസ്കി വിട്ടുകളയുന്നു എന്നതാണ് ഈ വിമർശനത്തിന്റെ കാതൽ.

### ഫെമിനിസവും ഭാഷാശാസ്ത്രപാരമ്പര്യങ്ങളും

### ഫെമിനിസവും ചിഹ്നവിജ്ഞാനീയവും

സൊസ്യൂറിൽനിന്ന് ആരംഭിക്കുന്ന ഭാഷാശാസ്ത്ര പാരമ്പര്യം പിന്തുടർന്ന ഫെമിനിസ്റ്റുകളാണ് പ്രധാനമായും ചിഹ്നവിജ്ഞാനീയപരമായ അപഗ്രഥനം നിർവ്വഹിച്ചിട്ടുള്ളത്. അവർ പ്രധാനമായും രണ്ട് പ്രമേയങ്ങളാണ് പരിഗണിച്ചത്. ലിംഗവൽക്കരിക്കപ്പെട്ട കർതൃത്വത്തിന്റെ അപഗ്രഥനമാണ് ഇതിലൊന്ന്. ആൺ-പെൺ സ്വഭാവരീതികളോടുകൂടിയ സംസ്കാരജീവികളായി മനുഷ്യർ മാറുന്നതെങ്ങനെയെന്നാണ് ഇവിടെ വിശദീകരിക്കാൻ ശ്രമിക്കുന്നത്. ലകാനിയൻ മനശ്ശാസ്ത്രമാണ് ഇതിനായി പ്രയോജനപ്പെടുത്തിയത്. വ്യക്തിരൂപീകരണത്തിൽ ഭാഷയ്ക്കുള്ള പങ്കിനെക്കുറിച്ച് പ്രധാനപ്പെട്ട പല കാഴ്ചപ്പാടുകളും ലകാൻ അവതരിപ്പിച്ചിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ സ്ത്രീകളുടെ ഭാഷയെക്കുറിച്ച് വിശദീകരിക്കാനാവും. ഭാഷയോട് പുരുഷനും സ്ത്രീക്കുമുള്ള ബന്ധം വ്യത്യസ്തമാണെന്ന് ലകാൻ സൂചിപ്പിക്കുന്നുണ്ട്. സ്ത്രീരചനകളുടെ സവിശേഷപഠനമാണ് രണ്ടാമതായി പരിഗണനയിൽ വരുന്ന കാര്യം. ഭാഷയുമായുള്ള സ്ത്രീകളുടെ ബന്ധം വ്യത്യസ്തമാണ് എന്ന പരികൽപ്പനയാണ് ചിഹ്നവിജ്ഞാനീയത്തിന്റെ വക്താക്കൾക്കുള്ളത്. അവരുടെ കർതൃപദവി അവരെ പ്രാന്തവൽക്കരിക്കുന്നുണ്ട്. അവരുടെ രചനകൾക്ക് പ്രത്യേകമായ സവിശേഷതകൾ ഉണ്ടാകുമെന്ന പരികൽപ്പനയിലാണ് സ്ത്രീരചനകളെ സവിശേഷമായി പഠിക്കുന്നത്. പെണ്മയെന്നത് നിർമ്മിക്കപ്പെട്ട കർതൃത്വമാണ്. അവർക്ക് ഭാഷാവ്യവഹാരത്തിൽ പാർശ്വവത്കൃതമായ നിലയാണ് ലഭിച്ചിട്ടുള്ളത്. അതിനാൽ അവർ ഭാഷയിൽ ഇടപെടുമ്പോൾ സവിശേഷതകൾ പ്രകടമാവുകയും ചെയ്യും. സ്ത്രീരചനകൾ വിശകലനവിധേയമാക്കുന്നതിന്റെ യുക്തി ഇതാണെന്ന് സ്ഥാപിച്ചെടുത്തത് ഫെമിനിസ്റ്റുകളാണ്. പാർശ്വവത്കൃതമായ ഈ നില ധനാത്മകമായാണ് സ്വാധീനിച്ചിട്ടുള്ളത് എന്നത് പ്രധാനമാണ്. വ്യത്യസ്തമായ ഈ നില കാരണം അവർക്ക് ഭാഷയിൽ വളരെ വ്യത്യസ്തമായ രൂപങ്ങൾ സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ രണ്ട് വിഷയങ്ങളാണ് ചിഹ്നവിജ്ഞാനീയവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഫെമിനിസ്റ്റുകൾ പ്രധാനമായും പരിചരിച്ചത്.

### ഫെമിനിസവും സാമൂഹ്യ-സാംസ്കാരിക ഭാഷാശാസ്ത്രവും നരവംശശാസ്ത്രം

നരവംശശാസ്ത്രപരമായ ഭാഷാശാസ്ത്രത്തിനകത്ത് വികസിച്ചുവന്ന സപീർ - വുർഫ് ഹൈപ്പോതിസിസ് ഫെമിനിസ്റ്റ് ഭാഷാശാ





സ്ത്രത്തെ സ്വാധീനിച്ചിട്ടുണ്ട്. ഡെയ്ൽ സ്പെന്ററും ഷൂസറ്റ് എൽജിനും അതിനെ സ്ത്രീവാദപരമായ കാഴ്ചപ്പാടിൽ വികസിപ്പിച്ചു (Cameron, 1985: 34). മറ്റൊന്ന് എത്തനോഗ്രഫിക് പഠനങ്ങളാണ്. സ്ത്രീകളുടെ ആഖ്യാനങ്ങളെ മുൻനിർത്തിയുള്ള പഠനങ്ങൾ അതിലും ഉണ്ടായിട്ടുണ്ട്. ഫെമിനിസ്റ്റ് ഭാഷാശാസ്ത്രവുമായി ബന്ധപ്പെട്ട പ്രധാന മേഖലയാണത്. സാമൂഹ്യഭാഷാശാസ്ത്രമാണ് മറ്റൊരു മേഖല. അതിൽ വളരെക്കാലം മുമ്പുതന്നെ ഭാഷയിൽ ആൺ-പെൺ വ്യത്യാസം വരുന്നതിനെക്കുറിച്ചുള്ള പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. ഫെമിനിസ്റ്റ് ഭാഷാശാസ്ത്രത്തിന്റെ വരവോടെ അത് കുറേക്കൂടി വികസിച്ചു. ലിംഗഭേദപരമായ ഭാഷ എന്ന സങ്കൽപം ഇന്ന് കൂടുതൽ സൂക്ഷ്മമായി പഠിക്കപ്പെടുന്നുണ്ട്. ഭാഷയും അധികാരവും തമ്മിലുള്ള ബന്ധവും സാമൂഹ്യമായുള്ള പരാധീനതകളും ഭാഷാപരമായ വ്യത്യാസങ്ങളുമെല്ലാം സാമൂഹ്യഭാഷാശാസ്ത്രത്തിനകത്ത് മുൻപേ ഉണ്ടായിരുന്നതാണ്. ഫെമിനിസ്റ്റ് കാഴ്ചപ്പാട് കുറേക്കൂടി വ്യത്യസ്തമായ രീതിയിൽ അത് പഠിക്കാൻ സഹായിക്കുന്നു. ഇതാണ് ഭാഷാശാസ്ത്രത്തിനകത്ത് ഫെമിനിസ്റ്റുകൾ നിർവ്വഹിക്കുന്ന പങ്ക്. ഭാഷാശാസ്ത്രത്തിനകത്ത് ഫെമിനിസ്റ്റുകൾ ഇടപെടുന്നതിന്റെ ഭാഗമായി ഭാഷാശാസ്ത്രത്തിലും ഫെമിനിസത്തിലും മാറ്റം വരുന്നുണ്ട്. ലിംഗഭേദത്തിന്റെ രാഷ്ട്രീയഫലം എന്താണെന്നു പഠിക്കാനുള്ള ശ്രമമുണ്ടായി. സാമൂഹ്യഭാഷാശാസ്ത്രത്തിനകത്ത് ലിംഗഭേദപരമായ ഭാഷയുടെ സവിശേഷതകളെക്കുറിച്ചുള്ള പഠനം മുമ്പേയുണ്ട്. അതിനെ കുറേക്കൂടി രാഷ്ട്രീയവൽക്കരിക്കുകയാണ് ഫെമിനിസ്റ്റുകൾ ചെയ്തത്. ഫെമിനിസ്റ്റ് ഭാഷാശാസ്ത്രം രാഷ്ട്രീയമായി പ്രചലിതമാണ്.

### ഭാഷയിലെ ലിംഗപരമായ വേർതിരിവ്

ആൺ-പെൺ വിഭജനത്തിന്റെ രാഷ്ട്രീയം ഒരു പുതിയ വിഷയമല്ല. അത് ഫെമിനിസത്തിനകത്ത് വിർജിനിയ വുൾഫിന്റെ കാലം മുതൽ നിലനിന്നതാണ്. സമകാലഫെമിനിസം അതിനെ കുറേക്കൂടി വ്യക്തമാക്കിത്തരുന്നുവെന്നേയുള്ളൂ. സ്ത്രീ-പുരുഷ വ്യത്യാസത്തിലൂന്നുകയും അതിനെ പുനരുത്പാദിപ്പിക്കുകയും ചെയ്യേണ്ടത് ഒരു ശ്രേണീകൃത സമൂഹത്തിൽ അനിവാര്യമാണ്. സ്ത്രീകൾ അപകർഷതയുള്ളവരാണെന്നും ബുദ്ധിശക്തി കുറവുള്ളവരാണെന്നും തെളിയിക്കാൻ ശ്രമിക്കുന്ന ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. ഉദാഹരണമായി, സ്ഥലപരമായ വിലയിരുത്തൽശേഷി സ്ത്രീകൾക്ക് കുറവായതിനാൽ എഞ്ചിനീയറിങ്ങിൽ ശോഭിക്കില്ല, സക്രിയമാകുന്ന പ്രകൃതമില്ലാത്തതിനാൽ അവർക്ക് നേതാക്കന്മാരാവാൻ കഴിയില്ല - എന്നിങ്ങനെയുള്ള നിരീക്ഷണങ്ങൾ ഈ പഠന

ങ്ങളുടെ ഭാഗമായുണ്ടായിട്ടുണ്ട്. സ്ത്രീപുരുഷ ഭേദത്തെക്കുറിച്ചുള്ള 'സെക്സിസ്റ്റ്'[1] നിലപാട് തെറ്റാണെന്ന് കാണിക്കാനുള്ള ശ്രമത്തേക്കാൾ പ്രധാനം അത്തരമൊരു വ്യത്യാസത്തിലൂന്നി പഠിക്കുന്നതെന്തിനാണ് എന്നതാണ്. സമാനതകളും വ്യത്യസ്തതകളും എടുത്തു പരിശോധിച്ചാൽ സമാനതകളാവും കൂടുതൽ. ഓരോ വ്യക്തിയും വ്യത്യസ്തരാണെന്നിരിക്കെ വ്യത്യസ്തതയിലൂന്നുന്നത് അപ്രസക്തമാണ്. വ്യത്യസ്തതയിലൂന്നിയ പഠനങ്ങളുടെ രാഷ്ട്രീയം പുറത്തുകൊണ്ടുവരുന്നതിന് ഫെമിനിസ്റ്റുകൾ ശ്രമിച്ചു.[2]

രണ്ടുതരം പഠനങ്ങളാണ് ഫെമിനിസ്റ്റ് ഭാഷാശാസ്ത്രത്തിനകത്ത് നടക്കുന്നത്. ഒന്ന് ധനാത്മക (Positive) പഠനവും മറ്റൊന്ന് ഋണാത്മക (Negative) പഠനവും. സ്ത്രീകളുടേതായ ഒരു ഉപസംസ്കൃതി എങ്ങിനെയാണ് ഭാഷയിൽ നിലനിൽക്കുന്നതെന്നാണ് ഒരു വിഭാഗം ഗവേഷകർ പഠിക്കാൻ ശ്രമിച്ചത്. ഭാഷയിൽ സ്ത്രീകൾക്കുള്ള പങ്കിനെക്കുറിച്ച് പഠിക്കുന്നതാണ് ധനാത്മകപഠനം. എങ്ങിനെ അധികാരം പ്രവർത്തിക്കുന്നുവെന്ന് കണ്ടെത്തുകയും അതിനെ വിമർശനവിധേയമാക്കുകയും ചെയ്യുന്ന പഠനമാണ് ഋണാത്മകപഠനം. ഇവ രണ്ടും ഒരുമിച്ച് കൊണ്ടുപോകാൻ ബുദ്ധിമുട്ടാണ്. വ്യത്യസ്തതയിലൂന്നിയാണ് ഫെമിനിസ്റ്റ് പഠനങ്ങൾ അധികവും ഉണ്ടായിട്ടുള്ളത്. വ്യത്യാസങ്ങളെ ജന്മനാലുള്ള സവിശേഷതയായല്ല നിർമ്മിതിയായാണ് ഈ പഠനങ്ങൾ കാണുന്നത്. സാമൂഹ്യമായി നിർമിക്കപ്പെട്ട വ്യത്യാസങ്ങളിൽ ചിലത് സ്ത്രീകൾ തന്നെ ഉത്പാദിപ്പിച്ചതാണ്. മറ്റു ചിലത് പുരുഷന്മാരാൽ അടിച്ചേൽപ്പിക്കപ്പെട്ടതാണ്. ഈ വ്യത്യാസങ്ങളിലൂന്നിയുള്ള പഠനത്തിന് ഭാഷയും ലിംഗപദവിയും തമ്മിലുള്ള ബന്ധത്തെ അനാവരണം ചെയ്യാനുള്ള ശേഷിയുണ്ട്. സ്ത്രീകളുടെ പ്രകൃതവും പദവിയും തിരിച്ചറിയാൻ ഈ ഭാഷാശാസ്ത്രപഠനങ്ങൾ സഹായിക്കും. 'സെക്സിസ്റ്റ്' സമീപനവും 'ഫെമിനിസ്റ്റ്' സമീപനവും സ്ത്രീകളുടെ പദവി മനസ്സിലാക്കാൻ ശ്രമിക്കുന്നു. നിലവിലുള്ളതിനോട് യുദ്ധം ചെയ്യാതെ ഫെമിനിസ്റ്റുകൾക്ക് മുന്നേറാനാവില്ല. അതുകൊണ്ട് 'സെക്സിസ്റ്റു'കളുടെ നിർമ്മിതികളോട് ഇടപെടാതെ അവരുടെ സമരത്തെ മുന്നോട്ടുകൊണ്ടുപോകാനാവില്ല. ഫെമിനിസ്റ്റ് പഠനത്തിന് മൂന്ന് ഘട്ടങ്ങളുണ്ടെന്ന് ജൂലിയ ക്രിസ്റ്റേവ പറയുന്നുണ്ട് (Cameron, 1985:

1 'ഫെമിനിസ്റ്റ്' എന്നതിന്റെ വിപരീതമായാണ് ഈ പ്രബന്ധത്തിൽ 'സെക്സിസ്റ്റ്' എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. തത്തുല്യമായ ഒരു മലയാളപദം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

2 ലിംഗഭേദപരമായ വ്യത്യാസങ്ങൾ എങ്ങിനെ സൃഷ്ടിക്കപ്പെടുന്നു, പ്രസ്തുത വ്യത്യാസങ്ങൾ എന്ത് സാമൂഹ്യധർമ്മമാണ് നിർവ്വഹിക്കുന്നത് തുടങ്ങിയ ചോദ്യങ്ങളാണ് ഫെമിനിസ്റ്റുകൾ ഉയർത്തിയത്.





190). ഒന്നാമത്തേത് തുല്യതയ്ക്കുവേണ്ടിയുള്ള സമരത്തിന്റെ ഘട്ടമാണ്. രണ്ടാമത്തേത് വ്യത്യസ്തതയിലൂന്നുന്നതും സ്ത്രീകളുടെ പ്രവൃത്തിയെ ഉറപ്പിച്ചെടുക്കുന്നതുമായ ഘട്ടമാണ്. ലിംഗഭേദം അപ്രസക്തമാകുന്നതാണ് മൂന്നാമത്തെ ഘട്ടം. സമകാലപഠനങ്ങൾ ഇതിൽ ഒന്നാമത്തേയും രണ്ടാമത്തേയും ഘട്ടത്തിനിടയിലാണ് നിൽക്കുന്നത്. ഒന്നുകിൽ വ്യത്യസ്തത പുനരുത്പാദിപ്പിക്കപ്പെടും അല്ലെങ്കിൽ പിതൃമേധാവിത്വപരമായ അധികാരരൂപങ്ങളെ തുറന്നുകാണിക്കും. സ്ത്രീകളുടേതായ ഒരു ഉപമണ്ഡലം ഭാഷയ്ക്കകത്ത് നിലനിൽക്കുന്നുണ്ടെന്ന് കണ്ടെത്താം. ക്രിസ്തേവ പറയുന്ന മൂന്നാംഘട്ടം ഉട്ടോപ്യനാണ്. വ്യത്യസ്തതകൾ നിലനിൽക്കുമ്പോൾത്തന്നെ, അവ സാമൂഹ്യമായി അപ്രസക്തമാകുന്ന ഘട്ടമാണിത്. അതായത് മനുഷ്യരുടെ ഉയരം, നിറം എന്നിവയൊക്കെ വ്യത്യാസമായിരിക്കുന്നതുപോലെ ലിംഗവും വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന തരത്തിൽ സമൂഹം അതിനെ പരിഗണിക്കുന്ന ആദർശാത്മകഘട്ടമാണ് ക്രിസ്തേവ കൽപിക്കുന്ന മൂന്നാംഘട്ടം. വ്യത്യസ്തതയിൽ ഇടപെടാതെ ഫെമിനിസ്റ്റ് ചിന്തയ്ക്ക് മുന്നോട്ടുപോകാനാവില്ല. അതിലൂടെ വ്യത്യസ്തത ഉറപ്പിക്കപ്പെടുകയാണ് ചെയ്യുന്നതെന്ന വൈരുധ്യം അതിലുണ്ട്. ലിംഗപദവിയെ കേവലമായി സ്വീകരിക്കുന്നതിനോട് വിമർശനാത്മകമായ സമീപനം സ്വീകരിക്കേണ്ട ഉത്തരവാദിത്തം ഫെമിനിസ്റ്റുകൾക്കുണ്ട്. ലിംഗപദവിയെ കേവലമായി കാണുക, വ്യത്യസ്ത സ്ഥലകാലങ്ങളിലുണ്ടായ അതിന്റെ ഭിന്നരൂപങ്ങളെ അവഗണിക്കുക, ലിംഗഭേദത്തെ കേവലമായെടുക്കുക എന്നിവ വിമർശനവിധേയമാക്കേണ്ട സംഗതിയാണ്. ലൈംഗികവ്യത്യാസം ഒരു നിർമ്മിതിയാണെന്ന് മനസ്സിലാക്കി അതിന്റെ കാരണത്തെ കണ്ടെത്താൻ ശ്രമിക്കുന്നുവെന്നതാണ് ഫെമിനിസ്റ്റ് പഠനങ്ങളുടെ പ്രത്യേകത.

സ്ത്രീവാദപരമായ ഭാഷാശാസ്ത്രം പ്രാഥമികമായി കടന്നുവരുന്നത് സാമൂഹികഭാഷാശാസ്ത്രത്തിന്റെ പരിധിക്കകത്താണ്. ഇവിടെയും വ്യത്യസ്തതയിലാണ് ഊന്നൽ. ലിംഗപരമായ വ്യത്യാസമെന്നതുകൊണ്ട് ലിംഗഭേദപരമായ വ്യത്യാസമെന്നാണ് ഉദ്ദേശിക്കുന്നത്. ഭാഷാശാസ്ത്രകാരന്മാരെ സംബന്ധിച്ചിടത്തോളം ലിംഗപദവി വ്യത്യാസമെന്നത് ഭാഷയുടെ അവബോധതല(ലാങ്)ത്തിലും ആവിഷ്കാരതല(പരോൾ)ത്തിലും നിലനിൽക്കുന്നതാണ്. ഉദാഹരണമായി ഒരു ഭാഷയിൽ സ്ത്രീകൾ/പുരുഷന്മാർ എന്നിവരെ ക്കുറിക്കാൻ ഉപയോഗിക്കുന്ന സർവ്വനാമങ്ങൾ ഏതെല്ലാം എന്നന്വേഷിക്കുന്നത് ആ ഭാഷയുടെ 'ലാങ്'ലേക്കാണ് നമ്മെ എത്തിക്കുക. എന്നാൽ ഏത് ഭാഷണസന്ദർഭത്തിൽ ഏത് സർവ്വനാമം ഉപയോഗിക്കുന്നു എന്നാണ് പരിശോധിക്കുന്നതെങ്കിൽ, അത്

'ഭാഷണ'(പരോൾ)ത്തിന്റെ സവിശേഷതകൾ വെളിവാക്കും. സാമൂഹ്യഭാഷാശാസ്ത്രം ഇതിൽ ഭാഷയുടെ ആവിഷ്കാരതലത്തിലാണ് ഊന്നുന്നത്. പ്രയോഗത്തിന്റെ മണ്ഡലത്തിൽ ആവിഷ്കാരസാധ്യതയും മാനകങ്ങളും കൂടുതലുപയോഗിക്കുന്നത് ഒരു പ്രത്യേക ലിംഗപദവി വിഭാഗമാണ്. ഇത്തരത്തിൽ താരതമ്യാത്മകമായാണ് സാമൂഹ്യഭാഷാശാസ്ത്രത്തിൽ ലിംഗവ്യത്യാസത്തെ പരിഗണിക്കുന്നത്. ഒന്നിനെ മാനകീകരിച്ച് മറ്റുള്ളതിനെ അതുമായി തട്ടിച്ചു നോക്കുന്നതാണ് താരതമ്യാത്മകരീതിയുടെ ഒരു പൊതുസ്വഭാവം. ലൈംഗികവ്യത്യാസത്തിന്റെ കാര്യത്തിൽ പുരുഷന്മാർക്ക് അനുകൂലമായതിനെ മാനകമായി പരിഗണിക്കുകയാണ് സാമാന്യമായി ചെയ്യാറുള്ളത്. അതുകൊണ്ട് അത് സെക്സിസ്റ്റ് വഴിയിലാണ് വിശദീകരിക്കപ്പെടാറുള്ളത്. സാമൂഹ്യഭാഷാശാസ്ത്രം വരുന്നതിന് മുമ്പുതന്നെ ഈയർഥത്തിൽ ലിംഗപദവിപരമായ വ്യത്യാസത്തെ മുൻനിർത്തിയുള്ള പഠനങ്ങൾ നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്. അതിനെ ഫോക്ക് ലിംഗ്വിസ്റ്റിക്സ്/നാടോടിഭാഷാവിജ്ഞാനീയം എന്നാണ് വിളിക്കുന്നത്.

## ഫോക് ലിംഗ്വിസ്റ്റിക്സ്/നാടോടിഭാഷാവിജ്ഞാനീയം

ഭാഷയിൽ നിലനിൽക്കുന്ന സാമാന്യബോധം എന്ന അർത്ഥത്തിലാണ് ഫോക് ലിംഗ്വിസ്റ്റിക്സ് എന്ന വാക്കുപയോഗിക്കുന്നത്. ഏതൊരു സമൂഹത്തിന്റേയും സാമാന്യബോധത്തിൽ ഭാഷയെ പ്പറ്റി നിലനിൽക്കുന്ന വിശ്വാസങ്ങളാണിത്. ഉദാഹരണമായി ഇംഗ്ലീഷ് സംസാരിക്കുന്ന ചില സമൂഹങ്ങളിൽ സ്ത്രീകൾ നല്ല കേൾവിക്കാരാണെന്ന ധാരണ നിലനിൽക്കുന്നുണ്ട്. അതിനാൽ കൂടുതൽ ഉപദേശിച്ചാൽ സ്ത്രീകൾ മര്യാദയുള്ളവരാകും എന്ന സങ്കൽപം ഈ സമൂഹങ്ങളിൽ പ്രബലമാണ്. ഇത് പഠനങ്ങളിലൂടെ എത്തിച്ചേർന്ന നിഗമനമല്ല. പക്ഷേ ഇത്തരം വാർപ്പുമാതൃകകൾക്ക് പരീക്ഷണനിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ നടക്കുന്ന പഠനങ്ങളെപ്പോലും സ്വാധീനിക്കാനുള്ള ശേഷിയുണ്ട്. ഉദാഹരണത്തിന്, 1712-ൽ ജൊനാഥൻ സ്വിഫ്റ്റ് എഴുതിയ പ്രബന്ധത്തിൽ വ്യഞ്ജനങ്ങൾ പുരുഷഭാഷണത്തിന്റെയും സ്വരങ്ങളും പ്രവാഹികളും സ്ത്രീഭാഷണത്തിന്റെയും സവിശേഷതയാണെന്ന് പറയുന്നുണ്ട്. പരുഷം/മൃദുലം എന്ന വാർപ്പുമാതൃക തന്നെയാണ് ഇവിടെ പ്രവർത്തിക്കുന്നത്. മൂല്യനിർണയത്തിന് മുതിരാതെ ഇവ രണ്ടും ഭാഷയിൽ ആവശ്യമാണെന്നാണ് അദ്ദേഹം പറയുന്നത് (Cameron, 1985:42). നിത്യജീവിതത്തിലെ ലിംഗഭേദവുമായി ഭാഷയിലെ ലിംഗഭേദത്തെ തുലനം ചെയ്യേണ്ടതില്ല എന്നാണ് സ്വിഫ്റ്റിന്റെ പക്ഷം.





1922-ൽ ഓട്ടോ ജസ്പേഴ്സൺ പ്രസിദ്ധീകരിച്ച 'ലാംഗ്വേജ്: ഇറ്റ്സ് നേച്ചർ, ഡെവലപ്മെന്റ് ആന്റ് ഒറിജിൻ' എന്ന പുസ്തകത്തിൽ 'ദി വുമൺ' എന്ന ഒരധ്യായമുണ്ട്. പക്ഷേ 'ദി മാൻ' എന്ന ഒരധ്യായമില്ല. പുരുഷഭാഷയെ മാനകമായി സ്വീകരിക്കുകയും സ്ത്രീഭാഷയെ അതിൽ നിന്നുള്ള വ്യതിചലനമായി കണക്കാക്കുകയുമാണ് അദ്ദേഹം ചെയ്യുന്നത്. സ്ത്രീകൾ മൃദുഭാഷികളാണ്, മര്യാദയോടുകൂടി സംസാരിക്കുന്നവരാണ്, അവർക്ക് പദസമ്പത്ത് കുറവാണ്, അയവേറിയ സംസാരശൈലി ഉള്ളവരാണ്, മിക്കപ്പോഴും സംസാരം അപൂർണമായിരിക്കും, ഒരു വിഷയത്തിൽനിന്ന് മറ്റൊന്നിലേക്ക് തെന്നിമാറിക്കൊണ്ടിരിക്കും എന്നെല്ലാം ഇതിൽ പറയുന്നു. ഫോക് ലിംഗ്വിസ്റ്റിക്സ് അഥവാ ഭാഷയെക്കുറിച്ചുള്ള പ്രാചീനമായ ധാരണകൾ പണ്ഡിതന്മാരുടെ രചനകളെപ്പോലും സ്വാധീനിക്കുന്നതിന്റെ ലക്ഷണമാണിത്. സാഹിത്യകൃതികളെ ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹമിത് പറയുന്നത്. പുരുഷന്മാർ എഴുതിയ സാഹിത്യകൃതികളെ ചോദ്യം ചെയ്യാതെയാണ് ശാസ്ത്രം പോലും സ്വീകരിച്ചത് എന്നതിന് തെളിവാണിത്. ഈ വാർപ്പുമാതൃകകൾ നിലനിൽക്കുന്നിടത്തോളം സമൂഹത്തിൽ ലിംഗവിവേചനവും ശ്രേണീവൽക്കരണവും തുടരും. സ്ത്രീകൾ നിരന്തരം സംസാരിച്ചുകൊണ്ടിരിക്കുന്നവരാണെന്ന് പറയുകയും അവരുടെ സംസാരത്തെ പുരുഷന്മാർ നിയന്ത്രിക്കുകയും ചെയ്യുന്നത് പുരുഷനിർമ്മിതവാർപ്പുമാതൃകയാണ്. പലപ്പോഴും വാർപ്പുമാതൃകകൾക്കകത്ത് ആന്തരവൈരുധ്യങ്ങളുണ്ടാവും. പക്ഷേ അത് കാണുകയില്ല. സ്ത്രീകളായിട്ടുള്ള ഭാഷാഗവേഷകർപോലും ഇത്തരം വാർപ്പുമാതൃകകളെ ഉറപ്പിച്ചതിന്റെ ഉദാഹരണങ്ങളുണ്ട്. റോബിൻ ലക്കോഫി[1]ന്റെ 'ലാംഗ്വേജ് ആന്റ് വുമൺസ് പ്ലേസ്' (1975) എന്ന ഗ്രന്ഥം വാർപ്പുമാതൃകകളെ സൃഷ്ടിക്കുന്നതിനെക്കുറിച്ചുള്ള പഠനമാണ്. സാമാന്യഭാഷ/സ്ത്രീഭാഷ എന്ന വൈരുധ്യമാണ് ഇതിലുമുള്ളത്. ശക്തി കുറഞ്ഞ, തീർച്ചയില്ലാത്ത വാക്യങ്ങളുള്ള, അലങ്കാരങ്ങളും വിനയവും കൂടുതലായി അടങ്ങിയ, തർക്കിക്കാത്ത ഭാഷയാണ് സ്ത്രീഭാഷ എന്ന് ലാക്കോഫ് പറയുന്നു (Cameron, 1985: 44). ലാക്കോഫ് സ്ത്രീപക്ഷത്തുനിന്നാണ് ഭാഷയെ നോക്കിക്കാണുന്നത്. ലാക്കോഫിന്റെ അഭിപ്രായങ്ങളും വസ്തുസ്ഥിതിപരമായ അന്വേഷണത്തിന്റെ ഫലമായുണ്ടായതല്ല. ഫോക്ക് ഭാഷാശാസ്ത്രത്തിന്റെ സ്വാധീനമാണ് ഇവിടെക്കാണുന്നത്. ചോദ്യവാചി

1 ബെർക്ക്‌ലിയിലെ കാലിഫോർണിയ സർവ്വകലാശാലയിലെ ഭാഷാശാസ്ത്ര പ്രൊഫസറാണ് റോബിൻ ടോൾമാച്ച് ലാക്കോഫ്. 1975-ൽ ലാക്കോഫ് എഴുതിയ Language and woman's place എന്ന കൃതി ഭാഷയെയും ലിംഗഭേദത്തേയും സംബന്ധിക്കുന്ന നിരവധി ചർച്ചകൾക്ക് വഴിയൊരുക്കി. ലിംഗഭേദത്തിനുപുറമെ വർഗ്ഗം, അധികാരം, സാമൂഹ്യനീതി എന്നീ മേഖലകളിലെല്ലാം അവരുടെ അന്വേഷണങ്ങൾ കടന്നുചെല്ലുന്നുണ്ട്.

ശബ്ദങ്ങൾ കൂടുതലായുപയോഗിക്കുന്നത് പുരുഷന്മാരാണെന്ന്
തെളിയിക്കുന്ന പഠനമുണ്ട്. ഇരുകൂട്ടരും അത് തുല്യമായുപയോ
ഗിക്കുന്നുവെന്ന് കാണിക്കുന്ന പഠനങ്ങളുമുണ്ട്. ലാക്കോഫിന്റെ
അഭിപ്രായങ്ങൾ തെറ്റാണെന്ന് കാണിക്കുന്ന പഠനങ്ങൾ വന്നിട്ടും
പൊതുവെ സ്വീകരിക്കപ്പെട്ടത് അതാണ്. സാമ്പ്രദായിക ധാരണയെ
സാധൂകരിക്കുന്നതിനാൽ അതിന് പ്രാധാന്യം ലഭിക്കുന്നു. ലാക്കോഫ്
ഒരു ചോംസ്കിയൻ ഭാഷാശാസ്ത്രജ്ഞയായിരുന്നു. അന്തർജ്ഞാ
നത്തെക്കുറിച്ച് പഠിക്കാനാണ് ചോംസ്കി പറയുന്നത്. അതിനാൽ
ചോംസ്കിയൻ പാരമ്പര്യത്തിന്റെ ഘടകം ലാക്കോഫിൽ കാണാം.
ഒരു 'ഗ്രൂപ്പ് ബിഹേവിയറി'നെക്കുറിച്ച് പറയുന്നിടത്ത് ചോംസ്കി
യൻ പാരമ്പര്യം ഫലപ്രദമല്ല. ചോംസ്കിയൻ ലിംഗ്വിസ്റ്റിക്സ് വിട്ട്
സാമൂഹ്യഭാഷാശാസ്ത്രത്തിലേക്ക് വരുന്നതിന്റെ കാരണം കോർ
പ്പസ് ഡാറ്റ[1] എന്നത് ചോംസ്കിയൻ പാരമ്പര്യത്തിൽ പ്രധാന
മല്ലാത്തതിനാലാണ്. ലാക്കോഫിന്റെ ഈയൊരു സവിശേഷത
ചോംസ്കിയൻ രീതിശാസ്ത്രത്തിന്റെ മാത്രം പ്രശ്നമല്ല. വാർപ്പു
മാതൃകകളുടെ സ്വാധീനം തന്നെയാണ്. സ്ത്രീവാദഭാഷാശാസ്ത്ര
ജ്ഞരുടെ ഗൗരവമേറിയ ഇടപെടലുകളിൽ ഇത്തരം സ്വാധീനം
കണ്ടെത്താനാവും. സ്ത്രീകളുടെ സംഭാഷണത്തിന് വ്യത്യസ്ത
തയുണ്ടെന്ന നാടോടി സാമാന്യബോധത്തെ ഉറപ്പിക്കുകയാണ്
അവർ ചെയ്യുന്നത്. ഒഴുക്കില്ലായ്മ, അപൂർണമായ വാക്കുകൾ,
യുക്തിരഹിതമായ സംസാരം, ചോദ്യവാചികളുടെ ഉപയോഗക്കൂ
ടുതൽ, ഭാഷണത്തിൽ നിയന്ത്രണത്തോടെ ഇടപെടുന്നത് എന്നി
ങ്ങനെ നിരവധി സവിശേഷതകൾ സ്ത്രീകളുടെ ഭാഷയ്ക്ക് കൽപി
ച്ചുനൽകിയിട്ടുണ്ട്. ഇവയോരോന്നിനേയും വസ്തുനിഷ്ഠമായി
പരിശോധിച്ച് നിഗമനത്തിലെത്താനാവില്ല. വ്യാഖ്യാനങ്ങളിലൂടെ
ഓരോന്നും ഓരോ തരത്തിൽ വിശദമാക്കേണ്ടവയാണ്. സ്ത്രീ
കളുടെ യുക്തി വ്യക്തിനിഷ്ഠമല്ലെന്നും അപരത്തെ പരിഗണിക്കു
ന്നതാണെന്ന് ഗില്ലിഗൻ[2] എന്ന ഫെമിനിസ്റ്റ് നിരീക്ഷിക്കുന്നുണ്ട്
(Cameron, 1985: 46). പക്ഷേ, സ്ത്രീകളുടെ സാമൂഹ്യപദവിയാണ്
ഇതിന്റെ സാധൂകരണമായി പ്രവർത്തിക്കുന്നത്. സംഭാഷണ
ത്തിന്റെ നിയമമെന്നത് കൃത്യമായി ഇന്നതാണെന്ന് പറയാനാ
വില്ല. വിവരം കൈമാറലോ, ബന്ധങ്ങൾ നിലനിർത്തലോ അങ്ങനെ

1 https://corpling.hypothesis.org/252

2 അമേരിക്കൻ ഫെമിനിസ്റ്റും മനശ്ശാസ്ത്രജ്ഞയുമാണ് കരോൾ ഗില്ലിഗൻ. ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിലെ ഹ്യൂമാനിറ്റീസ് ആന്റ് അപ്ലൈഡ് സൈക്കോളജി പ്രൊഫസറായി ജോലിചെയ്തു. 2009 വരെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ സെന്റർ ഫോർ ജെൻഡർ സ്റ്റഡീസിലും ജീസസ് കോളേജിലും വിസിറ്റിങ് പ്രൊഫസറായിരുന്നു. 1982-ൽ പുറത്തിറങ്ങിയ In a different voice എന്നതാണ് പ്രധാന കൃതി.





എന്തുമാവാം. യാക്കോബ്സൺ പറയുന്നത് സംഭാഷണത്തിന്റെ
ലക്ഷ്യത്തെ പരിഗണിച്ചാണ് അതിന്റെ യുക്തി കണ്ടെത്തേണ്ടത്
എന്നാണ്. ഭാഷണത്തിന്റെ യുക്തി ലിംഗഭേദമല്ലെന്നിരിക്കെ സ്ത്രീ
കളുടെ സംഭാഷണത്തെ മുൻനിർത്തിയുള്ള ഇത്തരം ചിത്രീകര
ണങ്ങളെന്തിനാണെന്ന ചോദ്യം ഇവിടെ പ്രധാനമാണ്.

കൃത്യത, വ്യക്തത എന്നിവ സ്ത്രീകളുടെ സംഭാഷണത്തിൽ
കുറവായിരിക്കുമെന്നുള്ള നിരീക്ഷണം അവതരിപ്പിക്കപ്പെട്ടി
ട്ടുണ്ട്. ഇവ രണ്ടും പൊതുസംഭാഷണത്തിന്റെ സവിശേഷതക
ളാണ്. സ്ത്രീകൾ പൊതുസംഭാഷണത്തിൽ അത് പുലർത്താറു
മുണ്ട്. പക്ഷേ അത്തരം പൊതുസംഭാഷണങ്ങളിൽ സ്ത്രീകളുടെ
സാന്നിധ്യം കുറവാണെന്നതാണ് സ്ത്രീകളുടെ സംഭാഷണത്തിന്റെ
പരിമിതിയാണെന്ന തോന്നലിനു കാരണം. സ്ത്രീകളുടെ ഭാഷാ
പരമായ സവിശേഷതകളെ മനസ്സിലാക്കുന്നതിൽ പുരുഷന്മാർക്കുള്ള
പരിമിതിയാണ് അത് അയുക്തികമാണെന്ന് വിലയിരുത്തപ്പെടു
ന്നതിന് കാരണം. സ്ത്രീകളുടെ സംഭാഷണം സഹകരണാത്മ
കവും പുരുഷന്മാരുടേത് മത്സരാധിഷ്ഠിതവുമാണെന്നാണ് മറ്റൊ
രുവാദം. അത് സന്ദർഭമനുസരിച്ച് നിർണയിക്കപ്പെടുന്നതാണ്.
ഇത്തരം വിഷയങ്ങളിലെല്ലാം സന്ദർഭമാണ് പ്രധാനമെന്നിരിക്കെ
അതിനെ പരിഗണിക്കാതെയാണ് വിശകലനങ്ങൾ മുന്നോട്ടുപോ
യത്. ഫോക്‌ലോർ, നരവംശശാസ്ത്രം എന്നിവയിലാണ് മേൽപ്പ
റഞ്ഞ ധാരണകളെ ഉറപ്പിക്കുന്ന പഠനങ്ങൾ നടന്നിട്ടുള്ളത്. പഠന
വിധേയമാക്കിയത് ചെറിയ കൂട്ടങ്ങളെയായതിനാൽ ലളിതവത്ക
രിക്കപ്പെട്ട ചില നിഗമനങ്ങളിലേക്കാണ് അവർ എത്തിയത്. ഫെമി
നിസ്റ്റുകളായ ഭാഷാശാസ്ത്രജ്ഞർ വാർപ്പുമാതൃകകളെ ധനാത്മ
കമായിക്കണ്ട് കാൽപനികവത്കരിക്കാൻ ശ്രമിക്കാറുണ്ട്. സഹ
കരണത്തിനും ഐക്യപ്പെടലിനുമൊക്കെ ഫെമിനിസ്റ്റുകൾ നൽകിയ
പ്രാധാന്യത്തിന്റെ ഫലമായി ഇതിനെ കാണാവുന്നതാണ്. ഈ
സഹകരണസിദ്ധാന്തം ഒരു രാഷ്ട്രീയപ്രയോഗത്തിന്റെ ഭാഗമാണ്.
രണ്ടാംതരംഗസ്ത്രീവാദത്തിന്റെ കാലത്താണ് ഇത്തരമൊരു തിരി
ച്ചറിവുണ്ടാകുന്നത്. ഭാഷയെക്കുറിച്ചുള്ള പൊതുബോധങ്ങൾ
ഗൗരവമേറിയ പഠനങ്ങളെപ്പോലും സ്വാധീനിക്കുന്നുവെന്ന് കണ്ടല്ലോ.
ഫെമിനിസ്റ്റുകളായ ഭാഷാ ശാസ്ത്രജ്ഞർ ഇതേക്കുറിച്ച് ജാഗ്രത
പുലർത്തേണ്ടതുണ്ട്. സന്ദർഭവും മറ്റും പരിഗണിക്കാതെയുള്ള
സാമാന്യവത്കരണമാണ് ഈ മേഖലയിൽ നടക്കുന്നതെന്ന്
ദെബോറ കാമറോൺ വിമർശിക്കുന്നു.[1]

1 സ്ത്രീകളുടെ സംഭാഷണത്തിനുണ്ടെന്ന് പല ഗവേഷകരും ആവർത്തിച്ച് നിരീക്ഷിച്ച സവിശേഷതകൾ പുരുഷന്മാരുടെ സംഭാഷണത്തിനും ബാധകമാണെന്ന് കാമറോൺ ഉദാഹരണസഹിതം വിശദമാക്കുന്നുണ്ട് (Cameron, 1985: 47-49).

സംഭാഷണശൈലിയുടെ രൂപപരവും ധർമ്മപരവുമായ വിശകലനമാണ് വ്യവഹാരപഠനം. വ്യവഹാരവിശകലനത്തെ സ്ത്രീവാദഭാഷാശാസ്ത്രവുമായി ബന്ധിപ്പിച്ച ശ്രദ്ധേയമായ കൃതിയാണ് ലാക്കോഫിന്റെ 'ഭാഷയും സ്ത്രീകളുടെ സ്ഥാനവും' (ലാംഗ്വേജ് ആന്റ് വുമൺസ് പ്ലേസ്). സ്ത്രീവാദഭാഷാശാസ്ത്രത്തിന്റെ മാതൃകയായാണ് ഈ കൃതി അവതരിപ്പിക്കപ്പെട്ടത്. ഇതേത്തുടർന്ന് ഈ മേഖലയിലുണ്ടായ പല പഠനങ്ങളും ശാസ്ത്രീയവും അതേസമയം സ്ത്രീവാദപരമായ സമീപനം സൂക്ഷിക്കുന്നവയുമാണ്.

ഫെമിനിസ്റ്റ് ഭാഷാശാസ്ത്രത്തിന് പ്രധാനമായും രണ്ട് ധാരകളാണുള്ളത്; കോയ്മയെപ്പറ്റിയുള്ള അന്വേഷണങ്ങളും വ്യത്യയത്തെപ്പറ്റിയുള്ള അന്വേഷണങ്ങളുമാണവ. പെൺകുട്ടികൾ സാമൂഹ്യവത്കരണത്തിന്റെ ആദ്യഘട്ടത്തിൽ പിന്തുടരുന്ന ഭാഷ എന്ന അർത്ഥത്തിലാണ് ലാക്കോഫ് 'സ്ത്രീഭാഷ' എന്നുപയോഗിക്കുന്നത്. ആധികാരികത കുറഞ്ഞ ഈ ഭാഷാസമ്പ്രദായം അവരെ പൊതുവിടങ്ങളിൽ മൗനികളും വ്യവസ്ഥയ്ക്ക് കീഴ്പ്പെട്ടവരുമാക്കുന്നു. ആധികാരികവും വിശ്വസനീയവുമായ ഒരു ശൈലി സ്വീകരിക്കുന്നതിന് ഇത് വിഘാതമാവുന്നു. ഭാഷാന്വേഷണങ്ങളിൽ കോയ്മയുടെ അന്വേഷണം നിർവ്വഹിക്കുന്ന പഠനങ്ങൾ ഇത്തരമൊരു വീക്ഷണമാണവതരിപ്പിക്കുന്നത്. എന്നാൽ വ്യത്യയത്തിലൂന്നുന്ന ധാര പറയുന്നത് പുരുഷഭാഷയ്ക്ക് സവിശേഷമായ ആധികാരികത അവകാശപ്പെടാനില്ലെന്നും സാമൂഹ്യമായി അവർക്കുള്ള മേൽക്കൈ ഭാഷയെ ആധികാരികമാക്കുകയാണ് എന്നുമാണ്.

സ്ത്രീഭാഷയിൽനിന്ന് വ്യത്യസ്തമായി കോയ്മയുടേതായ ഒരു ഭാഷയുണ്ടെങ്കിൽ തങ്ങൾക്ക് കൽപിക്കപ്പെട്ട ഭാഷ ഉപേക്ഷിച്ച് അത് പിടിച്ചെടുക്കാൻ സ്ത്രീകൾക്കാവും. എന്നാൽ വ്യക്തിയുടെ സാമൂഹ്യപദവിയാണ് ഭാഷയുടെ ആധികാരികതയെ നിർണയിക്കുന്നതെന്നുവന്നാൽ അത് പിടിച്ചെടുക്കാനുള്ള സാധ്യത കുറയും. സംഭാഷണസന്ദർഭങ്ങളിൽ എല്ലായ്പ്പോഴും അസമത്വം നിലനിൽക്കുന്നുണ്ട്. എല്ലാവരും പങ്കെടുക്കുന്ന സമ്മേളനങ്ങളിലും മറ്റും ആളുകളെ തെരഞ്ഞെടുക്കുന്നതിലും സമയമനുവദിക്കുന്നതിലുമെല്ലാം ഈ അസമത്വം കാണാം. സ്ത്രീകൾ സംസാരിക്കുന്നതിനിടയിൽ പുരുഷന്മാർ ഇടപെടുന്നത് ഒരുതരം അധിനിവേശമാണ്.[1] അധികാരസ്ഥാനത്തിരിക്കുന്ന സ്ത്രീകളേക്കാൾ ഇത്

1 'Nicola Woods found that in a business settings, gender was a better predictor than status of who would interrupt whom. Women were interrupted less as bosses than as subordinates, but overall they were still interrupted more than men.' Talking Shop എന്ന പ്രബന്ധത്തെ ഉദ്ധരിച്ചുകൊണ്ടാണ് ദിബോറ കാമറോൺ ഈ നിരീക്ഷണം അവതരിപ്പിക്കുന്നത് (Cameron, 1985: 71).





നേരിടേണ്ടിവരുന്നത് അതില്ലാത്തവരാണ്. പൊതുവെ സ്ത്രീകൾ പുരുഷന്മാരെ അവരുടെ സംഭാഷണത്തിൽ അനുകൂലിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഈ പിന്തുണ തിരികെ കിട്ടാറുമില്ല. ഇത്തരത്തിൽ സംഭാഷണത്തിൽ സ്ത്രീകൾ ഇടപെടുന്നതിനെ 'ആശ്രിതത്വമനോഭാവമുള്ളത്', 'തന്ത്രപരമായത്' എന്നിങ്ങനെ രണ്ട് തരത്തിൽ മനസ്സിലാക്കാവുന്നതാണ്. സ്ത്രീകൾ ഈ രണ്ട് രീതികൾ പിന്തുടരുന്നതിന് കാരണം സംഭാഷണത്തെ സുഗമമായി മുന്നോട്ടുകൊണ്ടുപോവേണ്ടത് തങ്ങളുടെ ഉത്തരവാദിത്തമാണ് എന്നവർ കരുതുന്നതുകൊണ്ടാണ് എന്ന് പമില ഫിഷ്മാൻ നിരീക്ഷിക്കുന്നുണ്ട്.[1] എന്നാൽ വ്യതിരിക്തതയിലൂന്നുന്നവർ സ്ത്രീകളുടെ ഈ ഇടപെടലിനെ ധനാത്മകമായാണ് നോക്കിക്കാണുന്നത്. എലിസബത്ത് ആരിസും ജന്നിഫർ കോട്ട്സും ഇത്തരം നിരീക്ഷണങ്ങളവതരിപ്പിച്ചിട്ടുണ്ട്.[2] സംഭാഷണത്തിൽ കടന്നുവരുന്ന ചോദ്യവാചി ശബ്ദങ്ങൾ ആത്മവിശ്വാസക്കുറവിന്റെ ലക്ഷണമായാണ് ലാക്കോഫ് കാണുന്നത്. പക്ഷേ അത് ശ്രോതാവിനെക്കൂടി സംഭാഷണത്തിൽ പങ്കെടുപ്പിക്കാനാണെന്നും സ്ത്രീകളുടെ ഉയർന്ന സാമൂഹ്യബോധത്തിന്റെ തെളിവാണ് അതെന്നുമാണ് ജാനറ്റ് ഹോംസ്[3] നിരീക്ഷിക്കുന്നത്. ഇത്തരത്തിൽ സ്ത്രീകളുടെ സംഭാഷണസവിശേഷതകളെ ധനാത്മകമായും ഋണാത്മകമായും പരിഗണിക്കുന്ന നിരീക്ഷണങ്ങളവതരിപ്പിക്കപ്പെട്ടു.[4] മിക്ക ഫെമിനിസ്റ്റുകളും ഭാഷാപരമായ വ്യത്യാസത്തെക്കുറിച്ച് പഠിക്കാൻ ഉത്സാഹം കാണിക്കുന്നുണ്ടെങ്കിലും എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നുവെന്ന മൗലികപ്രശ്നത്തിലേക്ക് അവരെത്തുന്നില്ല. ഒന്നുകിൽ സാമാന്യഭാഷാപ്രയോഗം വ്യത്യാസപ്പെട്ടിരിക്കുന്നതെങ്ങനെ എന്നറിയാനുള്ള താൽപര്യമോ അല്ലെങ്കിൽ ധനാത്മകമായി വില

1 FISHMAN, PAMELA (1980) 'Conversational Insecurity', in H. Giles, P. Robinson and P. Smith (eds.), Language: social psychological perspectives (Pergamon). (Cameron, 1985: 71).

2 ARIES, ELIZABETH (1976) 'Interaction patterns and themes of male, female and mixed groups', Small Group Behaviour, vol.7, no.1., COATES, JENNIFER (1989) 'Gossip revisited', in Coates and Cameron (eds) Women in their speech communities: new perspectives on language and sex (Longman). (Cameron, 1985: 72)

3 HOLMES, JANET (1984) 'Hedging your bets and sitting on the fence: some evidence for hedges as support structures', Te Reo, vol.27. (Cameron, 1985: 72)

4 MALTZ, DANIEL and RUTH BORKER (1982) 'A cultural approach to male-female miscommunication', in Gumperz (ed.) (Cameron, 1985: 73).

യിരുത്താവുന്ന സ്ത്രീഭാഷ കണ്ടെത്താനുള്ള ചോദനയോ ആണ് അത്തരം അന്വേഷണങ്ങൾക്ക് വഴിവെക്കുന്നത്.[1]

കോയ്മയെ പ്രശ്നവൽക്കരിക്കുന്നതും വ്യത്യയത്തെ പ്രശ്നവൽക്കരിക്കുന്നതുമായ രണ്ട് ധാരകളാണ് സ്ത്രീവാദഭാഷാശാസ്ത്രത്തിനകത്ത് ഉള്ളതെന്ന് സൂചിപ്പിച്ചുവല്ലോ. കോയ്മയിലൂന്നി ഭാഷയിലെ വ്യത്യാസത്തെ നോക്കിക്കാണുമ്പോൾ സ്ത്രീകളുടെ ഭാഷയേയും അതിന്റെ സവിശേഷതകളേയും സ്ത്രീകളനുഭവിക്കുന്ന അടിമത്തത്തിന്റെ പ്രതികരണമെന്ന നിലയ്ക്ക് വ്യാഖ്യാനിക്കാനാവും. വ്യത്യയത്തിലൂന്നുന്നവർ സ്ത്രീഭാഷയുടെ മൂല്യനിർണയത്തിലുപരി സവിശേഷതകൾ എടുത്തുപറയാനാണ് താൽപര്യം കാണിക്കുന്നത്.[2]

ഫോക്ക് ലിംഗ്വിസ്റ്റിക്സിന്റേയും എമ്പിരിക്കൽ ലിംഗ്വിസ്റ്റിക്സിന്റെയും വെളിച്ചത്തിൽ സ്ത്രീകളുടെ ശാബ്ദികമായ സവിശേഷതകളിലൂന്നിയും അത്തരം നിരീക്ഷണങ്ങളവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ സ്ത്രീകളുടെ സംഭാഷണത്തോടുള്ള അവജ്ഞയ്ക്ക് ജീവശാസ്ത്രപരമായ ഒരു അടിത്തറയുണ്ടെന്ന് പറയാനാവില്ല. ആൺകോയ്മയെ സാധൂകരിക്കുന്ന സംസ്കാരം ഇടനിലയായി പ്രവർത്തിക്കുന്നതിനാലാണ് അങ്ങനെ സംഭവിക്കുന്നത്. അധികാരവും ലിംഗഭേദവും തമ്മിലുള്ള ബന്ധത്തെയാണ് ഇവിടെ ഗൗരവമായി കാണേണ്ടത്. ആൺകുട്ടികളും പെൺകുട്ടികളും വ്യത്യസ്ത സമപ്രായസംഘത്തിൽ പരിശീലിപ്പിക്കപ്പെടുന്നതിനാലാണ് അവരുടെ സംഭാഷണം വ്യത്യസ്തമാവുന്നതെന്ന് വ്യത്യയത്തിലൂന്നുന്നവർ നിരീക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം സംഘങ്ങൾ എങ്ങിനെയുണ്ടാവുന്നു എന്നും അതിൽ സ്ത്രീകളുടേത് കീഴൊതുക്കപ്പെട്ടതും ആൺകുട്ടികളുടേത് കോയ്മ നിലനിൽക്കുന്നതുമായ കൂട്ടമായി മാറുന്നതെങ്ങനെയാണെന്നും ഉള്ള അന്വേഷണങ്ങളിലേക്ക് വ്യത്യയത്തിലൂന്നുന്ന ഗവേഷകർ കടന്നുചെല്ലാറില്ല. കുട്ടിക്കാലത്തോടെ വ്യക്തിത്വരൂപീകരണം പൂർത്തിയാവുകയില്ല. പിന്നീടുള്ള വളർച്ചയെ മേൽപ്പറഞ്ഞ പഠനങ്ങൾ പരിഗണിക്കുന്നില്ല.

സ്ത്രീകൾ സഹകരണാത്മകമായി സംഭാഷണത്തിൽ ഇടപെടുന്നതിനെ ധനാത്മകമായി കാണുന്ന കൂട്ടർ അത് ഗാർഹികാന്തരീക്ഷത്തിൽ ഫലപ്രദമായി ഉപയോഗിക്കാനാവുന്നു എന്നുകൂടി

1 സ്ത്രീകളുടെ ശബ്ദത്തിന്റെ പ്രത്യേകതയായി മാർഗരറ്റ് താച്ചർ പറയുന്നത് 'shrill & sweepy', അഥവാ തുളച്ചുകയറുന്നതും ചുറ്റിയിളക്കുന്നതും, എന്നാണ്. എന്നാലിത് തെറ്റാണെന്ന് സ്വനിമവിജ്ഞാനപണ്ഡിതയായ കരോലിൻ ഹെന്റർ സൂചിപ്പിക്കുന്നു. ഉച്ചസ്ഥായിയിലുള്ള ശബ്ദങ്ങളോട് പൊതുവെയുള്ള പ്രാതികൂല്യം സ്ത്രീകളുടെ ശബ്ദത്തോടും കാണിക്കുന്നതാണോ എന്ന ചോദ്യങ്ങളെല്ലാം ഈ ചർച്ചയിൽ കടന്നുവന്നു.

2 ഡാനിയൽ മാൽസും റൂത്ത് ബോർക്കറും.





സമർത്ഥിക്കുന്നുണ്ട്. ഇത് ബാഹ്യലോകം/ഗാർഹികം എന്ന പിതൃമേധാവിത്വപരമായ/യുക്തിയെ സാധൂകരിക്കുന്നു. ആണത്തവും പെണ്മയും വ്യക്തികളെ വികാരപ്രകടനത്തിനുപോലും അനുവദിക്കാത്ത പ്രയാസത്തിലേക്കെത്തിക്കുന്നു എന്നും ഇക്കൂട്ടർ പറയുന്നു. എന്നാൽ പുരുഷന്മാരുടെ സവിശേഷ അധികാരപദവി സ്ഥാപിക്കാനാവുമെന്ന കാര്യം പലപ്പോഴും ഇവർ കാണാതെ പോകുന്നു. ഗോസിപ്പിങ്, സൗന്ദര്യവൽക്കരണം എന്നിവയെ അധികാരഘടനയോടുള്ള പ്രതികരണമായി ഇക്കൂട്ടർ ചൂണ്ടിക്കാണിക്കാറുണ്ട്. ഇതിൽ ഗോസിപ്പിന് യാതൊരു ആധികാരികതയുമില്ല.[1] സൗന്ദര്യവൽക്കരണമാകട്ടെ ശരീരം, വീട് എന്നിവയെല്ലാം അലങ്കരിക്കുന്നതിനെയാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ഈ സൗന്ദര്യബോധത്തെ വിമർശനാത്മകമായ ഇടപെടലിനുപയോഗിക്കാത്തപക്ഷം അത് വിമോചനപരമല്ലാതാവും.[2] എഴുത്തിലെ സൗന്ദര്യബോധം അധികാരത്തെ ചോദ്യം ചെയ്തേക്കാം. പക്ഷേ അലങ്കാരപ്പണികളിലേർപ്പെടുന്നതോടെ സ്ത്രീകൾ വ്യവസ്ഥയെ പുനരുത്പാദിപ്പിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ കേവല സൗന്ദര്യബോധത്തെ വിപ്ലവകരം എന്ന് പരിഗണിക്കാനാവില്ല. അതിന്റെ വ്യവഹാരത്തിന്റെ സ്വരൂപം കൂടി പ്രധാനമാണ്.

1 ദിബോറ ജോൺസ് 'ഗോസിപ്പ്' എന്ന പേരിൽ ഒരു പ്രബന്ധം എഴുതിയിട്ടുണ്ട്. സ്ത്രീകളുടെ ഭാഷണത്തിന്റെ വ്യതിരിക്തതയും അതിന്റെ സമകാല സ്വരൂപവുമാണ് ജോൺസ് ഇതിൽ വിശദീകരിക്കുന്നത്. എന്നാൽ ഈ പ്രബന്ധത്തിന് ഭാഷാശാസ്ത്രജ്ഞരുടെ ഇടയിൽ വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ല. ജോൺസിന്റെ പ്രബന്ധത്തിന്റെ പ്രാധാന്യം അംഗീകരിക്കുമ്പോൾത്തന്നെ സ്ത്രീകളുടേതുമാത്രമായ ഒരു ഭാഷണസംസ്കൃതിയുണ്ടെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നതിലെ പൊരുത്തക്കേട് ദിബോറ കാമറോൺ ചൂണ്ടിക്കാണിക്കുന്നുണ്ട്. സ്ത്രീകളെ ഏകാത്മകമായ ഒരു ഗണമായി കാണുന്നതിലുള്ള പൊരുത്തക്കേടാണ് ഒന്നാമതായി കാമറോൺ ചൂണ്ടിക്കാണിക്കുന്നത്. സ്ത്രീകളുടെ ജീവിതത്തേയും ഭാഷയേയും നിയന്ത്രിക്കുന്നത് ആൺകോയ്മാ വ്യവസ്ഥയാണ് എന്നിരിക്കെ സ്ത്രീകൾക്ക് സ്വാധികാരമുള്ള ഒരു ഭാഷണസമൂഹം ഉണ്ടാവുകയെന്നത് തീർത്തും സ്വാഭാവികമായ കാര്യമല്ല. സ്ത്രീകൾ സൃഷ്ടിക്കുന്ന പ്രതിരോധത്തെക്കുറിച്ച് ജോൺസ് പ്രത്യാശ പുലർത്തുന്നുണ്ടെങ്കിലും അതിന് സ്ത്രീകളുടെ പക്കലുള്ള വിഭവങ്ങൾ പരിമിതമാണെന്ന കാര്യം ശ്രദ്ധിക്കപ്പെടാതെ പോകുന്നു എന്ന വിമർശനമാണ് ദെബോറ കാമറോൺ ഉന്നയിക്കുന്നത് (Cameron, 1985: 77-78).

2 'The writer Alice Walker celebrates the quilts and the gardens made by Afro-American women under conditions of extreme racist oppression. But Walker's mother's garden is not more authentically female or Black than Walker's own essay about it. It would not be right to celebrate a society in which Afro-American women could make quilts and gardens but not write essays, and indeed Walker condemns that society even as she evokes the value of the gardens and the quilts. Feminist linguistic researchers must observe the same caveat (Cameron, 1985: 78).

ലിംഗപരമായ ദ്വന്ദ്വകൽപന സാർവലൗകികമായിത്തന്നെ പ്രധാനപ്പെട്ട ഒരു തത്വമായി മാറിക്കഴിഞ്ഞിരിക്കുന്നു. ലിംഗഭേദവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു കൂട്ടം പദങ്ങളിൽ നിന്ന് സ്ത്രൈണവും പൗരുഷവുമായ പദങ്ങൾ കണ്ടുപിടിക്കാനാവശ്യപ്പെട്ടുകൊണ്ട് ജാക്ക് റോസന്തൽ എന്ന ഫെമിനിസ്റ്റ് ഒരു പഠനം നടത്തി. അനായാസം ആളുകളത് ചെയ്തെന്നും അവയിൽ ഓരോ വിഭജനത്തിന്റെയും യുക്തി വ്യത്യസ്തമാണെന്നും അതിൽ കണ്ടെത്തി. ശക്തം/ദുർബലം എന്നിങ്ങനെ അമൂർത്തതലത്തിലുള്ള ദ്വന്ദ്വങ്ങളാണ് ഇതിന്റെ അടിസ്ഥാനമായി പ്രവർത്തിച്ചത്. ജോഡിയിൽ ഒന്നിനുപകരം മറ്റൊന്നെങ്കിലും വന്നാൽ ലിംഗപദവി മാറുന്നതും കാണാം. ഉദാഹരണമായി knife/fork, spoon/fork- ഇതിൽ forkന് ഒന്നിൽ സ്ത്രൈണവും മറ്റേതിൽ പൗരുഷവുമായ അർത്ഥമാണ് ആരോപിക്കപ്പെട്ടിരിക്കുന്നത് (Cameron, 1985: 82-83). ഇത്തരം അധ്യാരോപം സത്താപരമല്ല. അതുകൊണ്ടുതന്നെ ഇത് സ്വാഭാവികമല്ലെന്ന് ഫെമിനിസ്റ്റുകൾ ചൂണ്ടിക്കാണിക്കുന്നു. സ്ത്രൈണം/പൗരുഷം എന്ന് വിഭജിക്കപ്പെട്ട ദ്വന്ദ്വങ്ങളിൽ സാമൂഹികവും കാലപരവുമായ മാറ്റങ്ങൾ കാണാം. ഗോത്രസമൂഹങ്ങളിൽ നടത്തിയ പഠനത്തിൽ മാർഗരറ്റ് മീഡ് ഇക്കാര്യം വിശദമാക്കുന്നുണ്ട്. പൗരുഷമെന്ന് വിശേഷിപ്പിക്കപ്പെടുന്ന സവിശേഷതകൾക്ക് എല്ലാ സമൂഹങ്ങളിലും അധികപദവിയുണ്ടെന്നും മീഡ് കൂട്ടിച്ചേർക്കുന്നു.[1] ഈ വിഭജനം അതിന്റെ ഗുണമനുഭവിക്കുന്നവരുടെ സൃഷ്ടിയാണെന്ന് സിമോൺ ദി ബുവ്വെ നിരീക്ഷിക്കുന്നുണ്ട്. (ബുവ്വെ, 2017: 1052) സക്രിയം/നിഷ്ക്രിയം, യുക്തി/അയുക്തി എന്നിങ്ങനെ ധനാത്മകമായവ പൗരുഷത്തിന്റെയും ഋണാത്മകമായവ സ്ത്രൈണതയുടേയും ഗുണങ്ങളായാണ് കൽപിച്ചിരിക്കുന്നതെന്നും ബുവ്വെ കൂട്ടിച്ചേർക്കുന്നു. ഇത്തരം ദ്വന്ദ്വകൽപന യൂറോപ്യൻ സംസ്കാരത്തിൽ അനാദിയായി നിലനിൽക്കുന്നുണ്ടെന്ന് ഹെലെൻ സിക്സുസ് നിരീക്ഷിക്കുന്നുണ്ട്. ദറിദയുടെ അപനിർമ്മാണം എന്ന സങ്കൽപനം ദ്വന്ദ്വകൽപനയെ മനസ്സിലാക്കാനുതകുന്നതാണ്.[2] അപനിർമ്മാണത്തിന്റെ രീതി പിന്തുടർന്നുകൊണ്ട് ലൂസ് ഇറിഗറിയും ഹെലെൻ സിക്സുസും ആണത്തം/പെണ്മ എന്ന ദ്വന്ദ്വകൽപനയെ പ്രശ്നവൽക്കരിക്കുന്നുണ്ട്. അവയെ വിപരീതമായല്ല വ്യത്യസ്തതയായാണ് മനസ്സിലാക്കേണ്ടതെന്നും അല്ലാത്തപക്ഷം ലൈംഗികതയെ സംബന്ധിക്കുന്ന യാഥാർഥ്യത്തെ മനസ്സിലാക്കാനാവില്ലെന്നും ഇറിഗറി പറയുന്നു. ഈ ദ്വന്ദ്വകൽപ

1 മാർഗരറ്റ് മീഡിന്റെ 'Sex and Temperament' എന്ന പുസ്തകത്തെ മുൻനിർത്തിയാണ് കാമറോൺ ഇക്കാര്യം ഉദ്ധരിക്കുന്നത്.

2 ഭാഷയിലെ അർത്ഥം സംബന്ധാത്മകമാണ്. ദ്വന്ദ്വങ്ങളിലെ ശ്രേണീകരണവും അർത്ഥഗ്രഹണത്തിൽ പ്രധാനമാണ് എന്ന് ദറിദ പറയുന്നുണ്ട്.





നയോടുള്ള അപനിർമ്മാണാത്മകമായ സമീപനമാണ് സ്ത്രൈണതയെ ആഘോഷിക്കുന്ന രീതി സ്വീകരിക്കാൻ ഇവരെ പ്രേരിപ്പിക്കുന്നത്. ലിംഗഭേദത്തെപ്പറ്റിയുള്ള ഇത്തരം ആലോചനകൾക്കെല്ലാം ഭാഷയുമായി, വിശേഷിച്ചും വ്യാകരണവുമായി ഉള്ള ബന്ധമെന്താണെന്ന് പരിശോധിക്കേണ്ടതുണ്ട്.

## ഭാഷാശാസ്ത്രവും ദ്വന്ദ്വവൈരുദ്ധ്യവും

ദ്വന്ദ്വവൈരുദ്ധ്യങ്ങൾ ഭാഷയെ പഠിക്കാനുള്ള ഉപാധിയെന്ന നിലയിൽ സൗകര്യപൂർവ്വം നിർമിച്ച സങ്കേതമാണോ അതോ നിലവിലുള്ള ദ്വന്ദ്വവൈരുദ്ധ്യങ്ങളെ ഭാഷയിൽനിന്ന് കണ്ടെത്തുകയാണോ ചെയ്യുന്നത് എന്ന ചോദ്യമാണ് ഫെമിനിസ്റ്റ് ഭാഷാശാസ്ത്രത്തിൽ ആദ്യം ഉയർന്നുവരുന്നത്. സ്വനിമതലത്തിൽ പ്രവർത്തിക്കുന്ന വേർതിരിവുകളുണ്ടെന്ന് അംഗീകരിച്ചാൽത്തന്നെയും അർത്ഥത്തിന്റേയും വ്യാകരണത്തിന്റേയും കാര്യത്തിൽ അത് സാധുവാണെന്ന് പറയാനാവില്ല. വാക്കിന്റെ അർത്ഥത്തെ ദ്വന്ദ്വാത്മകവൈരുദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കുന്നതിലൂടെ ഒരുതരം ന്യൂനീകരണം സംഭവിക്കുന്നുണ്ട്. + X / - X എന്ന മട്ടിൽ അർത്ഥത്തെ അതിന്റെ പ്രാചീനതലത്തിലേക്ക് ഒതുക്കാനാവും (+ ജന്തുത/- മാനവികത എന്ന തരത്തിൽ മൃഗത്തെ മനസ്സിലാക്കുന്നതുപോലെ). പക്ഷേ നൈരന്തര്യമുള്ള പലതും ഇത്തരം അർത്ഥകൽപനയിൽ ഒതുങ്ങില്ല (ഉദാ: വാർദ്ധക്യം/ ചെറുപ്പം എന്നതിനെ + വാർദ്ധക്യം/- വാർദ്ധക്യം എന്ന് പറയാനാവില്ല.) ഇത്തരത്തിൽ വിശകലനം ചെയ്താൽ സ്ത്രൈണതയെ '-ആണത്തം' എന്നാണ് മനസ്സിലാക്കാനാവുക. ഭാഷയിൽ സ്ത്രീലിംഗപരമായ അർത്ഥഘടകത്തെ പുരുഷലിംഗം പ്രതിനിധാനം ചെയ്യുന്നതിനെപ്പറ്റി 'മാൻ മെയ്ഡ് ലാംഗ്വേജ്' എന്ന പുസ്തകത്തിൽ ഡെയ്ൽ സ്പെന്റർ പറയുന്നുണ്ട്.[1] ലോകത്തെ മനസ്സിലാക്കാനുള്ള അടിസ്ഥാനകൽപനകളിൽ ധനാത്മകമായവ ആണത്തത്തേയും ഋണാത്മകമായവ സ്ത്രൈണതയേയും പ്രതിനിധാനം ചെയ്യുന്നുവെന്ന് സ്പെന്റർ ചൂണ്ടിക്കാണിക്കുന്നു. പക്ഷേ ഇത്തരത്തിൽ ദ്വന്ദ്വവൈരുദ്ധ്യത്തെ അടിസ്ഥാനമാക്കി പ്രപഞ്ചത്തെ മനസ്സിലാക്കുന്നതിന് ആണത്ത സമീപനമുള്ള പാശ്ചാത്യചിന്താധാരകളും കാരണമായെന്ന് സ്പെന്റർ കാണുന്നില്ലെന്നും ഭാഷയിലെ ആൺകോയ്മാ സമീപനത്തെ വിമർശിച്ചുവെങ്കിലും പരോക്ഷമായി അതിനെ പിന്തുണയ്ക്കുന്ന ഘടകങ്ങൾ അവരുടെ പഠനങ്ങളിൽ വന്നിട്ടുണ്ടെന്നും ദെബോറ കാമറോൺ നിരീക്ഷിക്കുന്നുണ്ട് (Cameron, 1985: 88-89). രണ്ടാം

1 ഈ പുസ്തകത്തിൽനിന്ന് നിരവധി ഭാഗങ്ങൾ ദെബോറ കാമറോൺ വിശദീകരിക്കുന്നുണ്ട് (Cameron, 1985: 87-89).

തരംഗസ്ത്രീവാദത്തെ പിന്തുടർന്നുവന്ന പല ഫെമിനിസ്റ്റുകളും
സത്താപരമായി ലിംഗഭേദത്തെ പുനരുത്പാദിപ്പിക്കുന്നുണ്ട്. ലിംഗ
ഭേദം സംസ്കാരത്തിനും കാലത്തിനും അനുസരിച്ച് മാറ്റം വരുന്ന
താണ്. ഭാഷയിൽ നിലനിൽക്കുന്നവ എന്നതിനുപകരം സാംസ്കാ
രികമായി നിർമ്മിക്കപ്പെട്ടത് എന്ന തരത്തിൽ മനസ്സിലാക്കിയാൽ
മാത്രമേ വൈരുദ്ധ്യങ്ങളെ വിമർശനവിധേയമാക്കാനാകൂ. ഭാഷയെ
ഭാഷകൊണ്ടുതന്നെ പ്രതിനിധീകരിക്കുന്നതാണ് വ്യാകരണം.
അതിനാൽ ദ്വിതീയക്രമമായ വ്യാകരണത്തിനകത്ത് ഭാഷയെ
പ്രതിനിധാനം ചെയ്യാനാരംഭിക്കുമ്പോഴാണ് അധികാരക്രമവും
കോയ്മയും കടന്നുവരുന്നത്.

## ലിംഗവ്യത്യാസം:വ്യാകരണവും പ്രത്യയശാസ്ത്രവും

ലിംഗവ്യത്യാസം:വ്യാകരണവും പ്രത്യയശാസ്ത്രവും
ലിംഗവ്യത്യാസം:വ്യാകരണവും ലിംഗഭേദപരമായ വിഭജനത്തിലാണ് പ്രധാനമായും
ഭാഷയിലെ ലിംഗഭേദപരമായ ഭാഷാശാസ്ത്രമാതൃക കാണാനാവുന്നത്.
ദ്വന്ദ്വകൽപനയുടെ ഭാഷാശാസ്ത്രമാതൃക കാണാനാവുന്നത്.
ഭാഷയിലെ ലിംഗഭേദത്തെപ്പറ്റിയുള്ള കൽപന ചെന്നെത്തുന്നത്
പ്രാചീനഗ്രീക്ക് പണ്ഡിതനായ പ്രൊട്ടോഗോറസിലാണ്. ഗണം എന്ന
അർത്ഥത്തിലുപയോഗിക്കുന്ന ഗ്രീക്ക് വാക്കിൽനിന്നാണിതുണ്ടാ
യത്. സ്ത്രീലിംഗം, പുല്ലിംഗം, നപുംസകലിംഗം എന്നിങ്ങനെ ഗ്രീക്ക്
ഭാഷയ്ക്കകത്ത് മൂന്നുതരം ലിംഗഭേദങ്ങൾ കൽപിക്കപ്പെട്ടിട്ടുണ്ട്.
ഇതിൽ വിശേഷണങ്ങളും പ്രത്യയങ്ങളും ചേരുമ്പോൾ വരുന്ന
രൂപപരമായ മാറ്റം ലിംഗഭേദത്തെ അടിസ്ഥാനപ്പെടുത്തിയുള്ള
താണ്. ലാറ്റിനിലും മൂന്ന് ലിംഗഭേദങ്ങൾ കാണാം. ഫ്രഞ്ചിൽ
രണ്ടെണ്ണമേയുള്ളൂ. ആഫ്രിക്കയിലെ മാണ്ടു ഭാഷയിൽ കുറേ
ക്കൂടി വിപുലമായ ലിംഗവിഭജനം കാണാം. ഇംഗ്ലീഷിൽ ആദ്യകാ
ലത്ത് മൂന്ന് ലിംഗഭേദങ്ങളുണ്ടായിരുന്നെങ്കിലും പിൽക്കാലത്ത്
അത് രണ്ടെണ്ണമായി മാറുകയാണുണ്ടായത്.[1] ജീവനുള്ളവയെ
യെല്ലാം സ്ത്രീലിംഗമോ പുല്ലിംഗമോ ആയി വിഭജിച്ച ഇംഗ്ലീഷിൽ
ഡ്രൈവർ, ഫ്രണ്ട് മുതലായ ഉഭയലിംഗപദവിയുള്ള പദങ്ങളുടെ
ഭേദം സന്ദർഭനിഷ്ഠമായാണ് മനസ്സിലാക്കുന്നത്. അർത്ഥത്തെ
അടിസ്ഥാനമാക്കിയുള്ള ഇത്തരം വിഭജനത്തെ പ്രാകൃതിക വിഭ
ജന(Natural division)മെന്നുവിളിക്കാം. ഇതാണ് പൊതുവെ വ്യാക
രണകൃതികളിൽ പിൻപറ്റിവരുന്ന രീതി.

## വ്യാകരണപരമായ ലിംഗഭേദം

വ്യാകരണപരമായ ലിംഗഭേദത്തിന് യഥാർത്ഥത്തിൽ പ്രാകൃതിക
മായ ലിംഗഭേദവുമായി യാതൊരു ബന്ധവുമില്ല. രൂപപരമായി
കൽപിക്കുന്ന ഒന്നായതിനാൽ ഇംഗ്ലീഷ് ഫെമിനിസ്റ്റുകൾ ഇതിനെ

1 https://en.wikipedia.org/wiki/Gender in English



കാര്യമായി ചർച്ചയ്ക്കെടുത്തില്ല. എന്നാൽ മറ്റു പല യൂറോപ്യൻ
ഭാഷകളിലും ഈയൊരു പ്രശ്നം ഗൗരവമായി സ്വീകരിച്ചിട്ടുണ്ട്.
നാമം, സർവ്വനാമം എന്നിവയുടെ പദാന്ത്യങ്ങളിലെ പ്രത്യയങ്ങ
ളുടെ ലിംഗപരമായ വ്യത്യാസത്തിന് അവരുടെ യഥാർത്ഥ ലിംഗ
ഭേദവുമായി എന്തെങ്കിലും അടുപ്പമുണ്ടോ എന്ന ചോദ്യം രണ്ടാ
യിരം വർഷങ്ങൾക്കുമുമ്പുതന്നെ ജർമ്മൻ ഭാഷയിൽ ഉന്നയിക്ക
പ്പെട്ടിട്ടുണ്ടെന്ന് മേരി ലൂയിസ് ജാൻസൻ ജൂറിറ്റ് പറയുന്നു.[1]
സമകാല ഭാഷാശാസ്ത്രം അതിനെ ഗൗരവമായി എടുക്കുന്നില്ല.
ലിംഗഭേദത്തെ ജീവശാസ്ത്രപരമായ ലിംഗവുമായി ബന്ധപ്പെടു
ത്തിയുള്ള ആലോചനകൾതന്നെ പ്രത്യയശാസ്ത്രപരമാണ്. ആൺ/
പെൺ എന്ന അമൂർത്തസങ്കൽപ്പത്തെ ആശ്രയിക്കുന്നതാണ്
വ്യാകരണപരമായ ലിംഗഭേദം. പ്രാകൃതികമായ ലിംഗഭേദത്തിന്റെ
വികസിതരൂപമായി ഇതിനെക്കണ്ട ജേക്കബ് ഗ്രിമ്മിനെപ്പോലുള്ള
ചിന്തകർ വിപരീതഗുണങ്ങളിലൂടെ ഇത് നിർണയിക്കപ്പെടുന്നതി
നെപ്പറ്റി സിദ്ധാന്തിച്ചു. ഗ്രിമ്മിനെ പിന്തുടർന്ന് തിയോഡാർ ഹിപ്പ
ലിനെപ്പോലുള്ള ചിന്തകർ ഇതിനെ മുന്നോട്ടുകൊണ്ടുപോയി.
വ്യാകരണപരമായ ലിംഗഭേദത്തെ ശാരീരികമായ ലിംഗഭേദവു
മായി ബന്ധിപ്പിക്കുന്ന നിരവധി ഉദാഹരണങ്ങൾ വേറെയുമുണ്ട്.
കൊങ്കണിയിൽ വിവാഹിതരായ സ്ത്രീകളെ സൂചിപ്പിക്കാൻ പൗരു
ഷമുള്ള പദവും അവിവാഹിതകളെ സൂചിപ്പിക്കാൻ നപുംസക
ലിംഗവുമാണ് ഉപയോഗിക്കുന്നത്. സ്ലാവോണിക് ഭാഷയിൽ
ചേതനത്വം കൂടിയവയെ പുല്ലിംഗമായും അല്ലാത്തവയെ സ്ത്രീ
ലിംഗമായും പരിഗണിക്കുന്നു എന്ന് ബർണാഡ് കോംറി സൂചിപ്പി
ക്കുന്നു (Cameron, 1985: 92). ഭാഷയിൽ വെളിവാകുന്ന സാമൂഹ്യ
വിഭജനത്തിന്റെ സൂചനയായി ഇതിനെക്കാണാം. ഇതിനെ പ്രാചീന
സമൂഹത്തിന്റെ സൂചനയായി മാത്രം ചുരുക്കിക്കാണാനാവില്ല.
ചെയർമാൻ, ചെയർപേഴ്സൺ എന്നിങ്ങനെ സമകാലികപ്രയോ
ഗങ്ങളിലും ഇതുകാണാം. പലപ്പോഴും സ്ത്രീകൾ ഈ വേർതിരി
വിനെ പ്രതിരോധിക്കാൻ ശ്രമിക്കുന്നതും കാണാം. ഇറ്റാലിയൻ
ഭാഷയിൽ ഡോക്ടർ എന്ന വാക്കിനുപകരം സ്ത്രീലിംഗപ്രത്യയം
ചേർക്കുന്നതിനോട് വിയോജിപ്പുള്ള സ്ത്രീകൾ 'dotturi' എന്നൊരു
വാക്ക് കണ്ടെത്തി. ഫ്രഞ്ച് സംസാരിക്കുന്ന സ്ത്രീകൾ 'Le deture,
Le profesure' എന്നിങ്ങനെ പുരുഷന്മാരുപയോഗിക്കുന്ന വാക്കു

1 For two thousand years there has been an unresolved question: whether
word endings of nouns and pronouns, as well as articles, are an
extension of the qualities regarded as male or female. (JANSSEN-JURREIT,
MARIELOUISE (1982) *Sexism: the male monopoly of history and thought*
(Pluto) p. 280)

തന്നെ ഉപയോഗിക്കുന്നതുകാണാം. സാമൂഹ്യമായ ശ്രേണീകരണമാണ് പദവികളിലും കാണുന്നതെന്ന തിരിച്ചറിവാണ് ഇത്തരം പ്രതിരോധങ്ങളിലേക്കെത്തിക്കുന്നത്.

## ജീവശാസ്ത്രപരമായ ലിംഗഭേദം

ഭാഷയിലെ ലിംഗഭേദത്തിനാധാരമായി ജീവശാസ്ത്രപരമായ ലിംഗഭേദത്തെ കാണുന്ന രീതിയാണുണ്ടായിരുന്നത്. എന്നാൽ വ്യാകരണത്തിലെ ലിംഗഭേദം നേരെതിരിച്ച് ജീവശാസ്ത്രപരമായതിന് അടിത്തറയാവുന്ന രീതി സമീപകാലത്തുണ്ടായിട്ടുണ്ട്. എല്ലാ ലിംഗഭേദത്തേയും കുറിക്കാൻ പുല്ലിംഗസർവ്വനാമം ഉപയോഗിക്കുന്നതിനെതിരെ 1970 കളിൽ ഹാർഡ്‌വാർഡ് യൂണിവേഴ്‌സിറ്റിയിലെ സ്ത്രീകൾ നടത്തിയ പ്രതിഷേധം ഇവിടെ ശ്രദ്ധേയമാണ്.[1] ഇതിനെ പരിഹസിച്ചുകൊണ്ട് 'Pronoun envy' എന്ന് മാധ്യമങ്ങൾ പരിഹസിച്ചു. ഭാഷയിൽ കാണുന്ന വേർതിരിവ് വ്യക്തികൾ തമ്മിലുള്ള വേർതിരിവിന് തുല്യമല്ല. 'പുല്ലിംഗശബ്ദത്തിന് സവിശേഷമായ 'കുറി' (mark) ഇല്ലാത്ത ഭാഷയാണ് ഇംഗ്ലീഷ്. അതേസമയം ടുണികാ എന്ന ഭാഷയിൽ സ്ത്രീലിംഗപദങ്ങൾ കുറിയില്ലാത്തതും എല്ലാത്തിനേയും ഉൾക്കൊള്ളുന്നതുമാണ്. അതിനാൽ ഇവയെല്ലാം വ്യാകരണപരമായ പ്രശ്നങ്ങളാണ് എന്നതിൽക്കവിഞ്ഞ് സാമൂഹ്യവിഭജനങ്ങളുമായി അതിന് ബന്ധമില്ല' എന്നാണ് മാധ്യമങ്ങളതിനെ ന്യായീകരിച്ചത്. 'കുറിയോടുകൂടിയത്', 'കുറിയില്ലാത്തത്' എന്ന രണ്ടുതരം രൂപങ്ങളിവിടെ പരിശോധിക്കേണ്ടതുണ്ട്.

## 'കുറിസിദ്ധാന്തം' (Markedness Theory)

കുറിസിദ്ധാന്തത്തിന് 'സാർവലൗകികഭാഷ' എന്ന ചോംസ്കിയൻ സങ്കൽപനവുമായുള്ള ബന്ധത്തിൽനിന്ന് തുടങ്ങാം. കുറിയെപ്പറ്റിയുള്ള ചർച്ചയിൽ മേൽപ്പറഞ്ഞ ഹാർവാർഡ് യൂണിവേഴ്‌സിറ്റിയിലെ പ്രതിഷേധത്തെ എതിർത്തവർ പറയുന്നത് ഇംഗ്ലീഷിൽ പുല്ലിംഗപദങ്ങൾ കുറിയില്ലാത്തതും ടുണികയിൽ കുറിയുള്ളതുമാണെന്നാണ്. ഈ വാദം ചോംസ്കിയൻ 'സാർവലൗകികഭാഷ'യെ നിരാകരിക്കുന്നതാണ്. ഭാഷയുടെ കുറിയെ സംബന്ധിച്ച് ഭാഷാശാസ്ത്രപരമായി നിലനിൽക്കുന്ന തത്വങ്ങളേതെല്ലാമെന്ന് നോക്കാം. രൂപിമപരമായി അടിസ്ഥാനരൂപമാണോ അതോ അടിസ്ഥാനരൂപത്തോട് മറ്റെന്തെങ്കിലും കൂട്ടിച്ചേർത്തതാണോ എന്നതാണ് ഒരു മാനദണ്ഡം. ഇംഗ്ലീഷിലെ ഏകവചന-ബഹുവചനങ്ങൾ ഇതിനു

1 https://slate.com/human-interest/2014/04/hardward-that-time-the-linguistics-department-accused-female-students-at-the-divinity-school-of-pronoun-envy.html





ദാഹരണമാണ്. എന്നാൽ അവൻ/അവൾ(he/she) എന്ന വ്യാവർത്തനത്തിൽ ഇത് പ്രയോഗിക്കാനാവില്ല. ഗണത്തെ സൂചിപ്പിക്കാനുപയോഗിക്കുന്നതാണ് കുറിയില്ലാത്ത പദങ്ങളെന്നാണ് മറ്റൊരു തത്വം. പക്ഷേ ഈ വിശദീകരണം ഒന്നും വ്യക്തമാക്കുന്നില്ല. അർത്ഥപരമായി അലിംഗമാണെന്നതാണ് മറ്റൊരു തത്വം. പക്ഷേ he എന്ന വാക്കിന് അത്തരമൊരു പദവി ലഭിക്കുന്നത് സാമൂഹ്യമായ വിലയിരുത്തലിലൂടെയാണ്. സമാനമായ മറ്റ് ഭാഷാരൂപത്തേക്കാൾ പ്രയോഗമുണ്ടെങ്കിൽ അതിനെ കുറിയില്ലാത്തതായി പരിഗണിക്കാമെന്നാണ് നാലാമത്തെ തത്വം. പക്ഷേ ഇംഗ്ലീഷിനെ സംബന്ധിച്ച് ലിംഗകൽപ്പന അർത്ഥപരമാണെന്നിരിക്കെ ഈ തത്വം പ്രയുക്തമല്ല.[1] ചുരുക്കത്തിൽ ഗണങ്ങളെ സൂചിപ്പിക്കാൻ പുല്ലിംഗപദം ഉപയോഗിക്കുന്നതിന്റെ ന്യായം ഭാഷയിലല്ല, അത് ചരിത്രപരമായി രൂപപ്പെട്ടതാണ്. ഇംഗ്ലീഷിൽ മനുഷ്യവംശത്തെ സൂചിപ്പിക്കാൻ 'അവൻ' എന്ന സർവനാമമല്ല പണ്ട് ഉപയോഗിച്ചിരുന്നത് (ജെയ്ൻ ഓസ്റ്റിനിപ്പോലുള്ള ആദ്യകാല എഴുത്തുകാരുടെ രചനകളിൽ മനുഷ്യകുലത്തെ സൂചിപ്പിക്കാൻ he എന്നല്ല they എന്നാണ് ഉപയോഗിച്ചിരുന്നത്). പിൽക്കാലത്ത് വൈയാകരണന്മാർ ബോധപൂർവ്വം they-യ്ക്കുപകരം he എന്നതിനെ ഉറപ്പിച്ചെടുക്കുകയാണുണ്ടായത്. ആൻ ബോഡൈൻ തന്റെ 'ആൻഡ്രോസെൻട്രിസിസം ഇൻ പ്രിസ്ക്രിപ്റ്റീവ് ഗ്രാമർ' എന്ന പുസ്തകത്തിൽ ഇക്കാര്യം സമർത്ഥിക്കുന്നുണ്ട് (Cameron, 1985: 96). പുരുഷന് പ്രാധാന്യം കൽപിക്കുന്ന ആൺകോയ്മാബോധം തന്നെയാണ് ഈയൊരു തിരുത്തലിന് കാരണമെന്ന് ബോഡൈൻ നിരീക്ഷിക്കുന്നു. ഭാഷയിലെ രൂപങ്ങളെ അതായിക്കണ്ട് മനസ്സിലാക്കുന്നത് ആൺകോയ്മാവ്യവസ്ഥിതിയെയും ഭാഷാശാസ്ത്രത്തേയും മൂടിവെയ്ക്കുകയാണ് ചെയ്യുന്നത്. ഭാഷയെ ചരിത്രവത്കരിക്കുന്നതിലൂടെ മാത്രമേ ഈ നിഗൂഢവത്കരണത്തെ തകർക്കാനാവൂ. ഭാഷയെ ഭാഷണസന്ദർഭത്തിൽനിന്നും ചരിത്രസന്ദർഭത്തിൽനിന്നും അന്യവത്കരിച്ച് മനസ്സിലാക്കുന്ന ഭാഷാശാസ്ത്രത്തിന്റെ സമീപനം പിതൃമേധാവിത്വപരമാണ്. ഭാഷയിൽ പ്രവർത്തിക്കുന്ന 'സെക്സിസ'വും ഭാഷാവിശകലന പദ്ധതികൾ ഭാഷയ്ക്കുമേൽ അധ്യാരോപിച്ച 'സെക്സിസ'വും പരസ്പരം പ്രതിപ്രവർത്തിക്കുന്നുണ്ട്.

1 In the case of English gender, this is not very useful, because gender is supposedly fixed by sex reference. He occurs whenever there is a male or indefinite referent; she when the referent is female. The relative frequency of these instances is an extralinguistic question rather than a linguistic one. It depends what speakers happen to be talking about (Cameron, 1985: 95).

സെക്സിസത്തെക്കുറിച്ചാണ് ഇതുവരെ വ്യാകരണത്തിലെ സെക്സിസത്തെക്കുറിച്ചാണ് ഇതുവരെ പറഞ്ഞത്. ഭാഷയിൽ ഇതെങ്ങനെ പ്രവർത്തിക്കുന്നുവെന്നാണ് ഇനി പറയുന്നത്. പുരുഷന് ആപേക്ഷികമായി സ്ത്രീയെ തരംതാഴ്ത്തുന്ന പ്രയോഗങ്ങളേയും ആശയങ്ങളേയും കുറിക്കാനാണ് സെക്സിസം എന്ന വാക്കുപയോഗിക്കുന്നത്. ലിംഗപരമായ വിഷയത്തെ തെറ്റായരീതിയിൽ പരിചരിക്കുന്ന ഏത് സമീപനത്തേയും പുതിയ കാലത്ത് 'സെക്സിസ'മെന്ന് വിളിക്കാം. അതായത് ഏത് ലിംഗഭേദത്തേയും നിഷ്പക്ഷമായി ഉൾക്കൊള്ളുന്ന തരത്തിലേക്ക് ഇത് മാറുന്നുവെന്നർത്ഥം. സ്ത്രീകളെ കുറിക്കുന്ന വിവേചനപരമായ വാക്കുകൾ പുരുഷന്മാരെ പുറംതള്ളുന്നുവെന്ന് മാത്രമല്ല സ്ത്രീകളെ കൂടുതൽ നിയന്ത്രണങ്ങളിലേക്ക് കൊണ്ടുവരാറുമുണ്ട് (ഉദാ- മാതൃത്വം) എന്ന വിമർശനം ഫെമിനിസ്റ്റുകൾ ഉന്നയിക്കുന്നുണ്ട്. സെക്സിസ്റ്റ് ഭാഷ ലിംഗഭേദങ്ങൾക്ക് വെവ്വേറെ പദവികൾ കൽപിക്കുക മാത്രമല്ല അവയെ ശ്രേണീകരിക്കുക കൂടി ചെയ്യുന്നുണ്ട്. ലിംഗഭേദത്തെ നിഷ്പക്ഷമായി കാണുന്നവർ ഈ അസമത്വത്തെ കാണാതെ പോകുന്ന സന്ദർഭങ്ങളുമുണ്ട്. സ്ത്രീവാദഭാഷാശാസ്ത്രം ഈ അസമത്വത്തെക്കൂടി കാണുകയും ഇടപെടുകയും ചെയ്യുന്നു. അത്തരം ഇടപെടലിന്റെ ഭാഗമായി ഭാഷയിലെ സെക്സിസ്റ്റ് സ്വഭാവം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ പല തരത്തിൽ നടക്കുന്നു. അത്തരം മാറ്റങ്ങൾ ഭാഷയുടെ സൗന്ദര്യത്തെ നശിപ്പിക്കുമെന്ന് പറഞ്ഞ് അതിനോട് മുഖം തിരിഞ്ഞ് നിൽക്കുന്നവരുമുണ്ട്. സാഹിത്യത്തിലേക്കും മറ്റു ഭാഷാവ്യവഹാരങ്ങളിലേക്കുമുള്ള സ്ത്രീകളുടെ പ്രവേശനത്തെ പരിമിതപ്പെടുത്തുന്ന നിരവധി ഭാവനകൾ പ്രവർത്തിക്കുന്നുണ്ട്. ഭാഷയെ ചരിത്രപരവും സാമൂഹികവുമായി മനസ്സിലാക്കുമ്പോൾ മാത്രമേ മാറ്റത്തോടുള്ള വിമുഖത ഭാഷയിലെ ആൺകോയ്മയെ ഉറപ്പിക്കുന്നതാണെന്ന് തിരിച്ചറിയാനാകൂ.

ഭാഷയിലെ സെക്സിസം ലക്ഷണമാണെന്നും ഭാഷാനവീകരണത്തിലൂടെ അതിനെ പരിഹരിക്കാനാവുമെന്നും വാദിക്കുന്ന ഒരു വിഭാഗം ചിന്തകരുണ്ട്. കെസി മില്ലർ (Casey Miller), കേറ്റ് സ്വിഫ്റ്റ് (Kate Swift) എന്നിവർ അവരുടെ 'ഹാൻഡ്ബുക്ക് ഓഫ് നോൺ സെക്സിസ്റ്റ് റൈറ്റിങ്' എന്ന പുസ്തകത്തിൽ ഇത്തരത്തിൽ നവീകരിച്ച ഭാഷയെപ്പറ്റി പറയുന്നുണ്ട് (Cameron, 1985: 102-103). സെക്സിസ്റ്റ് ഭാഷ കാലഹരണപ്പെട്ടതാണെന്നും പ്രത്യയശാസ്ത്രപരമായ മൂഢതകൊണ്ടല്ല, മറിച്ച് അതേക്കുറിച്ച് ചിന്തിക്കാൻ സമയമില്ലാത്തതിനാലാണ് ആളുകളത് ഉപയോഗിക്കുന്നതെന്നുമാണ് ഇവരുടെ പക്ഷം. ഭാഷയിൽ വളരെ ഉപരിപ്ലവമായി





മാറ്റങ്ങൾ വരുത്തിക്കൊണ്ട് സെക്സിസം പരിഹരിക്കാമെന്ന തരത്തിൽ പ്രായോഗികമായി ഈ പ്രശ്നത്തെക്കണ്ടുവെന്നുള്ളതാണ് ഈ വാദത്തിന്റെ പരിമിതി.

സെക്സിസ്റ്റ് ഭാഷ രണ്ടുതരത്തിലുണ്ട്; വ്യാകരണപരമായി സാധുതയുള്ളതും ഇല്ലാത്തതും. ദൈനംദിന സംഭാഷണത്തിൽ കടന്നുവരുന്ന സെക്സിസം ഇതിൽ പ്രധാനമാണ്. പ്രായം, അടുപ്പം എന്നിവയ്ക്കെല്ലാം അനുസൃതമായാണ് എല്ലാവരും സംഭാഷണത്തിലിടപെടുന്നത്. എന്നാൽ സ്ത്രീകൾ എല്ലായ്പ്പോഴും തന്നോട് സംസാരിക്കുന്ന പുരുഷനോട് ബഹുമാനം സൂക്ഷിച്ചുകൊണ്ടാണ് ഇടപെടുക. തിരിച്ച് പുരുഷന്റെ സംസാരത്തിലത് ഉണ്ടായിക്കൊള്ളണമെന്നില്ല. പുരുഷന്മാരുടെ ഈ ഇടപെടൽ സംഭാഷണത്തിലെ പരസ്പരബഹുമാനത്തെ ഇല്ലാതാക്കുന്നുണ്ട്. അപരിചിതരായ സ്ത്രീകളായാൽപ്പോലും പുരുഷന്മാർ ഇടപെടുന്ന ഈ രീതി അനുവാദമില്ലാതെ ആർക്കും കയറിച്ചെല്ലാവുന്ന ഒന്നായി സ്ത്രീയുടെ ലോകത്തെ കാണുന്നതിനാൽ ഉണ്ടാവുന്നതാണ്. പ്രായപൂർത്തിയായ ഒരാളെന്ന നിലയിലുള്ള കർതൃപദവി സ്ത്രീക്ക് നിഷേധിക്കപ്പെടുകയാണിവിടെ. മിസ്സ്, മിസ്സിസ്സ് എന്നതിലെ വ്യത്യാസം പരിഹരിച്ച് Ms. എന്നുപയോഗിച്ചുകൊണ്ട് ഭാഷയിലെ ഒരു ഇടപെടൽ അമേരിക്കയിൽ നടന്നിട്ടുണ്ട്. പക്ഷേ ഇതിനെ കേവലം ഭാഷാപ്രശ്നമായല്ല, പ്രത്യയശാസ്ത്രപരമായ പ്രശ്നമായാണ് മനസ്സിലാക്കേണ്ടത്. അത്ര നിസ്സാരമല്ലാത്ത അപമാനങ്ങളും ഇതിന്റെ തുടർച്ചയെന്നോണം സ്ത്രീകൾക്ക് നേരിടേണ്ടിവരാറുണ്ട്. തീർത്തും അപരിചിതരായ ആളുകൾ തമ്മിലുള്ള സംഭാഷണത്തിന് വിഷയപരമായും മറ്റും നേരിടുന്ന തടസ്സങ്ങളുണ്ട്. പക്ഷേ ഈ പരിമിതികൾ സ്ത്രീകളോട് ഇടപെടുമ്പോൾ ഇല്ലാതാവുന്നതായി കരോൾ ബ്രൂക്സ് ഗാർഡ്നർ നിരീക്ഷിക്കുന്നുണ്ട് (Cameron, 1985: 107). പൊതുവിടങ്ങൾ പുരുഷന്മാരുടേതാണെന്നും സ്ത്രീകളോട് എന്തും പറയാനുള്ള സ്വാതന്ത്ര്യം പുരുഷനുണ്ടെന്നുമുള്ള ധാരണയാണിതിനു കാരണം. തിരിച്ച് അവൾ പ്രതികരിച്ചാൽ ധിക്കാരിയായി കണക്കാക്കപ്പെടും. ഇതിന്റെ ഫലമായി പൊതുവിടങ്ങളിൽ എപ്പോഴും ജാഗ്രതയോടുകൂടി തന്നെപ്പറ്റി മാത്രം ചിന്തിച്ചുകൊണ്ട് നിൽക്കേണ്ട അവസ്ഥ സ്ത്രീക്ക് വരുന്നു. അത്തരം ജാഗ്രതയില്ലാത്തവരെ അഭിസംബോധന ചെയ്യാൻ സ്ത്രീശരീരത്തെ ചുറ്റിപ്പറ്റി നിരവധി തെറിപ്പദങ്ങളും ഭാഷയിലുണ്ട്. പുല്ലിംഗപദങ്ങൾ വരുന്ന തെറിവാക്കുകൾ വിരളമാണ്. ലൈംഗികമായ ആഗ്രഹം വെളിവാക്കുന്ന സ്ത്രീകളെ മോശപ്പെട്ടവളായി കാണുന്നു (ഓക്സ്ഫോർഡ് നിഘണ്ടുവിൽ Prostitute എന്നതിന് സമാനമായി 202 വാക്കുകളുണ്ട്. പക്ഷേ, Male prostitute എന്നതിനു സമാനമായി വിരലിലെണ്ണാ

രുന്ന പദങ്ങളെയുമുള്ളൂ). ഒരുകാലത്ത് സ്ത്രീകളേയും പുരുഷന്മാരെയും സൂചിപ്പിക്കാനുപയോഗിച്ചിരുന്ന വാക്കുകൾ പിന്നീട് സ്ത്രീകളെ മാത്രം സൂചിപ്പിക്കുന്നവയായി മാറുകയും അവയ്ക്ക് അപമാനം കൈവരികയുമാണ് ചെയ്തതെന്നും പുരുഷനോട് ചേർന്നുനിന്ന അവയ്ക്ക് സാമാന്യപദവി കൈവന്നുവെന്നും ഇംഗ്ലീഷ് ഭാഷാചരിത്രം പരിശോധിച്ചുകൊണ്ട് മ്യൂരിയൽ ഷൂൾസ് പറയുന്നുണ്ട് (Cameron, 1985: 108). സ്ത്രീകളോടുള്ള ഭയത്തിൽനിന്നും പല മുൻവിധികളിൽനിന്നുമൊക്കെയാണ് ഭാഷയിൽ ഇത്തരം ആൺകോയ്മാരൂപങ്ങളുണ്ടായത്. ഇത്തരം ഭാഷാരൂപങ്ങൾ മറ്റൊരു യാഥാർഥ്യം സൃഷ്ടിക്കുകയും സ്ത്രീകളെ കൂടുതൽ പ്രതിസന്ധികളിലെത്തിക്കുകയും ചെയ്യുന്നുണ്ട്. ഭാഷ മർദ്ദനോപാധിയായി മാറുകയാണിവിടെ.

സ്ത്രീകളെ അപമാനിക്കുന്നതിനുപയോഗിക്കുന്ന അശ്ലീലപദങ്ങൾക്ക് സമാനമായ പുല്ലിംഗശബ്ദങ്ങളില്ല എന്ന് ഇതേക്കുറിച്ച് പഠിച്ച Sue Lees എന്ന സാമൂഹ്യഭാഷാശാസ്ത്രജ്ഞ പറയുന്നുണ്ട് (Cameron, 1985: 78). ഇത്തരം പദങ്ങളെ സന്ദർഭം മാറ്റിയുപയോഗിച്ച് പ്രതിരോധം സൃഷ്ടിക്കുന്ന രീതി ഫെമിനിസ്റ്റുകൾ സ്വീകരിക്കാറുണ്ട്. അതിനായി അശ്ലീലപദങ്ങളെ നിരവധി ഫെമിനിസ്റ്റുകൾ പഠനവിധേയമാക്കി. അശ്ലീലപദങ്ങളുടെ നിരുക്തം അന്വേഷിക്കുന്ന മേരി ഡാലിയുടെ പഠനം അതിൽ പ്രധാനമാണ്. അവർ നൽകുന്ന ഉദാഹരണം-Cunt എന്ന വാക്ക് പൊതുവെ സ്ത്രീകളുപയോഗിക്കാറില്ല. Vagina എന്നാണുപയോഗിക്കാറുള്ളത്. പക്ഷേ, Vagina എന്നതിന്റെ മൂലാർത്ഥം ലാറ്റിനിൽ വാളുറ എന്നാണ്. പുരുഷലിംഗത്തെ ഉൾക്കൊള്ളുന്നത് എന്ന അർത്ഥമാണ് അതിന് കൈവരുന്നതെന്നതിനാൽ അതും അഭിമാനപൂർവ്വം ഉപയോഗിക്കാനാവില്ലെന്നുവരുന്നു. നിരുക്തത്തെ പരിഗണിച്ചും അവഗണിച്ചും ഫെമിനിസ്റ്റുകൾക്ക് ഈ പ്രശ്നത്തിൽ ഇടപെടേണ്ടിവരാറുണ്ട്. ഉത്തരാധുനികമായ ചിഹ്നവിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ വാക്കിന്റെ ഘടന, അക്ഷരങ്ങൾ, ചരിത്രം എന്നിവയെയെല്ലാം രാഷ്ട്രീയമായ ലക്ഷ്യത്തോടെ പ്രയോജനപ്പെടുത്തിയാണ് പുതിയ സാഹചര്യത്തിൽ ഫെമിനിസ്റ്റുകൾ ഇതിനെ നേരിടുന്നത്. സവിശേഷമായ രീതിയിൽ പദച്ഛേദം നടത്തി അർത്ഥം ആരോപിക്കുക, പദങ്ങളുടെ പഴയ അർത്ഥത്തെ തിരിച്ചുകൊണ്ടുവരിക എന്നിങ്ങനെ പല രീതികളും അവരതിനുപയോഗിക്കുന്നു (തെറാപ്പിസ്റ്റ് എന്നതിനെ 'ദി റേപ്പിസ്റ്റ്' എന്ന് മുറിക്കുന്നത്, ഗ്ലാമർ എന്നതിന് പണ്ടുണ്ടായിരുന്ന മാന്ത്രികശക്തി എന്ന അർത്ഥം തിരിച്ചുകൊണ്ടുവരുന്നത് എന്നിവയെല്ലാം ഇതിനുദാഹരണങ്ങളാണ്). മേരി ഡാലി, ഹെലെൻ സിക്സു തുടങ്ങിയവരാണ് ഇത്തരത്തിൽ





വിമർശനങ്ങളുന്നയിച്ചത്. ബുദ്ധിജീവികളെന്നുവിളിക്കപ്പെടുന്ന ചിലർക്കിടയിൽ മാത്രം ഒതുങ്ങുന്നതാണ് ഇത്തരം ചർച്ചകളെന്ന വിമർശനം ഇതിനെതിരെ ഉന്നയിക്കപ്പെട്ടു. പക്ഷേ, ഫെമിനിസ്റ്റ് വ്യവഹാരത്തിൽ ഏതൊരു ചലനത്തിനും വിപ്ലവാത്മകമൂല്യമുണ്ട്.

## സ്ഥാപനവൽക്കരിച്ച സെക്സിസം : നിഘണ്ടുക്കളും വ്യാകരണകൃതികളും

ഇതുവരെ പരാമർശിച്ച നിയന്ത്രിതമല്ലാത്ത ഭാഷണസന്ദർഭങ്ങളിലെ ഇടപെടലിനേക്കാൾ കുറേക്കൂടി പ്രായോഗികമായി ഭാഷയിലെ ലിംഗസമത്വത്തെക്കുറിച്ച് പൊതുബോധം സൃഷ്ടിക്കാൻ സ്ഥാപനവൽകൃതമായ ഭാഷാപ്രയോഗങ്ങളിലെ ഇടപെടൽ സഹായിക്കും (നിഘണ്ടുവിൽ മാറ്റം വരുത്തിയതുകൊണ്ട് ഭാഷ മാറണമെന്നില്ല എന്ന് ഇതിനെതിരെ വിമർശനമുന്നയിക്കുന്നവരുമുണ്ട്). ഭാഷയെ ജനാധിപത്യവൽക്കരിക്കുന്നതിൽ വിദ്യാഭ്യാസത്തിനും നിഘണ്ടുക്കൾക്കും പത്രങ്ങൾക്കുമെല്ലാം വലിയ പങ്കുണ്ട്. വിദ്യാഭ്യാസം, പ്രസാധനം, മാധ്യമം, നിഘണ്ടുവിജ്ഞാനം എന്നിവയെ കാവൽ സ്ഥാപനങ്ങൾ (ഗേറ്റ് കീപ്പിങ് ഇൻസ്റ്റിറ്റ്യൂഷൻസ്) എന്നാണ് വിളിക്കുന്നത്. അവയൊന്നും നിഷ്പക്ഷമല്ല. നിഘണ്ടുനിർമ്മാണത്തിലും നിഘണ്ടുവിജ്ഞാനത്തിലും കഴിഞ്ഞ കുറേക്കാലമായി ഫെമിനിസ്റ്റുകൾ ഇടപെടുന്നുണ്ട്. ഫെമിനിസ്റ്റ് നിഘണ്ടുവിജ്ഞാനം[1] എന്ന ഒരു പദ്ധതിതന്നെ ഇതിന്റെ ഫലമായി വികസിച്ചുവന്നിട്ടുണ്ട്.

## ഫെമിനിസ്റ്റ് നിഘണ്ടുവിജ്ഞാനം

ഭാഷയുടെ പ്രയോഗത്തെ നിയന്ത്രിക്കുന്നവയാണ് നിഘണ്ടുക്കൾ. ‘ശരിയായ’ പ്രയോഗം എന്തെന്നറിയാനാണ് ഭാഷ പ്രയോഗിക്കുന്നയാൾ നിഘണ്ടു ഉപയോഗിക്കുന്നത്. അതിനാലത് വിവരണാത്മകം മാത്രമല്ല, നിർദ്ദേശാത്മകവുമാണ്. വാമൊഴിയെ ഭാഷാഭേദമായി പരിഗണിക്കുന്നു, ജനപ്രിയസാഹിത്യത്തിലും മറ്റും കാണുന്ന സ്ത്രീവിരുദ്ധമായ പല പദങ്ങളും ഉൾക്കൊള്ളുന്നില്ല എന്നിങ്ങനെ നിരവധി പരിമിതികൾ നിഘണ്ടുക്കൾക്കുണ്ട്. അൽമ ഗ്രാം എന്ന ഭാഷാശാസ്ത്രജ്ഞ ‘ദി മേക്കിങ് ഓഫ് എ നോൺ സെക്സിസ്റ്റ് ഡിക്ഷണറി’ എന്ന ഒരു ലേഖനമെഴുതിയിട്ടുണ്ട്. സ്കൂളുകളിൽ കുട്ടികളുപയോഗിക്കുന്ന നിഘണ്ടുക്കൾ അമിതമായ പുരുഷസൂചനകളുള്ള സ്രോതസ്സിൽനിന്നുണ്ടായതാണെന്ന് കണ്ടെത്തിയ ഇവർ കൂടുതൽ പ്രാതിനിധ്യ സ്വഭാവമുള്ള നിഘണ്ടു നിർമ്മിക്കാനുള്ള ശ്രമം നടത്തുകയുണ്ടായി. പത്ത് വർഷങ്ങ

1 മലയാളം സർവ്വകലാശാലയിൽ നടന്ന പദ്ധതി.

ർക്കുശേഷം 'റോജറ്റ്സ് തെസൊറസ്' എന്ന പേരിൽ ഒരു നിഘണ്ടു നിർമ്മിക്കപ്പെട്ടു. പിന്നീട് Cheris Kramare, Paula Tericheer എന്നിവർ ചേർന്ന് 'എ ഫെമിനിസ്റ്റ് ഡിക്ഷണറി' എന്ന പേരിൽ നിഘണ്ടു തയ്യാറാക്കി. നിലവിലുള്ള നിഘണ്ടുക്കളുടെ ആധികാരികതയെ ചോദ്യം ചെയ്യുന്ന ഈ നിഘണ്ടു സ്ത്രീകൾ എഴുതിയതോ ശേഖരിച്ചതോ ആയ സ്രോതസ്സുകളിൽ നിന്നാണ് അർത്ഥം സ്വീകരിച്ചിരിക്കുന്നത് (വീട് എന്നതിന് ബെറ്റി ഫ്രൈഡൻ നൽകുന്ന, 'A comfortable concentration camp' എന്ന നിർവചനമാണ് അർത്ഥമായി കൊടുത്തിരിക്കുന്നത്). അത് സാമാന്യമായി ആളുകൾ അംഗീകരിച്ച അർത്ഥമായിക്കൊള്ളണമെന്നില്ല. മുഖ്യധാരാ നിഘണ്ടുനിർമ്മാണത്തെ പരിഹസിക്കുന്ന പല പ്രയോഗങ്ങളും ഇതിനകത്തുണ്ട്. എടുത്തുപറയേണ്ട മറ്റൊരു ശ്രമം മേരി ഡാലിയും ജെയിൻ കപ്യൂട്ടിയും ചേർന്ന് തയ്യാറാക്കിയ 'Webster's Intergalactic Wickedary of the English Language' ആണ്. അന്നത്തെ ദേശസ്നേഹിയായ നോഹ് വെബ്സ്റ്റർ എന്ന പണ്ഡിതന്റെ പേരിലാണിത് ഉണ്ടായത്. നെയ്ത്തുകാരി എന്നർത്ഥം വരുന്ന 'വെബ്സ്റ്റർ' എന്ന തലക്കെട്ടോടെ വാക്കുകൾക്ക് സാമാന്യപ്രയോഗത്തിനപ്പുറമുള്ള സാധ്യതകളെ ഈ നിഘണ്ടു ചൂണ്ടിക്കാണിക്കുന്നു. റെയ്മണ്ട് വില്യംസിന്റെ 'കീവേർഡ്സി'ന്റെ മാതൃകയിൽ 'വുമൺ വേർഡ്സ്' എന്നൊരു ഗ്രന്ഥം പിന്നീട് പ്രസിദ്ധീകരിക്കപ്പെട്ടു. പദങ്ങളുടെ പ്രയോഗസാധ്യതയെ ഉൾക്കൊണ്ടുകൊണ്ട്, അത് ഇനിയും മാറുമെന്ന കാഴ്ചപ്പാടിലാണ് റെയ്മണ്ട് വില്യംസ് കീവേർഡ്സ് തയ്യാറാക്കിയിരിക്കുന്നതെന്ന് അതിന്റെ ആമുഖത്തിൽ പറയുന്നുണ്ട്.[1] പദങ്ങളെ ബോധതലത്തിലേക്ക് ആനയിച്ച് വിമർശനാത്മകമായി കാണാനുള്ള പ്രേരണയാണ് ഫെമിനിസ്റ്റ് നിഘണ്ടുക്കൾ നൽകുന്നത്.

### സ്ത്രീവാദികളും വ്യാകരണവും - നിഷ്പക്ഷഭാഷ എന്ന മിത്ത്

ഭാഷയിലെ സർവ്വനാമങ്ങളാണ് സെക്സിസത്തിന്റെ പ്രധാനമേഖല. പുരുഷനെന്ന ഒരു വിഭാഗത്തെ മാത്രം മനുഷ്യരെന്ന ജീവി

1 "This is not a neutral review of meanings. It is an exploration of [a] vocabulary....which has been inherited within precise social and historical conditions and which has to be made at once conscious and critical - subject to change as well as continuity - if the millions of people in whom it is active are to see it as active: not as a tradition to be learned, nor a consensus to be accepted;....but as a vocabulary to use, to find our ways in, to change as we find it necessary to change it, as we go on making our own language and history" (Williams, 1976: 21-2).





വർഗമായി കാണുകയും സ്ത്രീകളടക്കമുള്ള മറ്റു വിഭാഗങ്ങളെ ഉപവർഗമായി കാണുകയും ചെയ്യുന്നുവെന്നതാണ് അവയുടെ പ്രശ്നം. സെക്സിസ്റ്റല്ലാത്ത ഭാഷാപ്രയോഗത്തിലൂടെ തിരുത്തേണ്ട തെറ്റാണ് അതെന്നാണ് മില്ലറും സ്വിഫ്റ്റും പറയുന്നത്. നിഷ്പക്ഷമായതോ എല്ലാ ലിംഗഭേദങ്ങളേയും ഉൾക്കൊള്ളുന്നതോ ആയ ഭാഷ എന്നതാണിവിടെ സെക്സിസ്റ്റല്ലാത്ത ഭാഷ എന്നതിന്റെ ഉദ്ദേശം. അമേരിക്കയിലെ സ്കൂൾ പുസ്തകങ്ങളിലുപയോഗിക്കുന്ന വ്യാകരണത്തെക്കുറിച്ച് 1975-ൽ ആൻ ബോഡൈൻ പഠനം നടത്തുകയും ആണത്തത്തിന്റേതായ പ്രയോഗങ്ങളെ പ്രശ്നവത്കരിക്കുകയും ചെയ്തിട്ടുണ്ട്.[1] ഈ പഠനം വന്ന് പത്തുപതിനഞ്ച് വർഷം കഴിയുമ്പോഴേക്കും സെക്സിസ്റ്റല്ലാത്ത ഭാഷ അവിടത്തെ പാഠപുസ്തകങ്ങളിൽ കടന്നുവരാനാരംഭിച്ചു. ഇത്തരം മാറ്റങ്ങൾ ഭാഷയുടെ സ്വാഭാവികതയെ തകർക്കുമെന്നും അതുകൊണ്ട് പ്രയോജനമില്ലെന്നും പറഞ്ഞ് വിമർശനമുന്നയിച്ചവരുണ്ട്. ഭാഷാപരമായ തെരഞ്ഞെടുപ്പുകൾക്ക് പ്രതീകാത്മകമായ മൂല്യമുണ്ടെന്നും അതിനാൽ ഭാഷയിൽ തിരുത്തലുകൾ ആവശ്യമാണെന്നുമുള്ള മറുപടിയാണ് ഫെമിനിസ്റ്റുകൾ നൽകിയത്. സെക്സിസ്റ്റല്ലാത്ത ഭാഷ പ്രയോഗിക്കുന്നതിലൂടെ മനുഷ്യകുലത്തെയാകെ പുരുഷൻ പ്രതിനിധീകരിക്കുന്നതിൽ മാറ്റം വരും. പക്ഷേ സ്ത്രീകളെക്കൂടി പരിഗണനയ്ക്കെടുക്കാൻ അത് സഹായിക്കുമോ എന്ന ചോദ്യം അവശേഷിക്കുന്നു. ലിംഗപരമായ പക്ഷപാതിത്വമില്ലാത്ത വാക്കുകൾ നിരന്തരം പുരുഷസമൂഹത്തെ സൂചിപ്പിക്കാനുപയോഗിക്കുന്നതിലൂടെ ആ വാക്ക് പക്ഷപാതിത്വമുള്ളതായി മാത്രം വ്യവഹരിക്കുന്നുവെന്ന് വരും. 1989-ൽ അമേരിക്കൻ സുപ്രീംകോടതി സ്ത്രീകൾക്ക് ഗർഭഛിദ്രത്തിനുള്ള അവകാശത്തെ നിയന്ത്രിക്കുന്ന ഉത്തരവ് പുറപ്പെടുവിച്ച സന്ദർഭത്തിൽ അതിനെതിരെ 'നേരൽ' (NARAL)[2] എന്ന സംഘടന 'അമേരിക്കക്കാർക്ക് അടിസ്ഥാനപരമായ ഒരു സ്വാതന്ത്ര്യം നഷ്ടപ്പെട്ടിരിക്കുന്നു' എന്ന് ന്യൂയോർക്ക് ടൈംസിൽ പരസ്യം ചെയ്തു. 'അമേരിക്കൻസ്' എന്ന പ്രയോഗത്തിലൂടെ അവർ അമേരിക്കൻ സ്ത്രീകളുടെ പൗരത്വം ഉറപ്പിക്കാനാണ് ശ്രമിച്ചത്. ഏതാനും മാസങ്ങൾക്കുശേഷം 'അമേരിക്കൻ പൗരരുടെ ഭാര്യമാർ ആക്രമിക്കപ്പെടുന്നത് നമുക്കു നോക്കി

1 Ann Bodine, 'Androcentricism in perspective grammar' Language in society, Volume 4, 1975.

2 NARAL-National Association for the Repeal of Abortion Laws. 1969-ൽ അമേരിക്കയിൽ ഗർഭഛിദ്രം നിയമാനുസൃതമാക്കണമെന്നാവശ്യപ്പെട്ട് രൂപപ്പെട്ട സംഘടന. പാറ്റ് മാഗിനിസ്, റൊവിന ഗർണർ എന്നിവരുടെ നേതൃത്വത്തിലാണ് സംഘടന രൂപപ്പെട്ടത്. അതിന്റെ ആദ്യ കോൺഫറൻസിൽ ബെറ്റി ഫ്രൈഡൻ പങ്കെടുത്ത് സംസാരിക്കുകയുണ്ടായി.

അവിടുത്തെ
നിൽക്കാനാവില്ല' എന്ന പരസ്യപ്രസ്താവനയിലൂടെ വ്യക്ത
സ്ത്രീകളുടെ പൗരത്വം പുരുഷന് ആപേക്ഷികമാണെന്ന് മാത്രമുൾക്കൊ
മാക്കി. ഇവിടെ പൗരർ എന്നത് പുരുഷസമൂഹത്തെ പ്രധാന
ള്ളുന്നതാണെന്ന് വെളിവാകുന്നു. സന്ദർഭമാണ് ഇവിടെ പൊതുവില്ലു
മാവുന്നത്. അതുപോലെ ചെയർപേഴ്സൺ എന്നത് സ്ത്രീയെ
പയോഗിക്കാതെ പുരുഷനെ ചെയർമാൻ എന്നും ഭാഷയിൽ
ചെയർപേഴ്സൺ എന്നും വേർതിരിക്കുന്നു. അതിനാൽ മാറ്റം
നടത്തുന്ന ഏതൊരു പരീക്ഷണവും മനോഭാവത്തിൽക്കൂടി ഫെമി
വരുത്തിക്കൊണ്ടല്ലാതെ നിലനിൽക്കില്ല. പലപ്പോഴും ഇത്
നിസ്റ്റുകളുടെ പ്രശ്നമായിക്കണ്ട് എതിർക്കുകയാണ് ചെയ്യുന്നത്.
ഭാഷാപരിഷ്കരണത്തിൽ മികച്ച സംഭാവനകൾ നൽകിയ മില്ലറും
സ്വിഫ്റ്റും തിരുത്തേണ്ട ഒരു ഭാഷാപ്രശ്നമായാണ് ഇതിനെക്കാ
ണുന്നത്.[1] സെക്സിസ്റ്റല്ലാത്ത ഭാഷ ഉപയോഗിക്കുന്നതിലൂടെ
കാര്യങ്ങൾക്ക് വ്യക്തത കൈവരുന്നുവെന്നാണ് ഇവർ പറയു
ന്നത്. പക്ഷേ അധികാരത്തിന്റെ ഇടനിലയോടെ ശ്രേണീകരിക്ക
പ്പെട്ട ഒരു വ്യവസ്ഥയായി ഭാഷയെക്കാണുന്നില്ല എന്നതാണ് പ്രധാ
നമായും മില്ലറും സ്വിഫ്റ്റും ഭാഷാപരിഷ്കരണവാദത്തിന്റെ പരി
മിതി. ചരിത്രപരവും പ്രത്യയശാസ്ത്രപരവുമായ കലർപ്പില്ലാതെ
ഭാഷയെ യാഥാർഥ്യത്തിന്റെ പ്രതിബിംബമായി കാണുന്നതാണ്
ഈ പരിമിതിക്ക് കാരണം. ഭാഷയിലെ സെക്സിസത്തിന് ഇളക്കം
തട്ടാതിരിക്കാൻ ഫെമിനിസ്റ്റ് ഭാഷാശാസ്ത്രത്തിനെതിരെ വാദി
ക്കുന്ന യാഥാസ്ഥിതികവാദികൾ സാമൂഹ്യക്രമത്തെക്കൂടിയാണ്
സംരക്ഷിക്കുന്നത്.

### നിശ്ശബ്ദത, അന്യവൽക്കരണം, ദമനം–ഭാഷയുടെ സ്ത്രീവാദമാതൃകകൾ

ഭാഷാപരമായ ബദൽ നിർമിച്ചതുകൊണ്ടുമാത്രം ഭാഷയിലെ സെക്സിസത്തെ ചെറുക്കാൻ സാധിക്കില്ലെന്നുകണ്ടു. ഭാഷ യാഥാർഥ്യത്തെ നിർമ്മിക്കുന്നുവെന്ന് പറയുന്ന ചിഹ്നവിജ്ഞാനീയപരവും ഉത്തരാധുനികവുമായ ചില സിദ്ധാന്തങ്ങൾ പ്രതിരോധത്തിനുള്ള സാധ്യതകൾ നൽകുന്നു. അവയെയാണ് ഇനി പ്രതിപാദിക്കുന്നത്.

1 കേസി മില്ലറും കേറ്റ് സ്വിഫ്റ്റും ചേർന്നെഴുതിയ കൃതിയാണ് 'Handbook of Non sexist Writing' എന്നത്. കാലഹരണപ്പെട്ട ഭാഷാരൂപമായാണ് അവർ സെക്സിസ്റ്റ് ഭാഷയെ കാണുന്നത്. ആളുകൾ ഭാഷാപ്രയോഗത്തിൽ അടിമകളെപ്പോലെയാണ്. കേട്ടതും പഠിച്ചതും ആവർത്തിക്കാനല്ലാതെ പുതിയ ഭാഷാപ്രയോഗങ്ങൾക്ക് ആരും ധൈര്യം കാണിക്കാറില്ല. അപ്രകാരം ധീരത പ്രദർശിപ്പിച്ചാൽ മാത്രമേ, സെക്സിസ്റ്റ് ഭാഷയെ തകർക്കാൻ കഴിയൂ (Cameron, 1985: 102-103).





1960കളോടെ അമേരിക്കയിലുണ്ടായി അമേരിക്കയിലും ബ്രിട്ടണിലും വ്യാപിച്ച സമൂലസ്ത്രീവാദസിദ്ധാന്തങ്ങളാണ് (റാഡിക്കൽ ഫെമിനിസ്റ്റ് തിയറീസ്) അതിലൊന്ന്. പുരുഷനെ പൂർണ്ണമായി പുറംതള്ളുന്ന, ലിംഗഭേദത്തെ പ്രധാനമായിക്കണ്ട, സ്ത്രീകളുടേതുമാത്രമായ മുന്നേറ്റമാണ് സമൂലസ്ത്രീവാദത്തിന്റേത്. ഭാഷ പൂർണമായും പുരുഷനിർമ്മിതമാണെന്നും അതിലൂടെ സ്ത്രീ നടത്തുന്ന ആവിഷ്കാരം അവളുടെ സ്വത്വത്തെ ശിഥിലമാക്കുന്നുവെന്നുമാണ് ഇവർ സിദ്ധാന്തിക്കുന്നത്. സ്ത്രീയുടെ ഉദ്ഗ്രഥിതമായ ആത്മത്തെ നിശ്ശബ്ദമാക്കുകയാണ് ഭാഷ ചെയ്യുന്നതെന്ന് ഇതിന്റെ വക്താവായ മേരി ഡാലി നിരീക്ഷിക്കുന്നുണ്ട്. പിതൃമേധാവിത്വഘടകങ്ങൾ പ്രവർത്തിക്കുന്ന ഭാഷയ്ക്കകത്ത് സ്ത്രീകൾ അന്യവത്കരിക്കപ്പെടുന്നു. ഭാഷയെ തിരിച്ചുപിടിക്കുന്നതിലൂടെയാണ് അവർക്ക് സ്വയം നിർമ്മിക്കാനാവുക എന്നാണ് ആൻഡ്രിയൻ റിച്ചിനെപ്പോലുള്ള സമൂലസ്ത്രീവാദികളുടെ വാദം.

പ്രധാനമായും മൂന്ന് സിദ്ധാന്തങ്ങളാണ് ഇവിടെ പരാമർശിക്കേണ്ടത്;

1) ഷെർലിയും ഹെന്റി ആർഡ്നറും അവതരിപ്പിക്കുന്ന 'മൂകരാക്കപ്പെട്ടവരുടെ ഗണത്തെ സംബന്ധിച്ച സിദ്ധാന്തം' (മ്യൂട്ടഡ് ഗ്രൂപ്പ് തിയറി)
2) ഡെയ്ൽ സ്പെന്ററുടെ 'പുരുഷനിർമ്മിതഭാഷ'
3) സുസന്റെ ഹേഡൻ എൽജിൻ അവതരിപ്പിക്കുന്ന 'ദേശ്യഭാഷ' (Cameron, 1985: 129-30)

ഇവ മൂന്നും ഭാഷാനിർണയനവാദത്തെയും ഭാഷ പുരുഷനാൽ നിയന്ത്രിക്കപ്പെടുന്നുവെന്ന വാദത്തേയും അംഗീകരിക്കുന്നു. ഇത്തരത്തിൽ പുരുഷനിർമ്മിതഭാഷ ഉപയോഗിക്കുന്നതോടെ സ്ത്രീകൾ സ്വന്തം അനുഭവങ്ങളിൽനിന്ന് അന്യവത്കരിക്കപ്പെടുന്നു.

### ഭാഷയും യാഥാർഥ്യവും

യാഥാർഥ്യം എന്നത് കാഴ്ചപ്പുറത്താണെന്നും നമ്മളതിനെ ഭാഷാപരമായ ഇടനിലയുടെ സഹായത്തോടെ പേരിട്ടുവിളിക്കുകയാണ് ചെയ്യുന്നത് എന്നതുമാണ് പ്രബലമായ ഒരു വാദം. യാഥാർഥ്യമെന്നത് അനുഭവങ്ങളുടെ തെരഞ്ഞെടുപ്പിലൂടെ ഓരോരുത്തരും സൃഷ്ടിക്കുന്നതാണെന്നാണ് മറ്റൊരു വാദം. ഇത് പ്രകാരം യാഥാർഥ്യനിർമ്മിതിക്കാവശ്യമായ ചില സംവർഗങ്ങളെ നൽകുന്ന സ്വതന്ത്രമായ അസ്തിത്വമുള്ള ചിന്തയുടെ ഉപാധിയാണ് ഭാഷ. അത് കാഴ്ചപ്പാടുകളെ പ്രതിഫലിപ്പിക്കുകയാണ് ചെയ്യുന്നത്, നിർണയിക്കുകയല്ല. സമൂലസ്ത്രീവാദികൾ ഈ കാഴ്ചപ്പാടി

നോട് യോജിച്ച് ഭാഷയിലെ സംവർഗങ്ങൾക്കകത്ത് സ്ത്രീകൾക്ക് തങ്ങളുടെ അനുഭവങ്ങൾ ഒതുക്കേണ്ടിവരുന്നുവെന്ന് വാദിക്കുന്നു. സൊസ്യൂർ, സപീർ, വൂർഫ് എന്നിവരുടെ ഭാഷാസിദ്ധാന്തങ്ങളുടെ പിൻബലത്തിലാണ് ഫെമിനിസ്റ്റുകൾ ഇത് അവതരിപ്പിക്കുന്നത്.

## നിർണയനവാദത്തിന്റെ സൈദ്ധാന്തികമായ വേരുകൾ

ചിന്തയെന്നത് അമൂർത്തമാണെന്നും ആശയങ്ങളെ വേറിട്ടു മനസ്സിലാക്കാൻ ചിഹ്നങ്ങളുടെ സഹായത്തോടെയല്ലാതെ സാധിക്കില്ലെന്നതുമാണ് സൊസ്യൂറിയൻ പരികല്പന. ഭാഷയും ചിന്തയും പരസ്പരം വേർപെടുത്താനാവാത്തവിധം സഹസ്ഥിതങ്ങളാണെന്നാണ് സൊസ്യൂർ പറയുന്നത്. സൊസ്യൂറിൽ ഭാഷാനിർണയനവാദം കാണാനാവില്ലെങ്കിലും ലകാനിലെത്തുമ്പോഴേക്ക് അത് ശക്തമാകുന്നുണ്ട്. ലകാൻ പറയുന്ന പ്രതീകക്രമം എന്നത് സൊസ്യൂറിയൻ സൂചകക്രമമാണ് (സൂചകങ്ങളുടെ അർത്ഥം മറ്റുസൂചകങ്ങളുമായുള്ള ബന്ധത്താൽ ലഭിക്കുന്നതാണ്). അതിലേക്കാണ് കുട്ടി പ്രവേശിക്കുന്നത്. അധ്യാരോപിതത്വമാണ് അതിന്റെ സവിശേഷത. സൊസ്യൂറിയൻ ആശയത്തിൽ തുടങ്ങിവെച്ച ഭാഷാസങ്കല്പം ലകാനിയൻ മനശ്ശാസ്ത്രമാണ് പിൽക്കാലത്ത് വികസിപ്പിച്ചത്.

സപീർ-വൂർഫ് പരികല്പനയാണ് മറ്റൊരു സൈദ്ധാന്തിക അടിത്തറ. അമേരിക്കയിലെ ആദിമനിവാസി ഭാഷകളെ പഠനവിധേയമാക്കി, സാമൂഹികമായ കാഴ്ചപ്പാടുകളിലെ വ്യത്യാസത്തിനുകാരണം ഭാഷയിലെ വ്യത്യാസമാണെന്ന നിരീക്ഷണമവതരിപ്പിക്കുകയാണ് സപീറും വൂർഫും ചെയ്തത്. എത്രതന്നെ സ്വതന്ത്രനായാലും ഒരാൾക്ക് പ്രപഞ്ചത്തെ നിഷ്പക്ഷമായി വ്യാഖ്യാനിക്കാനാവില്ലെന്ന് വൂർഫ് ഊന്നിപ്പറയുന്നുണ്ട്. ഭാഷയുടെ യഥാർഥ പശ്ചാത്തലം വ്യാകരണമാണെന്നും വ്യാകരണപരമായ സംവർഗങ്ങൾ വ്യക്തിയുടെ ലോകവീക്ഷണത്തെ കാര്യമായി സ്വാധീനിക്കുന്നുവെന്നുമാണ് വൂർഫിന്റെ നിരീക്ഷണം. ശാസ്ത്രബോധത്തെ പ്രപഞ്ചബോധമായി മാറ്റുന്നതിന് ഭാഷാപരമായ നവീകരണം ആവശ്യമാണെന്ന് അദ്ദേഹം പറയുന്നത് ഇതിന്റെയടിസ്ഥാനത്തിലാണ്. അമേരിക്കൻ നരവംശശാസ്ത്രത്തിലും ഭാഷാശാസ്ത്രത്തിലും വംശീയതയുടെ അടയാളങ്ങളെ മായ്ച്ച്, പ്രാചീനമായ സാംസ്കാരിക അനന്യതകളെ അംഗീകരിച്ച ബോവാസ് എന്ന ചിന്തകന്റെ പിന്മുറക്കാരാണ് സപീറും വൂർഫും. യുദ്ധപൂർവ്വ അമേരിക്കയിലെ അന്തരീക്ഷത്തെക്കൂടി പരിഗണിച്ചുമാത്രമേ ഇവരെ പഠിക്കാനാവൂ (യുദ്ധാനന്തരം സാർവ്വലൗകികഭാഷയെക്കുറിച്ചുള്ള ചോംസ്കിയൻ സങ്കല്പമാണ് പ്രചാരം നേടിയത്).





ലോകവീക്ഷണത്തെ ഭാഷ നിർണയിക്കുകയാണോ അതോ നിർമ്മിക്കുകയാണോ എന്ന് ഇതിൽനിന്ന് വ്യക്തമല്ല. സകല ഭാഷകളുടെയും പശ്ചാത്തലമായി സെക്സിസം പ്രവർത്തിക്കുന്നുവെന്നാണ് വൂർഫിയൻ ആശയം സ്വീകരിച്ചുകൊണ്ട് ഫെമിനിസ്റ്റുകൾ പറയുന്നത്. പക്ഷെ ഭാഷ സെക്സിസത്തിന്റെ കാരണമാണോ അതോ അതിനെ പ്രതിഫലിപ്പിക്കുകയാണോ എന്ന് ഇവർക്ക് വ്യക്തമല്ലെന്ന് ദിബോറ കാമറോൺ നിരീക്ഷിക്കുന്നു. ഭാഷ ലിംഗഭേദപരമായ കാഴ്ചപ്പാടുകളെ നിർണയിക്കുന്നുവെന്നല്ല, സ്വാധീനിക്കുന്നുവെന്ന് പറയുന്നതാണുചിതം എന്നാണ് കാമറോൺ അഭിപ്രായപ്പെടുന്നത് (Cameron, 1985: 137).

ഭാഷയെ നിയന്ത്രിക്കുന്നത് പുരുഷന്മാരാണ് എന്ന വാദം ഭാഷാശാസ്ത്രത്തിൽനിന്ന് ഉണ്ടായതല്ല. ഭാഷയെ രാഷ്ട്രീയപരമായും പ്രത്യയശാസ്ത്രപരമായും ഉപയോഗിക്കുന്നുണ്ടെന്ന് പറയുന്ന പാശ്ചാത്യസിദ്ധാന്തങ്ങളുടെ ഭാഗമായാണ് [illegible] ആശയം പ്രബലമാവുന്നത്. ജർമ്മനിയിലെയും റഷ്യയിലെയും ഭരണകൂടഭീകരതയെക്കുറിച്ചുള്ള ചർച്ചകളിലാണ് ഭാഷയുടെ രാഷ്ട്രീയവശത്തെക്കുറിച്ചുള്ള ആശയങ്ങളുണ്ടായിവന്നത്. അധികാരത്തിലിരിക്കുന്നവരുടെ താത്പര്യങ്ങൾക്കനുസരിച്ച് ഭാഷയെ മാറ്റിയെടുക്കാനും നിയന്ത്രിക്കാനുമാവും എന്ന ആശയത്തിൽനിന്നാണ് നിർണയനവാദമുണ്ടാവുന്നത്. '1984' എന്ന പേരിൽ ജോർജ് ഓർവൽ രചിച്ച നോവലിൽ 'ന്യൂക് സ്പീക്ക്' എന്ന കല്പിതഭാഷയെക്കുറിച്ചും ഭാഷയാണ് സമഗ്രാധിപത്യ ഭരണകൂടത്തെ സാധ്യമാക്കിയതെന്നും പറയുന്നുണ്ട്. ഈ സങ്കല്പം പിൽക്കാലത്ത് ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. അധികാരികളാൽ നിയന്ത്രിക്കപ്പെടുന്ന ഭാഷ നിങ്ങളുടെ അഭിപ്രായത്തെ അതിന്റെ ഉറവിടത്തിൽവെച്ചു തന്നെ റദ്ദുചെയ്യുമെന്ന് ഇതിൽ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. ഭാഷയെപ്പറ്റിയുള്ള ഈ ആദർശം വലിയ തോതിൽ സ്വീകരിക്കപ്പെട്ടു. ഭാഷ ചിന്തയെ നിർണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നുവെന്നതിനെ അനുകൂലിച്ചും പ്രതികൂലിച്ചും നിരവധി പേർ നിരീക്ഷണങ്ങളവതരിപ്പിച്ചു. ഭാഷയ്ക്കുമേൽ എങ്ങനെയാണ് കുറച്ചാളുകൾക്ക് നിയന്ത്രണമേർപ്പെടുത്താൻ സാധിക്കുന്നതെന്ന ചോദ്യത്തെ ഇവർ കണ്ടില്ലെന്ന വിമർശനം കാമറോൺ ഉന്നയിക്കുന്നുണ്ട് (Cameron, 1985: 130). [illegible] ഒരു വിഭാഗമാളുകളിലേക്ക് നിയന്ത്രണാധികാരം കല്പിക്കുന്നത് ഒരുതരം ന്യൂനീകരണമാണെന്നാണ് ഇവരുടെ അഭിപ്രായം. വ്യാകരണത്തിനും നിഘണ്ടുക്കൾക്കും നിയന്ത്രണാധികാരമുണ്ടെന്നത് ശരിയാണ്. പക്ഷെ സമഗ്രാധിപത്യത്തിലേക്ക് [illegible] തോന്നുന്നില്ല. ഭാഷയുടെ നിർണയനശേഷി [illegible]

പുരുഷന്മാർ ഭാഷയെ നിർണയിക്കുന്നതെങ്ങനെയെന്നോ അത് എത്രമാത്രം മർദ്ദനസ്വഭാവമുള്ളതാണെന്നോ ഉള്ള ചോദ്യങ്ങളെ സമൂലസ്ത്രീവാദികൾ അഭിമുഖീകരിക്കുന്നതായി കാണുന്നില്ല.

ഭാഷ പുരുഷന്മാർ നിർണയിച്ചതാണെന്നും സ്ത്രീകൾ നിശ്ശബ്ദരാക്കപ്പെടുന്നുവെന്നും പറയുന്ന സമൂലസ്ത്രീവാദചിന്തകൾക്ക് അടിത്തറയായ ചില സിദ്ധാന്തങ്ങളാണ് ഇനി പറയുന്നത്. സാമൂഹ്യനരവംശശാസ്ത്രജ്ഞരായ എഡ്വിന്റെയും ഷെർലി ആർഡ്നറുടെയും സിദ്ധാന്തങ്ങളാണ് അവയിലൊന്ന് (ഇവർ സമൂലസ്ത്രീവാദികളല്ല). ഒരു സാമൂഹ്യഗണം യാഥാർഥ്യത്തെ നിർമ്മിക്കുകയും മറ്റുള്ള ഗണങ്ങൾ അതിനെ ഉപയോഗിക്കുകയുമല്ല, മറിച്ച് ഭാഷാവ്യൂഹത്തിലെ ആശയരൂപീകരണ ഉപാധികൾക്കുമേൽ ചില ഗണങ്ങൾമാത്രം നിയന്ത്രണാധികാരം കയ്യാളുന്നുവെന്നതാണ് പ്രശ്നമെന്ന് ഷെർലി & ആർഡ്നർ നിരീക്ഷിക്കുന്നു.[1] 'ഏതൊരു സമൂഹത്തിലും ആവിഷ്കാരത്തിനുള്ള ചില അധീശരൂപങ്ങൾ ഉണ്ടായിരിക്കും. അത് നിർമ്മിക്കുന്നത് ആ സമൂഹത്തിലെ അധീശഘടനകളുമായിരിക്കും. ഏത് സന്ദർഭത്തിലും ഈ അധീശ വർഗ്ഗത്തിന്റെ ശബ്ദം മാത്രം കേൾക്കുകയോ ശ്രദ്ധിക്കപ്പെടുകയോ ചെയ്യും. നിശ്ശബ്ദരാക്കപ്പെട്ട വിഭാഗങ്ങൾക്ക് എല്ലാ സന്ദർഭത്തിലും എന്തെങ്കിലും വിനിമയം ചെയ്യണമെന്നുണ്ടെങ്കിൽ ഈ വഴി സ്വീകരിക്കാനേ കഴിയുകയുള്ളൂ. മറ്റൊരു വഴിയിലൂടെയാണെങ്കിൽ കൂടുതൽ സ്വതന്ത്രമായി തങ്ങളെ ആവിഷ്കരിക്കാൻ അവർക്കായേനെ.' നിശ്ശബ്ദരാക്കപ്പെട്ട വിഭാഗത്തിന് യാഥാർഥ്യത്തെപ്പറ്റിയുള്ള തങ്ങളുടെ കാഴ്ചപ്പാടിനെ അധീശവർഗ്ഗത്തിന്റെ ഭാഷാരൂപങ്ങളിലേക്ക് വിവർത്തനം ചെയ്യേണ്ടിവരുന്നു. നിശ്ശബ്ദരാക്കപ്പെട്ട ഗണമെന്നതുകൊണ്ട് സ്ത്രീകളെയാണിവർ ഉദ്ദേശിച്ചത്. ഇവിടെ mute എന്ന വാക്കാണുപയോഗിക്കുന്നത് എന്ന് എടുത്തുപറയേണ്ടതുണ്ട്. silent എന്നതിൽനിന്ന് വ്യത്യസ്തമാണത്. യാഥാർഥ്യവും ഭാഷയും തമ്മിലുള്ള പൊരുത്തക്കേട് കാരണം ആവിഷ്കാരം സാധ്യമല്ലാത്തതിനാൽ സ്ത്രീകൾക്ക് മൗനം പാലിക്കേണ്ടി വരുന്ന അവസ്ഥയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഈയൊരു അധീശഭാഷാരൂപം അനായാസം പഠിച്ചെടുക്കുന്നതും അതിൽ അതൃപ്തി പ്രകടിപ്പിക്കുന്നതും സ്ത്രീകളാണെന്ന് സമൂലസ്ത്രീവാദിയായ കെറിസ് ക്രാമറേ നിരീക്ഷിക്കുന്നുണ്ട്. പൊതുപ്രഭാഷണങ്ങൾക്കുള്ള ശേഷിയും ഫലിതബോധവുമെല്ലാം സ്ത്രീകൾക്ക് കുറവായി

1 രണ്ട് ബ്രിട്ടീഷ് സാമൂഹ്യനരവംശശാസ്ത്രജ്ഞരാണ് എഡ്വിനും ഷെർലി ആർഡ്നറും. ഇവർക്ക് റാഡിക്കൽ ഫെമിനിസവുമായി ബന്ധമൊന്നുമില്ല. എന്നാൽ ഡെയ്ൽ സ്പെന്റർ, കെറിസ് ക്രാമറെ എന്നീ റാഡിക്കൽ ഫെമിനിസ്റ്റുകൾ ഇവരുടെ ആശയങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.





കാണുന്നതിന്റെ കാരണം ഭാഷയുടെ ഈ ആൺകോയ്മാ സ്വഭാവമാണ്. പരമ്പരാഗത ഭാഷണരീതികളെ ഉപേക്ഷിച്ച് കുറേക്കൂടി അനൗപചാരികമായ ഭാഷയിലേക്ക് വരുന്നതോടെ ആവിഷ്കാരസാധ്യത വർധിക്കുന്നുവെന്ന് സമകാലഫെമിനിസ്റ്റുകൾ അഭിപ്രായപ്പെടുന്നു. കെറിസ് ക്രാമറേയുടെ പഠനം ഇത് സാധൂകരിക്കുന്നുണ്ട്. സ്ത്രീകളുടെ ചിന്തയിലും ഭാഷയിലും പുരുഷന്മാർക്ക് ഒരു തരം പ്രഹേളികാത്വം അനുഭവപ്പെടാറുണ്ടെന്നും നേരെ മറിച്ച് പുരുഷന്മാരുടെ ആവിഷ്കാരങ്ങളെ സ്ത്രീകൾക്ക് മനസ്സിലാക്കാനാവുന്നുണ്ടെന്നും സ്ത്രീകൾക്ക് പുരുഷന്മാരെ കൂടുതൽ ആശ്രയിക്കേണ്ടിവരുന്നുവെന്നതാണ് അതിന് കാരണമെന്നും ഇവർ നിരീക്ഷിക്കുന്നുണ്ട്. അതിജീവനത്തിനായി സ്ത്രീകൾ പുരുഷഭാഷ പഠിച്ചെടുത്തുവെന്ന് പറയുന്നതിലും നല്ലത് അവരുടെ സാമൂഹ്യപദവിയാണ് അതിന് കാരണമെന്ന് പറയുന്നതല്ലേ എന്ന ചോദ്യം ക്രാമറേയുടെ വാദത്തിനെതിരെ ഉയർന്നുവന്നിട്ടുണ്ട്. ഭാഷയ്ക്കുപുറം നിശ്ശബ്ദമാക്കപ്പെട്ട ചില ഘടനകൾ സമൂഹത്തിൽ നിലനിൽക്കുന്നുണ്ടെന്നും ഭാഷയിലെ അധീശമാതൃകകൾ നിശ്ശബ്ദമാതൃകകളെ ആവിഷ്കരിക്കുന്നതിൽനിന്ന് തടയുകയും നിശ്ശബ്ദമാതൃകകളെ പുനരുത്പാദിപ്പിക്കുകയും ചെയ്യുന്നു എന്നുമുള്ള വാദങ്ങൾ സമൂലസ്ത്രീവാദികൾ മുന്നോട്ടുവെക്കുന്നു. സാമൂഹ്യഘടനയ്ക്ക് പുറത്താണ് ഭാഷയെന്നും ഭാഷ ചിന്തയെ നിർണയിക്കുന്നു എന്നുമുള്ള നിരീക്ഷണങ്ങൾ ഇതിനകത്തുവരുന്നു. ഇതിൽ ഒരു പൊരുത്തക്കേടുണ്ട്. നിർണയനവാദത്തെ പിന്തുണയ്ക്കാതെ പുരുഷന്മാർ ഭാഷയെ നിയന്ത്രിക്കുന്നുവെന്ന് പറയാനുമാവില്ല.

സ്ത്രീകളുടെ ഭാഷയെപ്പറ്റി വസ്തുസ്ഥിതിപരമായ പഠനങ്ങൾ നടന്നിട്ടുണ്ട്. സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങളെ പുരുഷസംജ്ഞകളിലേക്ക് വിവർത്തനം ചെയ്യുന്നത് അധീശവർഗവുമായി വിനിമയം ചെയ്യുന്നതിനുവേണ്ടിയാണ്. ഔപചാരികമായ സന്ദർഭങ്ങളിൽ ഇത്തരത്തിലാണ് അവർ ഇടപെടുന്നത്. എന്നാൽ അനൗപചാരികമായ സന്ദർഭങ്ങളിൽ തങ്ങളുടേതായ വിനിമയമാതൃക അവരുപയോഗിക്കാറുണ്ട്. പക്ഷേ അധീശവിഭാഗം ഇത്തരം വഴികളെയെല്ലാം പുറംതള്ളുന്നു. കേവലം ഭാഷാപ്രശ്നമായല്ല ഇതിനെ കാണേണ്ടതെന്ന് സാരം. പുരുഷന്മാർ സ്ത്രീകൾക്കുമേൽ ചെലുത്തുന്ന അധികാരം ഘടനാപരവും സാംസ്കാരികവുമാണെന്നും വ്യക്തിതാത്പര്യത്തിനനുസൃതമല്ലെന്നുമാണ് ആർഡ്നർ വ്യക്തമാക്കുന്നത്. സ്ത്രീകളുടെയും പുരുഷന്മാരുടേയും കർതൃത്വത്തെ ന്യൂനീകരണയുക്തിയോടെ നോക്കിക്കാണുന്നു എന്നൊരു പരിമിതി ഈ മാതൃകയ്ക്കുണ്ടെന്ന് ദെബോറ കാമറോൺ നിരീക്ഷിക്കുന്നുണ്ട് (Cameron, 1985: 145). അധഃസ്ഥിത വിഭാഗങ്ങളുടെ സർഗ്ഗാത്മ

കതയെ തിരസ്കരിച്ച് വസ്തുസ്വഭാവമുള്ള ഇരകളായി കാണുന്നതിന് ഈ വാദം വഴിവെക്കുന്നുണ്ട്.

**'മാൻമേഡ് ലാംഗ്വേജ്'**

സമൂലസ്ത്രീവാദപരമായ കാഴ്ചപ്പാടിലെഴുതിയ പ്രധാന ഗ്രന്ഥങ്ങളിലൊന്നാണ് ഡെയ്ൽ സ്പെന്ററിന്റെ 'മാൻമേഡ് ലാംഗ്വേജ്'. അധീശപദവിയിലിരിക്കുന്ന പുരുഷന്റെ ലോകവീക്ഷണമാണ് ഭാഷയിൽ മേൽക്കൈ നേടുന്നതെന്നും അതിൽ സ്ത്രീകൾ ഒന്നുകിൽ നിശ്ശബ്ദമാക്കപ്പെടുകയോ അല്ലെങ്കിൽ അന്യവൽക്കരിക്കപ്പെടുകയോ ചെയ്യുന്നുവെന്നുള്ള കാഴ്ചപ്പാടാണ് ഈ പുസ്തകവും മുന്നോട്ടുവെക്കുന്നത്. വ്യക്തിയുടെ ലോകബോധവും യാഥാർഥ്യവും നിർണയിക്കുന്നത് ഭാഷയാണെന്ന വൂർഫിയൻ പരികൽപ്പന ഫെമിനിസ്റ്റുകൾക്ക് സ്വീകരിക്കാവുന്നതാണെന്ന് സ്പെന്റർ ചൂണ്ടിക്കാണിക്കുന്നു. സംസ്കാരം ഭാഷയ്ക്കുമുന്നേ പോകുന്നുവെന്ന ധാരണയിൽനിന്നു മാറി ഭാഷയ്ക്ക് പ്രാഥമ്യം കൽപ്പിച്ചുവെന്നതാണ് സ്പെന്ററിനെ അതിൽനിന്ന് വ്യത്യസ്തയാക്കുന്നത്. സംസ്കാരവും ഭാഷയും പരസ്പരം അന്തസ്സന്നിവേശം നടത്തുന്നുവെന്നാണ് സപീർ-വൂർഫ് പരികൽപ്പന പറയുന്നത്. എന്നാൽ ഭാഷയിൽ സംവർഗങ്ങൾ നിർമിക്കുകയും അതിനനുസരിച്ച് സംസ്കാരത്തെ വാർത്തെടുക്കകയുമാണെന്ന സ്പെന്ററിന്റെ നിരീക്ഷണം ഭാഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതാണ്. +പുരുഷൻ, -പുരുഷൻ എന്ന പ്രതീകക്രമത്തിലേക്ക് കടക്കുന്ന സ്ത്രീയ്ക്ക് എല്ലായ്പ്പോഴും അപരത്തിന്റെ പദവിയാണ് ലഭിക്കുന്നത്. ഈ പ്രതീകക്രമത്തിൽ ഉറപ്പിച്ചെടുക്കുന്ന കർതൃത്വം പിതൃമേധാവിത്വവ്യവസ്ഥയെ ഉറപ്പിക്കുന്നു. ആയതിനാൽ ഭാഷയ്ക്കകത്തെ ചട്ടങ്ങളെ കാണാനോ വിമർശിക്കാനോ ഭൂരിപക്ഷമാളുകൾക്കും സാധിക്കില്ലെന്നത് വസ്തുതയാണ്. പക്ഷേ സ്പെന്ററും അത്തരത്തിൽ പ്രതീകക്രമത്തിലേക്ക് കടന്നുവന്ന ആളാണെന്നും എന്നാൽ അവർക്ക് വിമർശനാത്മക നിലപാടെടുക്കാൻ സാധിക്കുന്നുവെന്നുമുള്ള സാധൂകരണത്തോടെ ദെബോറ കാമറോൺ മേൽപ്പറഞ്ഞ കർതൃത്വസങ്കൽപ്പത്തെ വിമർശിക്കുന്നു. + പുരുഷൻ, - പുരുഷൻ എന്നിങ്ങനെയുള്ള ഒരു ക്രമം ഏതോ ഘട്ടത്തിൽ ഉണ്ടായി എന്ന് പറയുന്നതിലൂടെ പിതൃമേധാവിത്വത്തെക്കുറിച്ചുള്ള ഒരുതരം മിത്തിലേക്ക് സ്പെന്ററുടെ വാദം വഴിമാറിപ്പോകുന്നുവെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഭാഷയിലെ വാക്കുകളും വ്യാകരണങ്ങളുമല്ല, മറിച്ച് ഭാഷയിലെ വർഗീകരണത്തിന്റെ മാതൃകകളാണ് പുരുഷനിർമ്മിതമെന്ന് സ്പെന്റർ വ്യക്തമാക്കുന്നുണ്ട്. ഉദാഹരണമായി മാതൃത്വമെന്ന അനുഭവത്തെ ധനാത്മകമായാണ് പുരുഷഭാഷ കാണുന്നത്. അതോടെ അസന്തുഷ്ടിയുള്ള മാതൃത്വമെന്ന അനുഭവത്തെ മൂടി





വെക്കാൻ അത്തരം അനുഭവമുള്ളവർ നിർബന്ധിതരാവുന്നു. അവർ അന്യവൽക്കരിക്കപ്പെടുന്നു. സ്വന്തം അനുഭവങ്ങളെ വിശദീകരിക്കാനോ വ്യാഖ്യാനിക്കാനോ കഴിയാതെ വരുന്ന സ്ത്രീകൾ ജ്ഞാനോത്പാദനത്തിന്റെ പാരമ്പര്യത്തിൽനിന്ന് പുറംതള്ളപ്പെടുന്നുവെന്ന് ഡൊറോത്തി സ്മിത്ത് നിരീക്ഷിക്കുന്നുണ്ട് ('കൺസ്ട്രക്ഷൻ ഓഫ് നോളജ്'). ജ്ഞാനോത്പാദനത്തിന്റെ ഉപാധികൾ സ്ത്രീകൾക്കനുഗുണമാണോ എന്ന പ്രശ്നത്തെ ആരും അഭിമുഖീകരിക്കുന്നില്ല. സൈദ്ധാന്തികരുടെ നിരനിരയിലൂടെ ഒന്ന് കണ്ണോടിച്ചാൽ ഡൊറോത്തി സ്മിത്തിന്റെ വീക്ഷണം വസ്തുതാപരമാണെന്ന് മനസ്സിലാക്കാം. സ്ത്രീകളുടെ അറിവ് ജ്ഞാനോത്പാദനത്തിൽനിന്ന് പുറംതള്ളിയിരിക്കുന്നു. പക്ഷേ ഇതിനുസമാനമായി ഭാഷയിൽനിന്ന് സ്ത്രീകൾ പുറംതള്ളപ്പെട്ടിരിക്കുന്നുവെന്ന് പറയാനാവില്ല. പ്രതീകക്രമം എന്ന ലകാനിയൻ മാതൃകയാണ് സ്പെന്റർ ഉപയോഗിക്കുന്നത്. അതിൽ പുരുഷന് കർതൃത്വമുണ്ടെന്നും സ്ത്രീക്കില്ലെന്നും അവർ നിരീക്ഷിക്കുന്നു. അധികാരത്തെ ചോദ്യം ചെയ്യാതെ ഭാഷയിലെ മേൽക്കോയ്മയെ തുറന്നുകാണിക്കാൻ സാധിക്കില്ലെന്നും സ്ത്രീകൾക്ക് അവരുടേതായ അർത്ഥത്തെ ഉത്പാദിപ്പിക്കാൻ ഒരു രാഷ്ട്രീയമുന്നേറ്റത്തിൽനിന്ന് ആരംഭിക്കേണ്ടതുണ്ടെന്നുമാണ് സ്പെന്റർ പറയുന്നത്. സങ്കൽപ്പനങ്ങളെ വെല്ലുവിളിച്ച് പുരുഷാധിപത്യവ്യവസ്ഥയെ പ്രതിരോധത്തിലാക്കണമെന്നുള്ള സ്പെന്ററുടെ ആശയം മാർക്സിസ്റ്റ് സ്വഭാവമുള്ളതാണെന്ന് കാമറോൺ നിരീക്ഷിക്കുന്നുണ്ട്.[1] ഭാഷയെന്ന പ്രത്യയശാസ്ത്രവ്യൂഹത്തെ തകർക്കാനുള്ള വിപ്ലവത്തെ സാമൂഹ്യവിപ്ലവവുമായി സ്പെന്റർ ബന്ധിപ്പിക്കുന്നുണ്ട്. എന്നാൽ ഭാഷയെ നവീകരിക്കുന്നതോടെ അത് വിപ്ലവകരമായിത്തീരുന്നുവെന്നാണ് വൂർഫിയൻ പരികൽപ്പന. ഈ രണ്ട് സിദ്ധാന്തങ്ങളും രണ്ട് തരത്തിലാണ് പ്രശ്നത്തെ സമീപിക്കുന്നതെന്ന് ചുരുക്കം.

എഴുത്തിലും പറച്ചിലിലും ബോധപൂർവ്വം ഇടപെട്ടുകൊണ്ട് അധികാരത്തിന്റെ കലർപ്പ് ഭാഷയിലേക്ക് വരുന്നത് തടയാമെന്നാണ് സപീറും ഓർവലും പറയുന്നത്. പുതിയ വാക്കുകളുണ്ടാക്കിയും അത് പ്രയോഗിച്ചുമാണ് സമൂലസ്ത്രീവാദികൾ ഈ വിഷയത്തിൽ ഇടപെടുന്നത്. ശാസ്ത്രനോവലെഴുത്തുകാരിയും ഭാഷാശാസ്ത്രജ്ഞയുമായ സുസറ്റെ ഹേഡൻ എൽജിൻ എഴുതിയ 'നേറ്റീവ് ടങ്' എന്ന നോവലിൽ സ്ത്രീകൾ അവരുടേതായ ഒരു കൽപിതഭാഷ നിർമ്മിച്ച് വിപ്ലവം സൃഷ്ടിക്കുന്നതായി പറയുന്നുണ്ട്. 'ലാഡൻ' (La'adan) എന്നാണ് ആ ഭാഷയ്ക്ക് പേര് നൽകിയിരിക്കുന്നത്. സ്ത്രീകൾ സംഘം ചേരുന്നതിനെക്കുറിച്ചും സാമൂഹ്യവിപ്ല

1 മാർക്സിസ്റ്റ് കാഴ്ചപ്പാടനുസരിച്ച് അടിച്ചമർത്തലിന്റെയും ചൂഷണത്തിന്റെയും സാമൂഹ്യാവസ്ഥയെ ഭാഷ മൂടിവെക്കുന്നു.

വത്തെക്കുറിച്ചുള്ള ചർച്ചകളിലേർപ്പെടുന്നതും അവർക്കിടയിലെ ഭാഷാശാസ്ത്രജ്ഞർ അനുയോജ്യമായ ഭാഷ കണ്ടെത്തുന്നതും അവർ ആ ഭാഷ വളർന്നുവരുന്ന പെൺകുട്ടികളെ പഠിപ്പിച്ചെടുക്കുന്നതും സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു മാതൃഭാഷയായി ലാഡൻ മാറുന്നതുമാണ് നോവലിന്റെ പ്രമേയം. അത്തരത്തിൽ സ്ത്രീകളുടെ ഭാഷ എന്ന പദവിയിലേക്ക് ഉയരുമ്പോൾ അത് രഹസ്യമാക്കിവെക്കുന്നതിൽ എന്തർത്ഥമാണുള്ളതെന്ന ചോദ്യം നോവലിനകത്തുണ്ട്. അത്തരമൊരു ഭാഷ സൃഷ്ടിക്കപ്പെടുന്നതോടെ പുതിയൊരു യാഥാർഥ്യം സൃഷ്ടിക്കപ്പെടുന്നു എന്നതാണ് അതിനുള്ള ഉത്തരം. നോവൽ അവസാനിക്കുമ്പോൾ സ്ത്രീകൾക്ക് അവരുടേതായ ഭാഷയുണ്ടാവുകയും അവർ ഐക്യപ്പെടുകയും ചെയ്തിരിക്കുന്നു. പക്ഷേ അതുകൊണ്ടുമാത്രം അവർക്ക് അധികാരം ലഭിക്കുന്നില്ല. ഡെയ്ൽ സ്പെന്റർ, മേരി ഡാലി എന്നിങ്ങനെയുള്ള ഫെമിനിസ്റ്റുകൾ പറയുന്നത് അധികാരത്തെക്കുറിച്ച് സ്ത്രീകൾക്ക് വേറിട്ട കാഴ്ചപ്പാടാണ് ഉള്ളതെന്നാണ്. അതുതന്നെയാണ് നോവലിലും പറയുന്നത്. രക്തരൂക്ഷിതമായ വിപ്ലവഘട്ടത്തെയല്ല അത് ഉൾക്കൊള്ളുന്നതെന്നാണ് ഇവരുടെ പക്ഷം. പക്ഷേ നിർണായകമായ ഘട്ടങ്ങളിൽ അക്രമത്തിന്റെ വഴി തെരഞ്ഞെടുക്കാത്തപക്ഷം സ്ത്രീകളുടെ രക്തരഹിതവിപ്ലവം ശൈശവചിന്തയായി നിലനിൽക്കും.

വൂർഫിയൻ പരികൽപ്പനയനുസരിച്ച് ഭാഷയും ലോകവീക്ഷണവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. അവയെ ആപേക്ഷികമായി മികച്ചതെന്നോ മോശമെന്നോ വിലയിരുത്താനാവില്ല. പക്ഷേ ലിംഗഭേദത്തെ സംബന്ധിച്ച് ഇതൊരു ലളിതയുക്തിയാണ്. അത് ബഹുസ്വരമാണെന്നുമാത്രമല്ല അവയ്ക്കിടയിൽ മത്സരവും അസമത്വവും നിലനിൽക്കുന്നുണ്ട്. സ്പെന്ററുടേയും മേരി ഡാലിയുടേയും ആശയങ്ങളും ഇതിൽനിന്ന് വ്യത്യസ്തമായ ഒരു നിലപാടെടുക്കുന്നതിന് സഹായിക്കുന്നില്ല. തങ്ങളുടെ ലോകവീക്ഷണമാണ് മികച്ചതെന്ന് എല്ലാവരെക്കൊണ്ടും തോന്നിക്കുകയാണ് ഭാഷയിലെ അധീശത്വപദവിയിലിരിക്കുന്നവർ ചെയ്യുന്നതെന്ന് ആനി ബീസർ സ്പെന്ററെ വിമർശിക്കുന്ന വേളയിൽ പറയുന്നുണ്ട്. തങ്ങളുടെ ആശയമാണ് ശരിയെന്ന് സ്ഥാപിക്കാനായി സാമൂഹ്യമായ അർത്ഥത്തെ മാറ്റേണ്ടതുണ്ട് എന്നും ബീസർ വൊളൊ ഷിനോവിനെ[1] ഉദ്ധരിച്ചുകൊണ്ട് പറയുന്നുണ്ട്.

1 1929-ൽ റഷ്യൻ ഭാഷയിൽ പ്രസിദ്ധീകരിച്ച കൃതിയാണ് Marxism and the Philosophy of Language. Valentin Nikolaevich Voloshinov എഴുതിയ ഈ ഗ്രന്ഥത്തിന്റെ പ്രസക്തി ഭാഷാശാസ്ത്രത്തെ മാർക്സിസവുമായി ബന്ധിപ്പിക്കുന്നുവെന്നതാണ്. വൊളോഷിനോവിനെ സംബന്ധിച്ചിടത്തോളം പ്രത്യയശാസ്ത്രത്തിൽനിന്ന് വേർതിരിക്കാനാവാത്ത ഒരു ഭൗതിക യാഥാർഥ്യമാണ് ഭാഷ. ഭാഷയെ ചരിത്രാതീതമായി പഠിക്കുന്നത് തെറ്റാണെന്നും അവ ചലനാത്മകമാണെന്നും അദ്ദേഹം നിരീക്ഷിക്കുന്നു.





സ്ത്രീകളെ സംബന്ധിച്ച് ഭാഷയിലുള്ള സങ്കല്പങ്ങളെ നേരിടാൻ ഭാഷയിൽ മറ്റൊരു യാഥാർഥ്യത്തെ സൃഷ്ടിക്കുകയോ ആ സങ്കൽപ്പത്തെ പുരുഷനുമേൽ തിരിച്ച് ആരോപിക്കുകയോ ചെയ്യാം. പക്ഷേ, ആ ഭാഷാരൂപം ആണ്ടുകിടക്കുന്ന സാമൂഹ്യഘടനയേയും അധികാരരൂപത്തേയും ചോദ്യം ചെയ്യാതെ ബദൽ നിർമ്മാണം കൊണ്ടുമാത്രം വിമോചനം സാധ്യമല്ല. അതിനാൽ ഭാഷയെ ചരിത്രവത്കരിച്ചുകൊണ്ടാണ് ഇതിൽ ഇടപെടേണ്ടത്. അസമത്വത്തെ തിരിച്ചറിഞ്ഞുള്ള രാഷ്ട്രീയമായ ഇടപെടലിൽ ഭാഷയിലുള്ള ഇടപെടലും വളരെ പ്രധാനമാണ്.

ഭാഷ വ്യത്യസ്തമായ യാഥാർഥ്യമുണ്ടാക്കുന്നുവെന്ന ചിന്ത ഒരുതരം സത്താവൽക്കരണത്തിലേക്ക് നയിക്കുന്നുവെന്നതും ഗൗരവമേറിയ വിഷയമാണ്. സ്ത്രീകളുടേതായ ലോകം, ഭാഷ എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ പുരുഷനിർമ്മിതമായ പലതരം വാർപ്പുമാതൃകകളെ സാധൂകരിക്കുന്നതാണ്. സ്ത്രീകൾക്കിടയിൽ നിലനിൽക്കുന്ന വ്യത്യസ്തതകളെ ഉൾച്ചേർക്കാൻ ആഗോളതലത്തിൽത്തന്നെ ഫെമിനിസ്റ്റുകൾ തയ്യാറാവുന്നു.

ഭാഷയെപ്പറ്റിയുള്ള സമൂലസ്ത്രീവാദികളുടെ സമീപനം ജോർജ് ഓർവലിന്റേയും വൂർഫിന്റേയും ഭാഷാസിദ്ധാന്തങ്ങളുടെ സ്വാധീനഫലമാണ്. ഭാഷ പുരുഷനിർമ്മിതമാണെന്നും അത് പഠിപ്പിച്ചെടുക്കുന്നതിലൂടെ ആളുകളത് ആന്തരവൽക്കരിക്കുകയാണ് ചെയ്യുന്നതെന്നും സമൂലസ്ത്രീവാദികൾ നിരീക്ഷിക്കുന്നു. സ്ത്രീകൾ തങ്ങളുടെ അനുഭവാവിഷ്കാരത്തിനായി ഒരു പുതുഭാഷ കണ്ടെത്തുന്നതിനെക്കുറിച്ച് ചിന്തിക്കുന്നു. ഭാഷയാണ് യാഥാർഥ്യത്തെ നിർമ്മിക്കുന്നതെങ്കിൽ സ്ത്രീകൾക്ക് വ്യത്യസ്തമായ ഒരു യാഥാർഥ്യമുണ്ടെന്ന് പറയുന്നതിൽ വൈരുധ്യമുണ്ടെന്നും ഭാഷയുടെ പൂർണ്ണാധികാരം പുരുഷനാണെങ്കിൽ സ്ത്രീകൾക്ക് അതിനോട് എങ്ങനെ പ്രതികരിക്കാനാവുമെന്നുമുള്ള പ്രശ്നങ്ങൾ ഇവരുടെ സിദ്ധാന്തങ്ങൾക്കുനേരെ ഉയർന്നിട്ടുണ്ട്. സ്ത്രീകളുടേതായ ഭാഷ ഉണ്ടായതുകൊണ്ട് രാഷ്ട്രീയമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാവുമോ എന്ന ചോദ്യവും അതിനുനേരെ ഉയർന്നിട്ടുണ്ട്.

## ഭാഷ: സ്ത്രീവാദത്തിന്റെ പുതുമാതൃകകൾ

പരസ്പരവൈരുദ്ധ്യങ്ങൾ നിലനിൽക്കേ രാഷ്ട്രീയവും ഭാവപരവുമായി പരസ്പരം കവിഞ്ഞുനിൽക്കുന്നുവെന്നതാണ് ചിഹ്നവിജ്ഞാനീയത്തിന്റേയും ഉത്തരാധുനികതയുടേയും പ്രത്യേകത. ഇവ എല്ലാ അക്കാദമിക പഠനങ്ങളുടേയും കൂട്ടത്തിൽ ഫെമിനിസ്റ്റ് പഠനങ്ങളേയും സ്വാധീനിച്ചു. ആർഡ്നറെയും സ്പെൻഡറേയും പോലുള്ള സമൂലസ്ത്രീവാദികളെപ്പോലെ ഉത്തരാധുനിക ചിന്തകരും ഭാഷ

യിലും ഭാഷാസിദ്ധാന്തങ്ങളിലുമാണ് ഊന്നുന്നത്. പക്ഷേ ഭാഷ, ലിംഗഭേദം, സ്ത്രീവാദം എന്നിവയെക്കുറിച്ചുള്ള ചിന്തകളിൽ മൗലികമായി ഇവ വ്യത്യാസപ്പെട്ടിരിക്കുന്നു. സമൂലസ്ത്രീവാദം മാനവവാദ(ഹ്യൂമനിസം)ത്തിലൂന്നിയുള്ളതും ഉത്തരാധുനികതാവാദം പ്രതിമാനവ വാദത്തിലൂന്നുന്നതുമാണ്. സ്പെന്ററെ വിമർശിച്ചുകൊണ്ട് റോസാലിന്റ് കോവാർഡ്, മരിയ ബ്ലാക്ക് എന്നിവർ എഴുതിയ കുറിപ്പിൽ അവർ ഒരു പ്രതിമാനവനിലപാട് മുന്നോട്ടുവെക്കുന്നുണ്ട്. പുരുഷന്മാർ അധീശത്വം കയ്യാളുന്നവരും കോയ്മ നിലനിർത്തുന്നതിനായി സാമൂഹ്യസംവിധാനങ്ങളെ ഉപയോഗിക്കുന്നവരുമാണെന്നതാണ് അധികാരത്തെപ്പറ്റിയുള്ള സ്പെന്ററിന്റെ കാഴ്ചപ്പാട്. എന്നാൽ അധികാരത്തിന്റെ മാനം ലിംഗഭേദത്തെ മാത്രമല്ല വംശം, വർഗം തുടങ്ങിയ നിരവധി ഘടകങ്ങളെക്കൂടി ആസ്പദമാക്കുന്നുണ്ടെന്ന് ബ്ലാക്കും കോവാർഡും പറയുന്നു. അൽത്തൂസറും ഫൂക്കോയും പറയുന്നപോലെ അധികാരം എല്ലായ്പ്പോഴും മർദ്ദനസ്വഭാവമുള്ളതായിക്കൊള്ളണമെന്നില്ല എന്നും അത് പ്രത്യയശാസ്ത്രത്തിലൂടെയോ വ്യവഹാരത്തിലൂടെയോ നിർമ്മിക്കപ്പെടുന്നതാവാം എന്നും ഇവർ പ്രസ്താവിക്കുന്നുണ്ട്. ഭാഷ ഉൾപ്പെടെയുള്ള വ്യവസ്ഥകൾ പുരുഷന്മാർ ബോധപൂർവ്വം നിർമ്മിക്കുകയാണെന്നും അത് തിരിച്ചറിയുകവഴി വ്യവസ്ഥയെ തിരുത്താം എന്നും പറയുന്നതിൽ ന്യൂനോക്തിയുണ്ടെന്നാണ് ഇവരുടെ നിരീക്ഷണം.

അർത്ഥമെന്നത് പുരുഷന്മാർ നിയന്ത്രിക്കുന്നതാണെന്നും സ്ത്രീകളുടെ അനുഭവങ്ങളെ ഉൾക്കൊള്ളാൻ അതിനാവില്ലെന്നും അർത്ഥോത്പാദനത്തിനുള്ള അധികാരമില്ലാത്തതിനാൽ സ്ത്രീകളുടെ അനുഭവം ഭാഷയിൽനിന്ന് പുറംതള്ളപ്പെടുന്നു എന്നുമാണ് അർത്ഥത്തെ സംബന്ധിച്ച് സമൂലസ്ത്രീവാദം മുന്നോട്ടുവെക്കുന്ന സങ്കൽപം. അനുഭവങ്ങളാണ് അർത്ഥത്തിന്റെ ഉറവിടമെന്നുപറയുന്ന ഈ വാദത്തെ കോവാർഡ് തള്ളിക്കളയുന്നു. ഭാഷയിൽ ആവിഷ്കരിക്കുന്നതോടെയാണ് കർതൃത്വം വെളിപ്പെടുന്നതെന്നും ഭാഷയിൽ നിലനിൽക്കുന്ന ഒരു ഇടത്തിലേക്ക് ഉൾച്ചേരാനേ ഒരാൾക്ക് സാധിക്കൂ എന്നുമാണ് കോവാർഡിന്റെ പക്ഷം. കർതൃകേന്ദ്രിതമായ ഭാഷാവാദത്തിനുപകരം ഭാഷയെ മുൻനിർത്തിക്കൊണ്ടുള്ള ആലോചനയാണ് ഇത്. ഇത്തരത്തിൽ സാമൂഹ്യസ്ഥാപനങ്ങൾ കൽപ്പിച്ചുവെച്ച പദവികളിലേക്കുള്ള ഒരു ഉൾച്ചേരലാണത്. ഇതിനെയാണ് അൽത്തൂസർ 'വിളി' (Interpellation) എന്നു പറയുന്നത്. സാമൂഹ്യകർതൃത്വത്തിലേക്ക് പ്രവേശിക്കുന്നത് ഭാഷ പഠിക്കുകയും അതിനകത്ത് സ്വയം അടയാളപ്പെടുത്തുകയും ചെയ്യുമ്പോഴാണ്. ഭാഷയാണ് കർതൃപദവിയെ നിർണയിക്കുന്നത്.



## ലകാനിയൻ ഫെമിനിസം

സ്ത്രീകളുടെ കീഴാളമായ കർതൃപദവി അടിച്ചേൽപ്പിക്കപ്പെടുന്നതല്ല, ആന്തരവൽക്കരിക്കപ്പെടുന്നതാണ് എന്നതാണ് ലകാനിയൻ ഫെമിനിസ്റ്റുകളുടെ വാദം. ഫ്രോയിഡിനെ പല തരത്തിൽ തിരുത്തിക്കൊണ്ട് കർതൃപദവിയെപ്പറ്റി കൂടുതൽ വെളിച്ചം നൽകുന്നവയാണ് ലകാന്റെ സങ്കൽപ്പങ്ങളും സങ്കേതങ്ങളും. ഫ്രോയിഡിനെപ്പോലെ ലകാനും ഉദാഹരണങ്ങൾ സ്വീകരിക്കുന്നത് ചുറ്റുപാടുകളിൽനിന്നാണ്. ദൈവത്തെ കേന്ദ്രത്തിൽനിന്നും മാറ്റി മനുഷ്യനെ പ്രതിഷ്ഠിച്ച ജ്ഞാനോദയയുക്തിയെയാണ് ഉത്തരാധുനികത ചോദ്യം ചെയ്തത്. നവമനോവിശകലനത്തിന്റെ യുക്തിയനുസരിച്ച് 'ഞാൻ' എന്നത് ശിഥിലവും സങ്കീർണവുമാണ്. ഇങ്ങനെ ഏകാത്മക സങ്കൽപം അസ്ഥിരപ്പെടുത്തുന്നതിനാലാണ് ഫെമിനിസ്റ്റുകൾക്ക് വെളിച്ചമേകാൻ പുതിയ മനോവിശകലനത്തിനാവുന്നത്. ലകാനെ സംബന്ധിച്ച് പ്രതീകക്രമമാണ് ഭാഷ. ശിശു കണ്ണാടിഘട്ടത്തിൽ 'കർത്താവായും' പ്രതീകക്രമത്തിലേക്ക് പ്രവേശിക്കുന്നതോടെ 'പ്രജ'യായും മാറുന്നു. ഭാഷാനിയമങ്ങളിലേക്ക് (ലാങ്) പ്രവേശിക്കുകയാണിവിടെ. അതിനു സാധിക്കാതെ വരുമ്പോൾ മനോരോഗാവസ്ഥയിലെത്തുമെന്നാണ് ലകാനിയൻ സിദ്ധാന്തം പറയുന്നത്. ഇത്തരത്തിൽ ഭാഷയും മനോരോഗവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ള ആലോചനകളും ഇതിൽ കടന്നുവരുന്നു.

ലകാനിയൻ സിദ്ധാന്തപ്രകാരം പെൺകുട്ടികളും ആൺകുട്ടികളും ഭാഷയിലേക്ക് പ്രവേശിക്കുന്നത് വ്യത്യസ്തരീതിയിലാണ്. ആൺകർതൃത്വം മാനദണ്ഡമായിത്തീരുകയും പെൺകർതൃത്വം അരികിലേക്ക് മാറ്റിനിർത്തപ്പെടുകയും ചെയ്യുന്നു. അടിസ്ഥാനപരമായ ഒരു വളർത്തുബന്ധം അച്ഛനും മക്കളും തമ്മിൽ ഉണ്ടാക്കിയെടുക്കുന്നതിലൂടെ അച്ഛനെ അധികാരത്തിന്റെ രൂപമായി കാണുന്നതിന് മാറ്റം വരുമെന്നും അതിനെ അടിസ്ഥാനമാക്കിയുണ്ടായ ഫ്രോയിഡിയൻ സിദ്ധാന്തങ്ങൾ അപ്രസക്തമായിത്തീരുമെന്നും നാൻസി ചോദറോവ് അഭിപ്രായപ്പെടുന്നുണ്ട്. അരികിലേക്ക് മാറ്റിനിർത്തിയവയിൽ ഊന്നിക്കൊണ്ട് ഭാഷാപരമായ വ്യാവഹാരികതയിൽ ഇടപെടുന്നതിലൂടെ ഭാഷയുടെ ഘടനയെ അതിനകത്തുനിന്നുതന്നെ അട്ടിമറിക്കാമെന്ന വാദവും ഇതിന്റെ ഭാഗമായുണ്ടായി. കർതൃപദവികളെത്തന്നെ പുനർനിർവചിച്ചുകൊണ്ടുള്ള ഭാഷാവിപ്ലവമാണത്. സ്ത്രീകൾ പുരുഷന്മാരുടേതിൽനിന്ന് വ്യത്യസ്തമായ ഭാഷയിൽ അനുഭവങ്ങളാവിഷ്കരിക്കണമെന്ന വാദം മുന്നോട്ടുവെയ്ക്കപ്പെടുന്നത് ഇങ്ങനെയാണ്. 'ശരീരത്തിന്റെ എഴുത്ത്' എന്നാണ് ഇതിനെ വിളിക്കുന്നത്. കാര്യങ്ങളെ

## ഭാഷയുടെ ലകാനിയൻ വായന: ഇറിഗറിയും ക്രിസ്തേവയും

'Speculum de L'autre Femme' എന്ന ഗ്രന്ഥത്തിലൂടെ ലകാനിയൻ സിദ്ധാന്തങ്ങളെ വിമർശനവിധേയമാക്കിയ ചിന്തകയാണ് ലൂസ് ഇറിഗറി. പ്രധാനമായും ഭാഷ, സ്ത്രൈണത എന്നീ സങ്കൽപനങ്ങളെ വിമർശനവിധേയമാക്കിക്കൊണ്ട് ബഹുത്വത്തെ ഉൾക്കൊള്ളാനുള്ള ശേഷി ലകാന്റെ സിദ്ധാന്തത്തിനില്ലെന്ന് ഇറിഗറി ചൂണ്ടിക്കാണിക്കുന്നു. സ്ത്രീ/സ്ത്രൈണത എന്നിവയെ പുരുഷൻ/പൗരുഷം എന്നിവയ്ക്ക് നേരെനിർത്തി വിമർശിക്കുന്ന നിലപാടാണ് ഇറിഗറിയുടേത്. ലകാൻ സ്ത്രീകളുടെ അനന്യതയെ നിഷേധിക്കുന്നുവെന്നുവെന്ന വിമർശനം ഇവരുന്നയിച്ചു. 'അബോധം ഭാഷപോലെ ഘടനാവൽക്കരിക്കപ്പെട്ടതാണ്' എന്ന പ്രസ്താവനയെ ആസ്പദമാക്കി ലകാനെ സംബന്ധിച്ച് പുല്ലിംഗത്തിന് അധീശത്വമുള്ള ഒരു ഭാഷ മാത്രമാണ് പരിഗണനാവിഷയമെന്ന് ഇറിഗറി ചൂണ്ടിക്കാണിച്ചു. പിതൃമേധാവിത്വവ്യവസ്ഥയ്ക്കകത്ത് അടിച്ചമർത്തൽ ഇല്ലാത്തിടത്തെല്ലാം സ്ത്രീകളുടെ ഭാഷ കാണാമെന്ന് ഇറിഗറി പറയുന്നു. സ്ത്രീകളുടെ ഭാവനയ്ക്കും ലിംഗത്തിനും ശരീരത്തിനും അനുയോജ്യമായ സ്ത്രൈണഭാഷ ഉണ്ടെന്ന് 1977-ൽ കൗസ് വെന്നുമായി നടത്തിയ അഭിമുഖത്തിൽ ഇറിഗറി വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്.[1] ലകാന്റെ അസാന്നിധ്യം എന്ന സങ്കൽപത്തെ ഇറിഗറി തള്ളിക്കളയുകയും വ്യത്യാസത്തെ അംഗീകരിക്കുകയും ചെയ്യുന്നു. ലൈംഗികാവയവങ്ങളുമായി ബന്ധപ്പെടുത്തിയാണ് ഇറിഗറി ഇത് വ്യക്തമാക്കുന്നത്. പുരുഷലിംഗം ഏകാത്മകവും ഉദ്ഗ്രഥിതവുമാണ്. എന്നാൽ സ്ത്രൈണലൈംഗികത ഭിന്നാത്മകമാണ്. യോനിയാൽ പ്രതീകവൽക്കരിക്കപ്പെടുകയും ദളങ്ങളെപ്പോലെ ഭിന്നമായിരിക്കുകയും ചെയ്യുന്നതാണ് സ്ത്രൈണഭാഷയെന്ന് ഇവർ സിദ്ധാന്തിക്കുന്നു. ഇതിലെ ഭാഷണങ്ങൾക്ക് രണ്ടർത്ഥങ്ങളുണ്ടായിരിക്കുമെന്നും അവ യോനീദളങ്ങളെപ്പോലെ സഹസ്ഥിതങ്ങളായിരിക്കുമെന്നും ഇറിഗറി വ്യക്തമാക്കുന്നു. ആണ

1 'The question of language is closely allied to that of feminine sexuality. For I do not believe that language is universal, or neutral with regard to the difference of the sexes. In the face of language, constructed and maintained by men only, I raise the question of the specificity of a feminine language; of a language that would be adequate for the body, sex and imagination...of the women. A language which presents itself as universal and which is in fact produced by men only, is this not what maintains the alienation and exploitation of women in and by society?' ( Luce Irigaray, 'Women's exile: an interview with Couze Venn', Ideology and Conciousness, Vol. 1, 1977; reprinted in Deborah Cameron (ed.) (1990, p.80)).





ത്തത്തിന് എല്ലാത്തിനേയും നിർണയിക്കാൻ കഴിയുമെന്നുള്ള സങ്കൽപത്തെ നിരാകരിക്കുന്ന ഒരു സൈദ്ധാന്തികപരികൽപനയാണിത്. സ്ത്രീകൾ നിഗൂഢമായ നിശ്ശബ്ദമാക്കലല്ല മറിച്ച് നേരിട്ടുള്ള അടിച്ചമർത്തലാണ് നേരിടുന്നതെന്ന് ഇവർ നിരീക്ഷിക്കുന്നു. മനോരോഗികൾക്കിടയിൽ നടത്തിയ വസ്തുസ്ഥിതിപരമായ പഠനങ്ങളുടെ വെളിച്ചത്തിലാണ് ഇറിഗറി തന്റെ സിദ്ധാന്തങ്ങളവതരിപ്പിച്ചത്. പുരുഷന്മാരുടെ മാനസികപ്രശ്നം ഭാഷയിൽനിന്ന് വ്യക്തമാകുമെന്നും സ്ത്രീകളുടേത് ശാരീരികമായ അസ്വസ്ഥതകളായാണ് വെളിപ്പെടുന്നത് എന്നും ഇവർ നിരീക്ഷിക്കുന്നുണ്ട്. നിത്യജീവിതത്തിലെ സംഭവങ്ങളുമായി ബന്ധിപ്പിക്കാനാവില്ലെങ്കിൽ ലകാനിയൻ സിദ്ധാന്തങ്ങൾ ജഡിലോക്തികളായിത്തീരുമെന്നാണ് ഇറിഗറിയുടെ പക്ഷം. പറയുകയോ എഴുതുകയോ ചെയ്യുന്ന സന്ദർഭത്തിൽ സ്ത്രീകൾ കർതൃപദവിയിലേക്ക് വരുന്നില്ലെന്ന് ഇവർ നിരീക്ഷിക്കുന്നു. ഫ്രഞ്ച് ഭാഷയുടെ സവിശേഷതകൾ പൗരുഷത്തിന്റെ സ്വഭാവമുള്ളവയാണെന്ന് പറയുന്ന ഇറിഗറി ഭാഷണത്തിലുള്ള വ്യത്യാസത്തിനുകാരണം ഭാഷയാണോ സമൂഹമാണോ എന്ന് അന്വേഷിച്ചു. ഭാഷ-സമൂഹം എന്ന വേർതിരിവുപേക്ഷിച്ച് വിവിധ തലമുറകൾ തമ്മിലുള്ള സംഭാഷണമായി ഭാഷയെ കാണണമെന്ന് ഇവർ വാദിച്ചു.[1] ചില സന്ദർഭങ്ങളിൽ ഭാഷയിൽനിന്ന് ഇറങ്ങിപ്പോയും ചിലപ്പോൾ മടങ്ങി വന്ന് തന്നെത്തന്നെ പ്രതിഷ്ഠിച്ചും ഒരുതരം പ്രവാസത്തിന്റെയോ പരദേശിയുടേയോ പദവിയാണ് ആണധികാരവ്യവസ്ഥയ്ക്കകത്ത് സ്ത്രീകൾ കൈക്കൊള്ളുന്നതെന്നാണ് ഇറിഗറി പ്രസ്താവിക്കുന്നത്. ഈ നിരീക്ഷണം ക്രിസ്തേവയെ മനസ്സിലാക്കുന്നതിന് സഹായിക്കുന്നതാണ്.

ക്രിസ്തേവ സ്വയം വിശേഷിപ്പിക്കുന്നത് പരദേശിയെന്നാണ്. ബൾഗേറിയയിൽ ജനിച്ച് ഫ്രാൻസിൽ ജീവിക്കുകയും ഫ്രഞ്ചുഭാഷയിൽ എഴുതുകയും ചെയ്യുന്ന ചിന്തകയാണ് ക്രിസ്തേവ. 'അപരത്തിലിരിക്കുന്ന അവസ്ഥ' എന്നാണ് ഇവർ സ്ത്രൈണതയെ നിർവചിക്കുന്നത്. പ്രതീകക്രമത്തോട് അപൂർണമായി മാത്രം ചേരാനാവുന്ന അവസ്ഥ. ലകാനിയൻ മനശ്ശാസ്ത്രത്തെ സംബന്ധിച്ച് ഇറിഗറിയുടേതുപോലെയുള്ള വിമർശനാത്മകമായ ഒരു സമീപനമല്ല ക്രിസ്തേവയുടേത്. അത് കുറേക്കൂടി മൃദുവാണ്. സ്ത്രീ, സ്ത്രൈണകർതൃത്വം എന്നിവയെ ലകാനും ഇറിഗറിയും സൂചിപ്പിക്കുന്നതിനേക്കാൾ സൂക്ഷ്മമായി ക്രിസ്തേവ അവതരിപ്പിക്കുന്നു. സാമൂഹ്യശാസ്ത്രപരമായ നിരീക്ഷണത്തിലൂന്നുന്ന

1 'I think we should reject this seperation.' She points out that language itself is an effect of generations of social interactions, rather than being a pure system in the mind, outside history' (Cameron, 1985: 172).

ക്രിസ്തേവ ലകാനും ഇറിഗറിയും ലിംഗത്തെത്തന്നെയാണ്, വദ
വിയെയല്ല പരാമർശവിഷയമാക്കുന്നതെന്ന് വിലയിരുത്തുന്നു.
പ്രതീകക്രമത്തിലേക്ക് കടക്കുന്ന കുട്ടി അമ്മയുമായുണ്ടാക്കുന്ന
വിവിധതരം സാമൂഹ്യബന്ധങ്ങളാണ് നിർണായകമെന്നാണ് ക്രി
സ്തേവയുടെ നിരീക്ഷണം. സ്ത്രൈണകർതൃത്വം പ്രതീകക്രമത്തി
നുപുറത്തല്ല എന്നും ഈഡിപ്പൽ ഘട്ടത്തിനുമുമ്പുള്ള അമ്മ എന്ന
കർതൃത്വവുമായി കുട്ടിക്ക് കൂടുതൽ ബന്ധമുണ്ടെന്നും നിരീക്ഷി
ക്കുന്ന ക്രിസ്തേവ അതിന് വേറിട്ട ഒരു മാതൃക തന്നെ മുന്നോട്ടു
വെക്കുന്നു. Chora എന്ന ക്രിസ്തേവയുടെ പ്രധാന സങ്കൽപം
വരുന്നതിവിടെയാണ്.[1] ആനൽ-ഓറൽ ഘട്ടത്തിലെ ചോദനകൾ
Chorayil ശേഖരിക്കപ്പെടുന്നു. പ്രതീകക്രമത്തിലേക്ക് കുട്ടി
കടക്കുമ്പോൾ Chora യിലെ ചോദനകൾ ദമിതമാക്കപ്പെടുന്നു.
പ്രതീകക്രമത്തിന് തടയിടുന്ന പലതരം സന്ദർഭങ്ങളായി അത്
ഭാഷയിൽത്തന്നെ നിക്ഷേപിക്കപ്പെടുന്നു. പെൺകുട്ടികളെ സംബ
ന്ധിച്ച് ചോദനകൾ കൂടുതൽ നിലനിർത്താൻ കഴിയുമെന്നും
അതവരുടെ ഭാഷയിൽ കാണാമെന്നും ക്രിസ്തേവ പറയുന്നുണ്ട്.
Chorayile ചോദനകളാണ് സർഗ്ഗാത്മകസൃഷ്ടികളായിത്തീരു
ന്നത്. 'സ്ത്രീകൾക്ക് രൂപപരമായി ക്രിയാത്മകമായ രചനകൾ
നിർവ്വഹിക്കാനാവുമെന്നും സാമൂഹ്യക്രമത്തെ അട്ടിമറിക്കാനുള്ള
ശേഷിയുള്ളതാണ് സ്ത്രീകളുടെ ഭാഷ 'എന്നും 'റെവല്യൂഷൻ
ഇൻ പോയറ്റിക് ലാംഗ്വേജ്' എന്ന ഗ്രന്ഥത്തിനകത്ത് ആധുനിക
ഫ്രഞ്ച് കവിതയെ മുൻനിർത്തി ക്രിസ്തേവ പറയുന്നു. 'വുമൺസ്
ടൈം' എന്ന തന്റെ പുസ്തകത്തിൽ ഫെമിനിസ്റ്റ് മുന്നേറ്റങ്ങൾ
എങ്ങിനെയാണ് പ്രതീകക്രമവുമായി ബന്ധപ്പെടുന്നതെന്ന് പറ
യുന്നുണ്ട്. പ്രതീകക്രമത്തോട് ഉദ്ഗ്രഥിതമാവാൻ ആവശ്യപ്പെടുന്ന
ലിബറൽ ഫെമിനിസത്തിന്റേതാണ് അതിൽ ഒന്നാമത്തെ ഘട്ടം.
തങ്ങൾക്ക് അരികുവൽക്കരിക്കപ്പെട്ട പദവി മതി എന്നു പറഞ്ഞ്
പ്രതീകക്രമത്തെ തള്ളിക്കളയുന്ന സമൂലസ്ത്രീവാദ നിലപാടിന്റേ
താണ് രണ്ടാംഘട്ടം. ആൺ/പെൺ എന്ന ദ്വന്ദ്വത്തെത്തന്നെ നിരാ
കരിക്കുന്നതാണ് മൂന്നാമത്തെ ഘട്ടം. മൂന്നാം ഘട്ടത്തിലാണ്
ക്രിസ്തേവ വിമോചനപരത കാണുന്നത്.

---

1 സംഭരണി എന്നാണ് ഈ വാക്കിന്റെ അർഥം. 0-6 മാസം വരെയുള്ള കുട്ടി
യുടെ വളർച്ചയിലെ മാനസികവികാസത്തിന്റെ ആദ്യഘട്ടമാണിത്. ആവ
ശ്യങ്ങളും അനുഭൂതികളും ഇവിടെ കൂടിക്കുഴയുന്നു. സ്വം/പരം എന്ന ദ്വന്ദ്വം
ഈ ഘട്ടത്തിൽ നിലനിൽക്കുന്നില്ല. അസ്തിത്വത്തിന്റെ ഭൗതികതയുമായി
ഏറ്റവുമധികം ചേർന്നുനിൽക്കുന്ന ഘട്ടമാണിത്. ലകാന്റെ 'റിയൽ' ഇതിന്
സമാനമാണ്. ഈ ഘട്ടത്തിൽ ചോദനകളാണ് ശിശുവിനുമേൽ മേൽക്കോ
യ്മ പുലർത്തുന്നത്.



## സ്ത്രീവാദവും ഉത്തരാധുനികതയും

സ്ത്രീവാദവും ഉത്തരാധുനികതയും ഒന്നല്ലെങ്കിലും ചരി
ചിഹ്നവിജ്ഞാനീയവും ഉത്തരാധുനികതയും ഒന്നല്ലെങ്കിലും ചരി
ത്രപരവും പ്രമേയപരവുമായ ഒരു തുടർച്ച അവയ്ക്കിടയിൽ നില
നിൽക്കുന്നുണ്ട്. മനുഷ്യകേന്ദ്രിതവാദത്തെ ഇവ രണ്ടും വിമർശ
വിധേയമാക്കുന്നുണ്ട്. ഇവ രണ്ടിന്റേയും ഭാഷാസങ്കൽപം സമാന
മാണ്. ചിഹ്നവിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ ക്രിസ്തേവയും
ഇറിഗറിയും പരിഗണിച്ച അരികുനില എന്ന ആശയത്തെ ഉത്ത
രാധുനിക സ്ത്രീവാദികളും പ്രാധാന്യത്തോടെ സ്വീകരിച്ചിട്ടുണ്ട്.
സിദ്ധാന്തവൽക്കരണത്തോടും സാർവലൗകികതയോടും ഉത്ത
രാധുനികർ അകലം സൂക്ഷിക്കുന്നു. സാർവലൗകികമായ ആഖ്യാ
നങ്ങളോട് ഫെമിനിസവും വിമർശനാത്മകസമീപനമാണ് സ്വീക
രിക്കുന്നത്. സാർവലൗകിക യുക്തിയിൽ നിർമിക്കപ്പെടുന്ന ആഖ്യാ
നങ്ങളെ സമഗ്ര കഥനങ്ങൾ (Totalizing fiction) എന്നാണ് ഉത്ത
രാധുനികർ വിളിക്കുന്നത്. അതിന്റെ സമഗ്രത നിലനിൽക്കുന്നത്
പലതിനേയും തള്ളിക്കളഞ്ഞുകൊണ്ടാണ്. 1980കൾ മുതൽ
സ്ത്രീകൾ പുറംതള്ളലിനെതിരെ പ്രതിഷേധങ്ങൾ രൂപപ്പെടുത്തി
യിട്ടുണ്ടെങ്കിലും സാർവലൗകിക യുക്തിയിൽ കാര്യങ്ങളെ കണ്ടത്
അവയുടെ രാഷ്ട്രീയ യുക്തിയെത്തന്നെ ദുർബ്ബലമാക്കി. ചരിത്ര
നിരപേക്ഷവും സംസ്കാരനിരപേക്ഷവുമായ ലിംഗപദവിയുടെ
നിർമ്മിതിയെക്കുറിച്ച് പറഞ്ഞ മനോവിശ്ലേഷണത്തിന്റെ പദ്ധ
തിയോട് പലതരത്തിൽ ഉത്തരാധുനികതാവാദികൾ വിയോജി
ക്കുന്നു.

ആധികാരികമായ സ്ത്രീഭാഷയ്ക്കുവേണ്ടിയുള്ള അന്വേഷണം
നിഷ്ഫലമാണെന്ന് ചൂണ്ടിക്കാണിച്ചുവെന്നതാണ് സ്ത്രീവാദപര
മായ ഭാഷാസിദ്ധാന്തങ്ങൾക്കകത്ത് ഉത്തരാധുനികത സൃഷ്ടിച്ച
വിച്ഛേദം. അമേരിക്കൻ ശാസ്ത്രജ്ഞയും ദാർശനികയുമായ
ഡോണ ഹാരവേ അതിൽ പ്രധാന സംഭാവന നൽകിയയാളാണ്.
1980കളിൽ സൈബോർഗുകളെക്കുറിച്ച് അവരെഴുതിയ 'എ മാനി
ഫെസ്റ്റോ ഫോർ സൈബോർഗ്'[1] എന്ന പ്രബന്ധത്തിൽ, ഭാഷയി
ലേക്ക് അനുഭവങ്ങളെ സംക്രമിപ്പിക്കാനുള്ള ശ്രമങ്ങൾക്കുപിന്നിൽ

---

1 ഹാരവേയുടെ 'സൈബോർഗ്' സങ്കൽപ്പത്തിൽ ജ്ഞാനപദ്ധതികളെ
വേർതിരിക്കുന്ന ഒരു സുഷിരസ്തരത്തിന്റെ സൂചനയുണ്ട്. സാമൂഹ്യശാ
സ്ത്രവും പ്രകൃതിശാസ്ത്രവും വെള്ളം കടക്കാത്ത അറകളല്ലെന്നും പ്രകൃ
തിശാസ്ത്രംപോലും സാന്ദർഭികമാണെന്നും ഹാരവേ പറയുന്നു. അതായത്
പ്രകൃതിശാസ്ത്രത്തിന്റെ നിഗമനങ്ങളെ അവ രൂപപ്പെടുന്ന ചരിത്രസന്ദർഭ
ത്തിൽനിന്ന് വേർപെടുത്തിക്കാണാനാവില്ലെന്ന് ചുരുക്കം. അതായത്
സൈബോർഗ് എന്നത് സാങ്കേതികവിദ്യയുടെ ഒരു സങ്കൽപ്പം മാത്രമല്ല.
അത് ആഖ്യാനാത്മകം കൂടിയാണ്. ശാസ്ത്രനോവലുകളിലെ റോബോട്ടിക്
ഭാവന മനുഷ്യർക്ക് സവിശേഷമായ ഒരു ദൃഷ്ടി നൽകിയിട്ടുണ്ട്. ആ ദൃഷ്ടി
യിലൂടെയുള്ള കാഴ്ചയാണ് സൈബോർഗ് (Lechte, 2008: 334).

പ്രവർത്തിക്കുന്ന 'സമഗ്രാധിപത്യമുള്ള അനുഭവം' എന്ന സങ്കൽപത്തെ വിമർശിക്കുന്നുണ്ട്. സ്ത്രീഭാഷയെ സംബന്ധിക്കുന്ന വിവിധ അന്വേഷണങ്ങളിൽ-ആഡ്രിയൻ റിച്ചിന്റെ 'ഡ്രീം ഓഫ് എ കോമൺ ലാംഗ്വേജ്', സ്പെൻററിന്റെ 'സ്ത്രീകൾക്കുവേണ്ടിയുള്ള പൊതുഭാഷ', സുസെറ്റെ ഹേഡൻ എൽജിൻ തന്റെ നോവലിൽ പറയുന്ന 'ലാഡൻ', ലകാനിയൻ സ്ത്രീവാദികൾ ശരീരവുമായി ബന്ധിപ്പിച്ച് അവതരിപ്പിക്കുന്ന 'സ്ത്രൈണഭാഷ' - എന്നിവയിലെല്ലാം സാർവലൗകികവത്കരണത്തിന്റെ തത്വം പ്രവർത്തിക്കുന്നതായി ഉത്തരാധുനികതാവാദം വിമർശനമുന്നയിച്ചു. ലിംഗഭേദത്തിലെ അസ്ഥിരതയേയും വൈവിധ്യത്തേയും നിരാകരിക്കുന്നവയാണ് അവയെല്ലാമെന്നും സ്ത്രീകളുടേതെന്ന് പറയാവുന്ന അനുഭവങ്ങളെ നിരാകരിക്കുന്നതിലേക്കോ തങ്ങളുടെ പരിമിതമായ അറിവിലേക്ക് ചുരുക്കുന്നതിലേക്കോ അവ വഴിവെക്കുന്നുവെന്നും ഹാരവേ ചൂണ്ടിക്കാണിക്കുന്നുണ്ട്. പൊതുഭാഷയെക്കുറിച്ചുള്ള സങ്കൽപത്തിൽ ഒരുതരം ഗൃഹാതുരത്വം പ്രവർത്തിക്കുന്നുണ്ടെന്ന് അവർ കൂട്ടിച്ചേർക്കുന്നു.

ബയോടെക്നോളജിയിലും ഇൻഫർമേഷൻ ടെക്നോളജിയിലും വന്ന മാറ്റങ്ങൾ സ്ത്രീകളുടെ ലിംഗഭേദത്തിൽ അടിസ്ഥാനപരമായ ചില മാറ്റങ്ങൾക്ക് വഴിവെച്ചിട്ടുണ്ട്. സ്ത്രീകളുടെ ജീവിതയാഥാർഥ്യത്തിന്റെ ഭാഗമായി ഇത് മാറുന്നതോടെ പഴയ ദ്വന്ദ്വവൈരുധ്യങ്ങൾ അപ്രസക്തമാകുന്നുണ്ട്. അതിനാൽ യന്ത്രത്തിനുസമാനമായി അഴിച്ചെടുക്കപ്പെടുകയും കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യുന്ന ഉത്തരാധുനികമായ സംഘ-വ്യക്തി സ്വത്വങ്ങളെക്കുറിച്ചുള്ള ഹാരവേയുടെ സൈബോർഗ് എന്ന സങ്കൽപം സ്വത്വത്തെക്കുറിച്ചുള്ള സമകാലികസ്ത്രീവാദചർച്ചകളിൽ പ്രധാനമാണ്. യന്ത്രത്തിന്റെ വരവോടെ വ്യക്തികൾ സംഘസ്വത്വത്തിന്റെ ഭാഗമാവുന്നു. സാർവലൗകികമായ ഭാഷയ്ക്കുപകരം ഹാരവേ മുന്നോട്ടുവെയ്ക്കുന്നത് ഭിന്നഭാഷകത്വം (Poly Vocality) എന്ന സങ്കൽപമാണ്. ഒന്നിനും കേന്ദ്രപദവിയില്ലാത്ത, അരികുനിലകൾ മാത്രമുള്ള ക്രമമായി ഭാഷ മാറുന്നു. അർത്ഥത്തിന്റെ ബഹുത്വത്തെപ്പറ്റി സമൂലസ്ത്രീവാദികൾ പറഞ്ഞിട്ടുണ്ട്. എന്നാൽ ഭാഷയുടെ ബഹുത്വത്തെപ്പറ്റി, അതിന്റെ ബഹുശാബ്ദികതയെപ്പറ്റിയാണ് ഉത്തരാധുനികർ സംസാരിക്കുന്നത്. ആൺ/പെൺ കർതൃപദവിയെ തകർക്കേണ്ടതുണ്ടെന്ന ക്രിസ്തേവയുടെ ആശയത്തെ മുന്നോട്ടുകൊണ്ടുപോയി സ്ത്രൈണമെന്ന സങ്കൽപംതന്നെ മിത്താണെന്നാണ് ഉത്തരാധുനികർ പറയുന്നത്. 'അതിജീവനത്തിനുള്ള ശേഷിയെപ്പറ്റിയുള്ള എഴുത്താണ്' സൈബോർഗിന്റെ ഭാഷ. തങ്ങളെ അപരവത്കരിച്ച ഉപാധികളെ പിടിച്ചെടുത്ത് ലോകത്തെ





പുനർനിർവചിക്കലാണ് ഇവിടെ അതിജീവനം.[1] ലഭ്യമായതിനെ ലക്ഷ്യത്തിനുവേണ്ടി ഉപയോഗിക്കുന്ന 'പാല് തരുന്ന കൈക്ക് കൊത്തുക' എന്ന സമീപനമാണിത്. ഭാഷയെ ഉപേക്ഷിക്കുകയോ കാൽപനികമായ ഭാഷയ്ക്കുവേണ്ടി ആഗ്രഹിക്കുകയോ അല്ല പ്രതിരോധസ്വത്വം നിർമ്മിച്ചെടുക്കുകയാണ് വേണ്ടത് എന്നാണ് ഉത്തരാധുനികതാവാദികളുടെ നിലപാട്.

ഉത്തരാധുനികതയുടേയും ചിഹ്നവിജ്ഞാനീയത്തിന്റേയും ഘട്ടത്തിൽ, ഇത്തരത്തിൽ ഭാഷ, ശരീരം, ചരിത്രം എന്നിവയെപ്പറ്റി മൗലികമായ പല ചോദ്യങ്ങളും ഉന്നയിക്കപ്പെട്ടു. സ്ത്രീകളുടെ ശരീരവും ഭാഷയും തമ്മിൽ ബന്ധിപ്പിക്കുന്ന ചിന്തകളെ ധനാത്മകമായി കണ്ടവരും അതിനോട് വിയോജിച്ചവരുമെല്ലാം ഇതിന്റെ ഭാഗമായുണ്ടായി. ശരീരത്തിനകത്ത് സ്ത്രീകളെ തളച്ചിടുന്നത് സാമൂഹ്യമായ ഇടനിലകളാണ്. സാമൂഹികവും ചരിത്രപരവുമായ സന്ദർഭങ്ങളെ വിമർശനാത്മകമായി കണ്ടുകൊണ്ടാണ് ഈ പരിമിതിയെ നേരിടേണ്ടത്. ഇറിഗറിയുടേത് ജീവശാസ്ത്രത്തിലൂന്നുന്നതും ചരിത്രനിരപേക്ഷവുമായ വാദമാണ്. ക്രിസ്തേവയുടേത് ജീവശാസ്ത്രത്തെ നിരാകരിക്കുന്നുണ്ടെങ്കിലും ചരിത്രപരമല്ല. മനോവിശകലനസിദ്ധാന്തങ്ങൾ ലിംഗഭേദത്തെ നിർമ്മിക്കുന്ന കുടുംബബാഹ്യമായ വിദ്യാഭ്യാസപ്രവർത്തനങ്ങൾ, ബഹുജനമാധ്യമങ്ങൾ, സമപ്രായക്കാരുടെ കൂട്ടം എന്നിവയെയൊന്നും അത് പരിഗണിക്കുന്നില്ല എന്ന് ഉത്തരാധുനികർ നിരീക്ഷിക്കുന്നു. ലകാനിയൻ തിയറിക്ക് ഒരുതരം വർത്തുളാത്മകതയുണ്ടെന്ന് ഉത്തരാധുനികർ നിരീക്ഷിക്കുന്നുണ്ട്. പ്രതീക ക്രമത്തിനകത്ത് സ്ത്രൈണകർതൃത്വത്തിന് അരികുനിലയാണെന്ന് പറയുന്നു. ഇതിൽ കർതൃത്വമാണോ നിലയാണോ ആദ്യമുണ്ടായതെന്ന ചോദ്യത്തെ ലകാൻ അഭിമുഖീകരിക്കുന്നുമില്ല. വിമർശനാത്മകമായ പലതരം ചോദ്യങ്ങളുന്നയിക്കാൻ ലകാന് കഴിയുന്നുണ്ടെങ്കിലും അതിന്റെ നിഗമനങ്ങൾ പലതും ജഡിലോക്തികളിലാണ് ചെന്നെത്തുന്നത് എന്ന വിമർശനമുന്നയിക്കപ്പെട്ടു.

'യഥാർഥത്തിൽ സ്ത്രീകൾ എന്നൊന്നുണ്ടോ?' എന്ന, രണ്ടാം തരംഗസിദ്ധാന്തത്തിന്റെ തുടക്കത്തോളം പഴക്കമുള്ള ഒരു ചോദ്യം ഉത്തരാധുനികർ ഉന്നയിക്കുന്നുണ്ട്. സ്ത്രീയെന്ന സംവർഗമില്ലെന്നും ലിംഗഭേദമെന്നത് വർണ്ണരാജിയാണെന്നും വന്നാൽ സ്ത്രീവാദംതന്നെ അപ്രസക്തമാകും. സ്ത്രീകൾക്കിടയിലെ ബഹുസ്വ

---

1 ചെറി മൊറാഗ എന്ന ചെക്കാനോ ഫെമിനിസ്റ്റിനെ ഹാരവേ ഉദ്ധരിക്കുന്നുണ്ട്. ഇംഗ്ലീഷ്, സ്പാനിഷ് ഭാഷകളുടെ മിശ്രണത്തിലൂടെ ഇവർ പ്രതിരോധസ്വത്വം നിർമ്മിക്കുന്നുണ്ട്.

രതയേയും വൈജാത്യത്തേയും ആഘോഷിക്കുന്ന ഉത്തരാധുനിക പ്രവണത യാഥാർഥ്യവുമായി ബന്ധം നഷ്ടമായതാണ്. ലിംഗഭേദപരമായ ആഖ്യാനങ്ങൾക്ക് ആഴത്തിലുള്ള ചരിത്രബന്ധങ്ങളുണ്ടെന്നാണ് ഡോണ ഹാരവേ നിരീക്ഷിക്കുന്നത്. എല്ലാ സമൂഹങ്ങളും സ്ത്രീകളെ പുരുഷന്മാരിൽനിന്ന് വേർതിരിക്കുന്നുണ്ട്. വിഭജനത്തിന്റെ ഉള്ളടക്കവും അസമത്വവും കാലത്തിനും സ്ഥലത്തിനുമനുസരിച്ച് മാറുന്നതാണ്. വേട്ട ഉപജീവനമാർഗമായിട്ടുള്ള സമൂഹത്തിലെ സ്ത്രീയും ആധുനികമായ സാങ്കേതികമേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീയും വ്യത്യസ്ത കർതൃത്വങ്ങളുള്ളവരാണ്. ഇത്തരം വ്യത്യസ്തതകളുണ്ടെന്നു കരുതി ആ സംവർഗം തന്നെ ഉപേക്ഷിക്കുന്നത് യുക്തിയല്ല. അത് എല്ലാ സിദ്ധാന്തവൽക്കരണത്തേയും എതിർക്കുന്നതിന് തുല്യമാണ്. അമൂർത്തതയിലേക്ക് പോവാതെ സിദ്ധാന്തവൽക്കരണം സാധ്യമല്ല.

ഉത്തരാധുനികരായ സ്ത്രീവാദഭാഷാശാസ്ത്രജ്ഞർ സാർവലൗകികഭാഷയെ എതിർക്കുന്നവരാണ്. സ്ത്രീകളുടെ അനുഭവലോകം വ്യത്യസ്തമാണെന്നതാണ് അതിന്റെ കാരണമായി അവർ ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ ഇവിടെ ഏകഭാഷയെന്ന പ്രയോഗത്തെ പ്രതീകാത്മകമായി ഉപയോഗിക്കുന്നതാണെന്നാണ് ദെബോറ കാമറോൺ പറയുന്നത്. ബഹുഭാഷയ്ക്ക് എതിരായ ഒരു സങ്കൽപമല്ല അതെന്നും ബഹുഭാഷയ്ക്കകത്ത് വിനിമയം സാധ്യമാവണമെന്ന ആഗ്രഹമാണതിനുപിന്നിൽ പ്രവർത്തിക്കുന്നതെന്നും ഇവർ കൂട്ടിച്ചേർക്കുന്നു.

### ഉപസംഹാരം

ഭാഷയുടെ പ്രയോഗം സാമൂഹികമാണ്. ഭാഷയിലേക്ക് കടന്നുവരാത്ത എല്ലാ അനുഭവങ്ങളും സ്വകാര്യമണ്ഡലത്തിൽ ഒതുങ്ങിനിൽക്കും. പലതരം അധികാരശക്തികൾ പ്രവർത്തിക്കുന്നുവെന്നതിനാൽ ഭാഷ അതിന് പരിപൂർണ്ണമായി പര്യാപ്തമായിക്കൊള്ളണമെന്നില്ല. പക്ഷേ ഭാഷയെ ഉപയോഗിച്ചുകൊണ്ടല്ലാതെ മറ്റൊരുതരം യാഥാർഥ്യത്തെ നിർമ്മിക്കാനാവില്ല. ആത്മപ്രതിഫലനാത്മകതയാണ് ഉത്തരാധുനിക ഫെമിനിസത്തിന്റെ പ്രധാന സവിശേഷത. പക്ഷേ പലപ്പോഴും അതിരുകവിഞ്ഞ തരത്തിൽ അത് സ്വകാര്യതയിൽ ഊന്നുന്നുണ്ട് എന്ന വിമർശനം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അവ്യവസ്ഥിതിയെ നിലനിർത്തുന്നതാണ് ഉത്തരാധുനികതാവാദത്തിന്റെ സവിശേഷത. പക്ഷേ ഏതെങ്കിലും തരത്തിൽ വ്യവസ്ഥിതമാക്കാതെ സിദ്ധാന്തവത്കരണം സാധ്യമല്ല. ഉത്തരാധുനികത സിദ്ധാന്തവത്കരണത്തെ എതിർക്കുന്നുവെന്ന് പറയുന്നതിനാലാണ്. ഭാഷയെ അതിന്റെ സാമൂഹ്യസന്ദർഭത്തിൽവെച്ച് പഠിക്കുന്നത് പ്രധാനമാണെന്നും വിനിമയത്തിൽ ശ്രദ്ധയൂന്നിക്കൊണ്ടു മാത്രമേ സ്ത്രീവാദഭാഷാശാസ്ത്രത്തിന് ഫലപ്രദമായ ഇടപെടൽ സാധ്യമാകൂ.





### ഗ്രന്ഥസൂചി


1. ജയകൃഷ്ണൻ, എൻ. (എഡി.) 2002 *പെണ്ണെഴുത്ത്*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ദേവിക, ജെ. 2000 *സ്ത്രീവാദം*, (ജന.എഡി. വി.സി ഹാരിസ്, ഉണ്ണികൃഷ്ണൻ ബി.), ഡി സി ബുക്സ്, കോട്ടയം.
3. ബുവാ, സിമോൺ ദി 2017 *സെക്കൻഡ് സെക്സ്*, (വിവ. ജോളി വർഗീസ്, പി. അനിൽകുമാർ) ഡി സി ബുക്സ്, കോട്ടയം.
4. സംഗീത, എം.കെ, പ്രജിഷ എ.കെ & പ്രൊഫ. എം ശ്രീനാഥൻ (2017) *ഫെമിനിസ്റ്റ് നിഘണ്ടു*, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല, തിരൂർ.
5. Cameron, Deborah. 1992 *Feminism and Linguistic Theory*, The Macmillan Press Ltd., London.
6. Cameron, Deborah (ed.) 1990 *The Feminist critique of language: a reader*, Routledge.
7. Elgin, Suzette Harden 1985 *Native Tongue*, Women's Press.
8. Friedan, Betty 1963 *The Feminine Mystique*, Gollancz.
9. Lakoff, Robin. 1975 *Language and Woman's Place*, Harper and Row.
10. Lechte, John. 2008 *Fifty Key Contemporary Thinkers: From Structuralism to Post-humanism*, Routledge, NewYork.
11. Miller, Casey and Kate Swift 1976 *Words and Women: New Language in New Times*, Penguin.
12. Orwell, George 1961 *Politics and the English Language*, Collected Essays, Secker and Warburg.
13. Volosinov, V.L. 1973 *Marxism and the philosophy of language*, Seminar Press.
14. Williams, Raymond. 1976 *Keywords*, Fontana.